



ദൈവത്തിന്റെ സ്ലേറ്റിലെ വികൃതാക്ഷരങ്ങൾ

ഫാ. വർഗീസ് സാമൂവൽ

malalankaralibrary.com





ദൈവത്തിന്റെ സ്ലേറ്റിലെ വികൃതാക്ഷരങ്ങൾ

ഫാ. വർഗീസ് സാമുവൽ



Daivathinte Slatile Vikruthaksharangal
(Malayalam)

By
Fr. Varghese Samuel

Published by
Ave Maria Communications
Paranthal P.O.
Pandalam. Ph: 9447520863

Price : ₹ 30/-

Cover & Layout:
Jobin Enose

അവതാരിക



ഒരു തീർത്ഥകന്റെ സ്വപ്നാടനം

പീറ്റർ സി. ഏബ്രഹാം

കൈക്കുമ്പിളിൽ ചുവന്ന ഗുൽമോഹർ പൂക്കളുമായി ആ തൂവെള്ള കുപ്പായക്കാരൻ നാട്ടുവഴികളിലേക്കിറങ്ങിച്ചെന്നു. ധ്യാനപ്പുരയിൽ നിന്നാർജ്ജിച്ച മനനബലം ആ പുരോഹിതന്റെ പദസഞ്ചലനത്തെ ആവേഗപൂർണ്ണമാക്കി. ജനം ആരാഞ്ഞു, ***ഈ പൂക്കൾക്കു എത്രയാണു വില ?*** പുരോഹിതൻ പ്രത്യുത്തരിച്ചു. ***വില മതിക്കാനാവാത്തത്ര അമൂല്യമാണ്. അതായത്, ഇതു കാൽവരിയിലെ കൽപപാദപത്തിൽ നിന്നും ഇറുന്നു വീണ ചോരപ്പൂക്കളാണ് ഇത്. നിങ്ങൾക്കായി പങ്കുവയ്ക്കപ്പെടുന്ന സൗജന്യ സ്നേഹസമ്മാനം.*** സ്വന്തം ഉൺമയെ രക്ഷാകര വഴിയിലൂടെ തെളിച്ച് അക്ഷരപ്പൂക്കളുമായി ആദരണീയനായ വർഗീസ് സാമൂവേലച്ചൻ വീണ്ടും ഈ വഴികളിലേക്കിറങ്ങിവരുന്നത് ഈ ആദർശത്തിന്റെ അകമ്പടിയോടെയാണ്. കുറച്ചുനാൾ മുമ്പ്, ***നാട്ടിൽ കേട്ട ചിരി*** എന്ന ആദ്യ കൃതിയുമായി ഒരു വിദൂഷകന്റെ ലാസ്യത്തോടെ ഗ്രന്ഥലോകത്തേക്കു വന്ന ഫാ. വർഗീസ് സാമുവൽ, രണ്ടാം പുസ്തകമായ ***ദൈവത്തിന്റെ സ്ലേറ്റിലെ വികൃതാക്ഷരങ്ങളുമായി*** എത്തുന്നത് ഗൗരവചിത്തനായിത്തന്നെയാണ്.

ക്രിസ്തോക്തികളാൽ പവിത്രീകൃതമായ ഒരാത്മാവ് സ്വയം നുകർന്ന ദിവ്യാനുഭവങ്ങളെ സഹജർക്കുകൂടി പകർന്നു കൊടുക്കുവാനുള്ള ഉത്സാഹം ഈ കൃതിയെ സാർത്ഥമാക്കുന്നു. അധർമ്മത്തിന്റെ കരിഞ്ചിറകിലേറി പടിഞ്ഞാറുനിന്നും പാഞ്ഞെത്തുന്ന മാറ്റത്തിന്റെ കൊടുങ്കാറ്റിൽ കഴലിടറുന്നവർക്ക് ബലം പകരുന്ന സാരോപദേശങ്ങളാൽ സമൃദ്ധമാണീ ചെറുകൃതി. ധർമ്മത്തിന്റെ വീശുമുറവുമായി പതിരുപാറ്റി ദൂരെയെറിയാനുള്ള ഈ പുറപ്പാട് എത്ര ധീരോദാത്തം, പ്രവാചകാത്മകം. ദൈവത്തിന്റെ അനന്തവും അനന്യവുമായ കാരുണ്യം ഋജുവും സുതാര്യവും സരളവുമായ ഭാഷയിലൂടെ പ്രകാശിപ്പിക്കുന്ന ഈ പുസ്തകം തികച്ചും പാരയണക്ഷമം തന്നെ. രചനാ സാരല്യത്തിനുള്ള ചില ഉദാഹരണങ്ങൾ ഇതാ.

തള്ളിപ്പറയുന്നവനെ തള്ളിക്കളയാത്ത സ്നേഹമാണു ക്രിസ്തു.

പശ്ചാത്താപത്തിന്റെ നറുദീൻ തൈലം ഏറ്റുവാങ്ങുന്ന കാരുണ്യമാണവൻ.

malalankaralibrary.com

കൊതിക്കുന്നതിനെ ത്യജിക്കാനും വിധിക്കുന്നതിനെ നെഞ്ചോടു ചേർക്കാനുള്ളതുമാണ് കുഞ്ഞേ നിന്റെ ദൈവവിളി. കൊതിച്ച മീൻ വലയിൽ പിടിച്ചോട്ടെ, നിന്റെ ഹൃദയത്തിൽ തിരുവചനം കിടന്നു പിടയ്ക്കണം.

നന്മയുടെ മഷി തുളുമ്പുന്ന ചഷകത്തിൽ സ്വാനുഭവങ്ങളുടെ തൂവൽ മുന ആഴ്ത്തി അനുവാചകഹൃദയങ്ങളിൽ എഴുതുന്ന ഫാ. വർഗീസ് സാമുവൽ പുസ്തകത്തിന്റെ ആദ്യ ഭാഗത്തുതന്നെ സ്വന്തം നിലപാട് ഇങ്ങനെ വ്യക്തമാക്കുന്നു. 'ആത്മാവിന്റെ ഭക്ഷണമാണു ദൈവവചനം. ലോകം മുഴുവൻ നേടിയാലും അത്മാവു നഷ്ടമായാൽ എന്തു പ്രയോജനം. നന്മ നിറഞ്ഞ മനസ്സും ദൈവം നല്കുന്ന നിക്ഷേപവും നമ്മുടെ സൽപ്രവർത്തികൾക്ക് ഊർജ്ജം പകരട്ടെ'.

ശൂന്യഹസ്തനായ ഒരു സഞ്ചാരിയുടെ മോക്ഷയാത്രാനുഭവം ആയി ഞാനികൃതിയെ വിലയിരുത്തുന്നു. വടിയോ, അപ്പമോ, സഞ്ചിയോ ഒന്നും കരുതാതെ വിളിച്ചവനിൽ വിശ്വാസമർപ്പിച്ചുള്ള തീർത്ഥാടനമാണിത്. ഈ സഞ്ചാരിയുടെ ഉള്ളിലുള്ളതും, വാക്കിലുള്ളതും, പ്രവൃത്തിയിലുള്ളതും, ഒരേ ഒരു സത്യം മാത്രം. ദൈവം ! അതിനാൽ ചുറ്റും കണ്ടു മുട്ടുന്നവരോട് പത്രോസിന്റെ മനോനിലയോടെ അച്ചനും ഏറ്റുപറയുന്നു. "പൊന്നോ വെള്ളിയോ ഒന്നും നിങ്ങൾക്ക് നൽകാൻ എന്റെ പക്കലില്ല. ആകെയുള്ള സമ്പത്ത് ക്രിസ്തു മാത്രം"

ഓരോ സമർപ്പണ ജീവിതവും കർതൃപാദങ്ങളിൽ വീഴ്ത്തപ്പെടുന്ന സുഗന്ധതൈലമാണ് എന്ന അവബോധത്തോടെ സ്വന്തം പൗരോഹിത്യ പദവിയിൽ ആത്മഹർഷമനുഭവിക്കുകയുമാണ് ഗ്രന്ഥകാരൻ. നമുക്ക് ദൈവത്തോട് ചേർന്നു നിൽക്കാം. കൂട്ടി വയ്ക്കുന്ന ലൗകിക മഹത്വം മറന്ന് ക്രിസ്തുവിന്റെ ശൂന്യവൽക്കരണ മഹത്വം കൈക്കൊണ്ട് സ്വന്തം നിഴൽ പോലും ക്രിസ്തീയ സാക്ഷ്യമാക്കി മാറ്റാനുള്ള വിളിയാണു പൗരോഹിത്യമെന്നും ഇവിടെ ചേർത്തെഴുതപ്പെട്ടിരിക്കുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് ഒരു മൃതന്റെ തലയോട്ടി എഴുത്തുമേശമേൽ സൂക്ഷിക്കുന്ന അഭിഷിക്തനെ പരിചയപ്പെടുത്തുന്നത്. കുടുംബാംഗങ്ങൾ പോലും വേഗം കൈയൊഴിയാൻ വെമ്പുന്ന ശവത്തെ മുത്തുക്കുടയുടെ അകമ്പടിയോടെ വീട്ടിൽ തേടിച്ചെന്ന് ആഘോഷമായി കൂട്ടിക്കൊണ്ടുവന്ന് സ്വന്തം വൈദിക വസതിക്കരികിൽ അടക്കം ചെയ്തു കാവൽകിടക്കുന്ന പുരോഹിതന് തന്റെ ആത്മീയ സുതരെല്ലാം മരണാനന്തരവും പ്രിയങ്കരരായ സഹവാസികളാണെന്ന് ആ തലയോട്ടി സാക്ഷ്യപ്പെടുത്തുന്നു.

കായീന്റെ അധമ വംശീയതയിൽ ഊറ്റം കൊള്ളുന്ന ലാമെക്കിന്റെ പ്രതികാരത്തിൽ നിന്നും എത്ര സമാശ്വാസത്തോടെയാണ് പുതിയ നീയമത്തിലെ ഗിരിപ്രഭാഷണ സ്വച്ഛതയിലേക്ക് ഒരു പാൻഷോട്ട്, ഗ്രന്ഥകാരൻ ഒരുക്കുന്നത്. യൗസേഫിന്റെയും, പത്രോസിന്റെയും മറ്റും ദൈവാനുഭവ പരിണിതികൾ എത്ര തീക്ഷ്ണതയോടെയാണ് ഗോചരീഭവിപ്പിക്കുന്നത്. ചുരുക്കത്തിൽ, കൃതഹസ്തനായ രചകന്റെ പാടവം ഗ്രന്ഥത്തിലുടനീളം സ്വഭാവികമായി നിഴലിക്കുന്നുണ്ട്.

malalankaralibrary.com

രണ്ടു ഭാഗങ്ങളിലായി ഇതിലെ ആശയത്തെ ക്രോഡീകരിക്കാം. തിരുവച നാധിഷ്ഠിതമായ ദർശനവും സ്വാനുഭവ പശ്ചാത്തലത്തിലുള്ള നിരീക്ഷണവി വരങ്ങളും എന്ന നിലയിൽ. ദൈവശാസ്ത്രപരമായി എഴുതുമ്പോൾ ദർശന മഹത്വം നിലനിർത്തികൊണ്ടു തന്നെ ആർക്കും സുഗ്രഹമാകുന്ന വിധത്തിൽ അവതരിപ്പിക്കാനുള്ള സിദ്ധി ശ്രദ്ധേയമാണ്. കുരിശ് ആഭരണമാക്കാതെ പാഠ പുസ്തകമാക്കുന്ന ഓട്ടോ റിക്ഷാ ഡ്രൈവറെയും, 'സൈക്കിൾ യജ്ഞ'ത്തി ലൂടെ വരച്ചുകാട്ടുന്ന മാതൃത്വത്തിന്റെ മഹത്വഭാവങ്ങളെയും അനുവാചക മിഴി കളെ ഈറനണിയിക്കുന്ന കടൽക്കാക്ക എന്ന കഥയിലെ ഓർമ്മയില്ലാത്ത അമ്മ യെയും മറ്റും എത്ര ഹൃദ്യമായി അവതരിപ്പിക്കുന്നു. ഷെയിം, മിഴാവ് എന്നി വയിലെ ആശയം അത്ര സുതാര്യമായി തോന്നിയില്ല എന്നുള്ളതുമാത്രമാണ് ഏക വിയോജനം.

ജീവിത സമർപ്പണത്തിലും സാഹിത്യത്തിലും മാതൃകാ പൂർണ്ണനായ ഈ വന്ദ്യ വൈദികന്റെ പ്രഥമകൃതിയെന്നപോലെ ഈ പുസ്തകത്തിനും അവതാ രിക എഴുതുവാനുള്ള നിയോഗം എന്നെ ഏറെ ധന്യനാക്കുന്നു. ഗ്രന്ഥകർത്താ വിനോട് ഇക്കാര്യത്തിലുള്ള എന്റെ സ്നേഹവും കൃതജ്ഞതയും കടപ്പാടും വളരെയാണ് .

അനേകരുടെ ആത്മീയതയെ ഈ കൃതി ഉത്സാഹഭരിതമാക്കട്ടെ; വർദ്ധിത മായ പ്രചുരിമയാൽ ഈ കൃതിയെ ദൈവം വാഴ്ത്തി മഹിതമാക്കട്ടെ. എഴു ത്തിന്റെ വാഴ്വാൽ ഈ ആചാര്യവഴികൾ ഉജ്ജ്വലമാവുകയും ചെയ്യട്ടെ.

ചരിവുപറമ്പിൽ
മൈലപ്ര

malalankaralibrary.com

ഉള്ളടക്കം

1.	ഉൺമ	7
2.	അയനം	13
3.	പാസഞ്ചർ	18
4.	ധ്വനി	25
5.	വിധേയൻ	30
6.	തൊട്ടിൽ	34
7.	തൊടുന്ന പുഴയുടെ വിലാപ്പുറങ്ങളിൽ	39
8.	പാഥേയം	40
9.	സാദരം	42
10.	ഗുണവാനായപിതാവ്	44
11.	കുഴഞ്ഞ കാഴ്ചകൾ	45
12.	സൂചിക്കുഴയ്ക്കിപ്പുറം	46
13.	എന്റെചുവന്ന കാവേ	47
14.	സിന്ദൂരം	48
15.	കടൽകാക്ക	50
16.	പുരോഹിതൻ	51
17.	മുറിവുള്ളയാത്രകൾ	52
18.	നുറുങ്ങുവെട്ടം	53
19.	കുട്ടനും ഉപ്പുമാവും	54
20.	വിശുദ്ധം	55
21.	ഷെയിം	56
22.	മിഴാവ്	57
23.	സൈക്കിൾ യജ്ഞം	58
24.	നാടകമേ ഉലകം	59

malalankaralibrary.com



ഉൺമ

നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നും നൻമ പുറപ്പെടുവിക്കുന്നു. ചീത്തമനുഷ്യൻ തിൻമയിൽ നിന്നും തിൻമ പുറപ്പെടുവിക്കുന്നു. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്. (ലൂക്കാ: 6/45)

ഭൂമിയിലെ ആദ്യത്തെ ശസ്ത്രക്രിയ നടത്തിയത് ദൈവമാണ്. ആദത്തെ ഗാഢമായ നിദ്രയിലാഴ്ത്തി അവന്റെ വാരിയെല്ലെടുത്ത് ഹവ്വായെ സൃഷ്ടിച്ചു.

ഹൃദയത്തെ സംരക്ഷിക്കുന്ന വാരിയെല്ലുകളിൽ നിന്നാണ് ദൈവം ഹവ്വായുടെ സൃഷ്ടിക്കുവേണ്ട വാരിയെല്ലെടുത്തത്. ഹൃദയത്തോടൊട്ടി നിന്നതിനെ ആദം വേഗത്തിൽ തിരിച്ചറിയുന്നു.

അവനോട് ദൈവം പറഞ്ഞില്ല അവന്റെ വാരിയെല്ലാണീ സൃഷ്ടിയെന്ന്. പക്ഷേ ഹവ്വായെ കണ്ടപ്പോൾ അവൻ പ്രതികരിക്കുന്നു. എന്റെ അസ്ഥികളിൽ നിന്നുള്ള അസ്ഥി. മാംസത്തിൽ നിന്നുള്ള മാംസം.

വേറിട്ട ഒന്നായിട്ട് ഹവ്വായെ കാണാൻ പോലുമാകാത്ത വിധം ആദത്തിന്റെ ഹൃദയത്തിൽ നിന്ന് നൻമയുടെ വാക്കുകൾ പൊഴിഞ്ഞു.

ദൈവപദ്ധതിയോട് തന്റെ പദ്ധതികൾ ചേർത്തു വച്ചപ്പോൾ ആദത്തിന് സ്നേഹിക്കാനല്ലാതെ മറ്റൊന്നിനും കഴിയുന്നില്ല.

1 യോഹ: 3/4 പറയുന്നു. പാപം നിയമലംഘനമാണ്.

കർത്താവുകൊടുത്ത നിയമം ലംഘിക്കാൻ പഴത്തിനുമുകളിൽ സാത്താൻ കെണിവച്ചു. ദുർമോഹത്താൽ ഹവ്വാ ആ കെണിയിൽ വീണു.

യാക്കോബ് ശ്ലീഹായുടെ ലേഖനം 1/15 പറയുന്നു ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പഴം പറിച്ചെടുക്കുകയെന്നത് ഹവ്വായ്ക്കുള്ള പരീക്ഷണമാണ്. ഈ പരീക്ഷണത്തിനുമുകളിൽ ആവശ്യമായിട്ടുള്ള നിരീ

malalankaralibrary.com

ക്ഷണം ആദം നടത്തുന്നില്ല. ദൈവത്തോട് തന്റെ പദ്ധതികൾ ആലോചിക്കാൻ തുനിയുന്നില്ല.

പ്രഭാ: 37/14 ഗോപുരത്തിനുമുകളിലിരുന്ന് നിരീക്ഷിക്കുന്ന ഏഴു പേരേക്കാൾ സ്വന്തം ഹൃദയമാണ് കൂടുതൽ വിവരങ്ങൾ നൽകുന്നത്.

ഹവ്വാ നൽകിയ തിൻമയെ അവൻ വിഴുങ്ങി. ദൈവപദ്ധതിയോട് മറുതലിച്ച് തന്റെ പദ്ധതി സ്വന്തമാക്കി. അപ്പോൾ മുതൽ അവൻ ദൈവത്തെ ഭയക്കാൻ തുടങ്ങി. തന്റെ അസ്ഥിയും മാംസവും എന്നു പറഞ്ഞവളെ നോക്കി ദൈവത്തോടവൻ പറഞ്ഞു "നീ എനിക്കു കൂട്ടായിത്തന്ന സ്ത്രീയാണ് പഴം പറിച്ചുനൽകിയത്".

കുറ്റബോധത്തിന്റെ വെടിക്കെട്ടാണ് കുറ്റം പറച്ചിൽ

ദൈവപദ്ധതിയിലുള്ള ഏദനിൽ നിന്ന് മനുഷ്യന്റെ പദ്ധതിക്ക് വഴിയൊരുക്കുന്ന മണ്ണിലേക്ക് ആദവും ഹവ്വായും പറിച്ചു നടപ്പെട്ടു.

പാപത്തിന്റെ പാരച്യൂട്ടിൽ ഭൂമിയിൽ വന്നവർക്ക് മക്കളുണ്ടായി. കായേനും ഹാബേലും.

വേറിട്ടു നിൽക്കുന്ന മനസ്സുകൾ ചേർന്ന മണ്ണിൽ കായേനും ഹാബേലിനും വേറിട്ടു നിൽക്കാൻ തന്നെയാണു കൊതി.

യഹോവയ്ക്ക് അവർ ഇരുവരും ചേർന്ന് ഒരു ബലിയർപ്പിക്കുന്നില്ല. അവർ ഇരുവരും പിരിഞ്ഞ് രണ്ടു ബലിയർപ്പിച്ചു.

ഒരു ഗർഭപാത്രത്തിൽ നിന്നു വന്നവർ എന്നത് യോജിപ്പിലേക്കു നയിക്കാനാകുന്ന വലിയ ബന്ധമാണ്. യോജിപ്പിക്കുന്ന കാര്യങ്ങളെ ഉയർത്തിനിറുത്തുന്നതിലും അധികമായിട്ട് ഭിന്നിപ്പിക്കുന്ന കാര്യങ്ങൾ ഇവരുടെ രക്തബന്ധത്തെ മറികടന്ന് ഉയർന്നു വരുന്നു.

അവരുടെ ബലിയർപ്പണം രഞ്ജക ബലിയായി മാറിയില്ല. ബലിയുടെ അന്ത്യം സമാധാനത്തിലേക്കല്ല നയിച്ചത്.

കായേനെ അത്യധികം കോപിപ്പിക്കുന്ന തലത്തിലേക്കാണതു നീങ്ങിയത്.

കർത്താവ് തന്റെ വചനത്തിലൂടെ ബലിയെത്തുടർന്ന് നൻമയുടെ മാർഗ്ഗത്തിലേക്കു തിരിച്ചുവരുവാനുള്ള സന്ദേശം നൽകുന്നു.

ഉൽപ : 4/7 നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽ തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താൽപ്പര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം. ദൈവം കായേനോടരുളി.

ബലിയർപ്പകന്റെ സമർപ്പണം ബലിയെ ശ്രേഷ്ഠമാക്കുന്നു. അതു ദൈവം പറയുന്നുണ്ട് ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാകുകില്ലേ?

മനുഷ്യന്റെ സ്വാതന്ത്ര്യത്തിൽ ദൈവം കൈ കടത്തുന്നില്ല. കായേന് ഒന്നുകിൽ ദൈവത്തിന്റെ വഴി തിരഞ്ഞെടുക്കാം. അല്ലെങ്കിൽ പിശാചിന്റെ വഴി തിരഞ്ഞെടുക്കാം.

malalankaralibrary.com

1 പത്രോ: 5/8 ഉപദേശിക്കുന്നു. നിങ്ങളുടെ ശത്രുവായ പിശാച് അല റുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചു കൊണ്ട് ചുറ്റി നടക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ.

വഴിയറിയാത്ത ഒരാളെ സഹായിക്കാനാണ് വഴിയരുകിൽ സ്ഥലനാമ ങ്ങൾ ബോർഡുകളിൽ ഉറപ്പിച്ചു വച്ചിട്ടുള്ളത്. അവയെ അവഗണിച്ച് വഴി അറി യാത്തയാൾ തനിക്കു തോന്നുംപോലെ യാത്ര ചെയ്താൽ എത്തേണ്ടിടത്ത് എത്തുകയില്ല.

ഒരിക്കലൊരു വേട്ടക്കാരന് ഒരു സിംഹക്കുട്ടിയെ കിട്ടി. അയാളതിനെ വളർത്തി. കണ്ടവരൊക്കെപ്പറഞ്ഞു. സിംഹത്തെ വളർത്തുന്നത് തീക്കളിയാ ണ്. അയാളതു ഗൗനിച്ചില്ല. അയാളുടെ മകന്റെയൊപ്പം സിംഹം നടക്കുകയാ ണ്. സിംഹം വലുതായി. ഒരു ദിവസം കുട്ടിയും സിംഹവും കൂടി നടക്കു മ്പോൾ കുട്ടിയുടെ കാലുതട്ടി ചോരയൊഴുകി. സിംഹം ഒന്നു നക്കി നോക്കി. ചോരയുടെ മണം സിംഹത്തിനിഷ്ടമായി. കുറേക്കഴിഞ്ഞപ്പോൾ നക്കി നക്കി സിംഹം കുട്ടിയെത്തിന്നു. തുടർന്നത് നാട്ടുകാരെത്തിന്നാൻ തുടങ്ങി. ഏറെ പാടു പെട്ടാണ് വേട്ടക്കാരൻ പിന്നീടാ സിംഹത്തിനെ കൊന്നത്.

പതിയിരിക്കുന്ന പാപത്തെ ദൈവം ചൂണ്ടിക്കാട്ടിയിട്ടും കായേനത് സ്വീകരിച്ചില്ല. വയലിൽ വച്ച് സഹോദരനായ ഹാബേലിനോടു കയർത്ത് അവനെ അവൻ കൊന്നു കളഞ്ഞു.

ദൈവ ഉപദേശമനുസരിച്ച് പാപത്തെ കായേൻ കീഴടക്കിയില്ല. മറിച്ച് പാപം അവനെ കീഴടക്കി.

ആക്രമണത്തിനു നേരെയുള്ള പ്രതിരോധം ശക്തമാക്കുന്നവനാണ് വിജയിക്കുന്നത്.

കൃഷിക്കാരനായ കായേനെ ദൈവം സൃഷ്ടിച്ചത് മണ്ണിലെ നൻമ വിത യ്ക്കാനാണ്. അവൻ വിതച്ചത് സഹോദരനും ആട്ടിടയനുമായ ഹാബേലിന്റെ രക്തമാണ്. ഇടയനില്ലാത്ത ആടുകൾ ചിതറിക്കപ്പെടുന്നു. രക്തം കുടിച്ച മണ്ണ് അവന്റെ ക്രൂരതയുടെ ശിക്ഷ ഏറ്റുവാങ്ങുന്നു. ഹാബേൽ അനീതിയുടെ രക്ത സാക്ഷിയായി. കായേൻ കൊടുത്ത ദുർമാതൃകയെ നന്മയായി അവന്റെ പിൻതലമുറ തെറ്റിദ്ധരിക്കുന്നു.

കായേന്റെ പരമ്പരയിലെ ലാമെക്ക് തന്റെ പൂർവ്വപിതാവ് ചെയ്ത നന്മ പ്രവൃത്തിയെ ഓർത്തല്ല അഭിമാനം കൊള്ളുന്നത് മറിച്ച് തിൻമ പ്രവൃത്തിയെ ഓർത്താണ്. താൻ ചെയ്യുന്ന തിൻമപ്രവൃത്തിയിൽ വാതിൽക്കൽ പതിയിരിക്കു ന്ന പാപത്തിന് അടിമയായത് അഭിമാനത്തോടെയവൻ കരുതുകയും ചെയ്യുന്നു.

ഉത്പത്തി: 4/23 ലാമെക്ക് തന്റെ ഭാര്യമാരോടുപറയുന്നു എന്നെ മുറി പ്പെടുത്തിയ ഒരുവനെയും എന്നെ അടിച്ച ഒരു ചെറുപ്പക്കാരനെയും ഞാൻ കൊന്നു കളഞ്ഞു. കായേന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമെക്കിന്റേത് ഏഴുപത്തേഴിരട്ടിയായിരിക്കും.

malalankaralibrary.com

കായേൻ കാറ്റു വിതച്ചെങ്കിൽ താൻ കൊടുങ്കാറ്റു വിതച്ചെന്ന് അഭിമാനിക്കുകയാണ് ലാമെക്ക്. തിൻമയിൽ നിന്നവൻ കൊടും തിൻമ പുറപ്പെടുവിക്കുന്നു. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ ലാമെക്കിന്റെ അധരവും സംസാരിക്കുന്നത്.

മത്തായി:5/8 ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ, അവർ ദൈവത്തെ കാണും.

തിൻമയെ തിൻമകൊണ്ട് നേരിടുന്ന രീതിയാണ് ലാമെക്ക് പറയുന്നത്. കണ്ണിനു കണ്ണ് പല്ലിനു പല്ല്.

യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ നമ്മോടു പറയുന്നു **ദുഷ്ടനെ എതിർക്കരുത്. വലത്തുകരണത്തടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചു കൊടുക്കുക. (മത്തായി: 5/39)**

തിൻമയെ നൻമ കൊണ്ടെതിർക്കുവാൻ കർത്താവ് അരുളിച്ചെയ്യുന്നു. പാപത്തിൽ നിന്നകലാനുള്ള ഏറ്റവും നല്ല മാർഗ്ഗം അതിനെതിരായുള്ള പുണ്യം അഭ്യസിക്കുകയെന്നതാണ്. നമ്മുക്ക് കള്ളം പറയുന്ന ശീലമുണ്ടെങ്കിൽ അതിനെതിരായ പുണ്യമാണ് സത്യസന്ധത. അത് നമ്മുടെ ശീലമാക്കാനായി ബല പ്രയോഗം നാം നമ്മോടുതന്നെ നടത്തണം.

യാക്കോബ്: 4/7 പറയുന്നു ദൈവത്തിനു വിധേയരാകുവിൻ. പിശാചിനെ ചെറുത്തു നിൽക്കുവിൻ. അപ്പോൾ അവൻ നിങ്ങളിൽ നിന്ന് ഓടിയകന്നു കൊള്ളും. ദൈവത്തോടു ചേർന്നു നിൽക്കുവിൻ. അവിടുന്ന് നിങ്ങളോടു ചേർന്നു നിൽക്കും.

അപ്പന്റെ ഉപദേശമനുസരിച്ച് ക്ഷേമം അന്വേഷിക്കാൻ സഹോദരൻമാർക്കരുകിൽ എത്തിയതാണ് ജോസഫ്. അവരുടെ ഹൃദയത്തിൽ ആർദ്രതയുടെ നനവില്ലായിരുന്നു. തിൻമയുടെ കൂട്ടായ്മയിൽ നിന്ന് തീരുമാനമായത് സഹോദരനു തിന്മ ചെയ്യാനാണ്. അവർ അവനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു.

ദൈവത്തോടു ചേർന്നു നിന്ന അവനോടു ദൈവം ചേർന്നു നിന്നു. ഒരു പൊട്ടക്കിണറ്റിന്റെ വിസ്തൃതിക്ക് അവനെ തളയ്ക്കുവാനായില്ല.

ഇസ്മായേല്യരുടെ യാത്രാസംഘത്തിനൊപ്പം ഈജിപ്തിന്റെ വിസ്തൃതിയിലേക്ക് അവൻ യാത്രയാകുന്നു. അവനു കൂട്ട് ദൈവം മാത്രം.

വീണ്ടും ഫറവോയുടെ കാവൽ നായകന്റെ അടിമ. അടിമ എന്നതിലുപരിയായി ദൈവത്തിന്റെ കണ്ണുകൾക്കു മുമ്പിൽ ജീവിക്കുന്ന അടിമയായിരുന്നവൻ. തെറ്റിലേക്കു വീഴാനുള്ള പ്രലോഭനമുണ്ടാകുമ്പോൾ അവൻ പോത്തീഫറിന്റെ ഭാര്യയോടു ചോദിക്കുന്നു; ഞാൻ എങ്ങനെ നീചമായി പ്രവർത്തിച്ചു ദൈവത്തിനെതിരെ പാപം ചെയ്യും?

തെറ്റു ചെയ്യാത്ത ജോസഫിനെതിരെ പറഞ്ഞ ഭാര്യയുടെ വ്യാജ വാക്കുകൾ കേട്ട് പോത്തീഫറിലൂടെ ജോസഫ് തടവുപുള്ളിയായി മാറുന്നു. അവൻ തടവിലാണ്. പക്ഷേ ദൈവസ്നേഹത്തിന്റെ ചക്രവാള വിസ്തൃതി അവനോടൊപ്പമുണ്ട്.

malalankaralibrary.com

ജോസഫിന് സ്വപ്നങ്ങളുണ്ടായിരുന്നു. സ്വപ്നങ്ങളുടെ പ്രത്യേകത സ്ഥലകാല പരിമിതികൾക്കതീതമായിട്ടുള്ള വിസ്തൃതിയുടെ ഭാവനാതലം അതിനുണ്ടെന്നുള്ളതാണ്.

തടവറയും, അവൻ വസിച്ച യാക്കോബിന്റെ ഭവനത്തിലെന്ന പോലെ സ്വപ്നലോകം അവനു മുമ്പിൽ നിരത്തുന്നു.

തടവറക്കാരന്റെ സ്വപ്നവും ഫറവോയുടെ സ്വപ്നവും ദൈവത്തോടൊപ്പം ചേർന്നു നിന്ന ജോസഫ് വ്യാഖ്യാനിച്ചപ്പോൾ ഫറവോയ്ക്ക് ജോസഫിനെക്കുറിച്ചുള്ള വ്യാഖ്യാനം ദൈവം കൊടുത്തു. തടവറയുടെ വിസ്തൃതിയിൽ നിന്ന് രാജ്യത്തിന്റെ ഭരണാധികാരിയുടെ വിസ്തൃതിയിലേക്ക് ഉയർത്തപ്പെടേണ്ടതാണിവൻ.

ഉൽപത്തി 41– 38. ഫറവോ സേവകന്മാരോടു പറഞ്ഞു ദൈവത്തിന്റെ ആത്മാവ് കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ കഴിയുമോ? ദൈവം ഇക്കാര്യമെല്ലാം നിനക്ക് വെളിപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നിന്നെപ്പോലെ വിവേകിയും ബുദ്ധിമാനുമായ ഒരാൾ വേറെയില്ല. നീ എന്റെ വീടിനു മേലാളനായിരിക്കും. എന്റെ ജനം മുഴുവൻ നിന്റെ വാക്കനുസരിച്ച് പ്രവർത്തിക്കും. സിംഹാസനങ്ങളിൽ മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും.

ഫറവോ തന്റെ മുദ്രമോതിരവും പട്ടു വസ്ത്രങ്ങളും അവനെ അണിയിച്ചു.

കഷ്ടപ്പാടുകളത്രയും നന്മ നിറഞ്ഞ ഹൃദയമുള്ള ജോസഫിനെ കൂടുതൽ വിവേകിയും ബുദ്ധിമാനുമാക്കി മാറ്റുകയായിരുന്നു. പൊട്ടക്കിണറും, അടിമപ്പണിയും തടവറജീവിതവും അവനിലെ ഭരണാധികാരിയുടെ പരിശീലനക്കളരികളായിരുന്നു.

ജോസഫിനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ട സഹോദരന്മാർ ജീവിതത്തിൽ ശൂന്യതയുടെ പൊട്ടക്കിണർ ചുമ്മികൊണ്ടു നടക്കുന്ന ജന്മങ്ങളായി.

ഈജിപ്റ്റിൽ ധാന്യമുണ്ടെന്നറിഞ്ഞ് യാക്കോബ് തന്റെ മക്കളെ അയയ്ക്കുന്നു. വീട്ടിൽ വച്ച് ജോസഫ് കണ്ട സ്വപ്നം വയലിൽ അവൻ കെട്ടിയ കറ്റ ഉയർന്നു നിന്നതും, സഹോദരങ്ങൾ കെട്ടിയ കറ്റകൾ ആ കറ്റയെ താണു വണങ്ങുന്നതുമായിരുന്നു. ആ സ്വപ്നം പോലെ ജോസഫ് കെട്ടിയ സഹനത്തിന്റെ കറ്റ ഉയർന്നു നിൽക്കുകയാണ്. അതിനു മുമ്പിൽ പൊട്ടക്കിണറ്റിൽ തള്ളിയിട്ടപ്പോൾ തുടങ്ങിയ ദുഷ്ടയുടെ കറ്റകൾ താണു വണങ്ങി.

താണുവണങ്ങുന്നവരോടവൻ പരുക്കനായി പെരുമാറി. അവർ തമ്മിൽത്തമ്മിൽ പറഞ്ഞു. ഇത് നമ്മുടെ സഹോദരനോടു നാം ചെയ്തതിന്റെ ഫലമാണ്. അന്നവൻ കേണപേക്ഷിച്ചിട്ടും അവന്റെ പ്രാണസങ്കടം കണ്ടിട്ടു നമ്മൾ അവനു ചെവികൊടുത്തില്ല. അതുകൊണ്ടാണ് ഈ ദുരിതം നമുക്കിപ്പോൾ വന്നിരിക്കുന്നത്.

ജീവിത പ്രതിസന്ധിയിൽ തിന്മനിറഞ്ഞ മനസ്സുകൾക്ക് നന്മയിലേക്ക് തിരിച്ചുവരുവാനുള്ള അവസരം ദൈവം നൽകുകയാണ്.

malalankaralibrary.com

നാടകീയമായ അനേകം മുഹൂർത്തങ്ങൾക്കൊടുവിൽ അവന്റെ നന്മ നിറഞ്ഞ മനസ്സ്, പൊന്നായി മാറുന്ന നന്മകളുടെ നിക്ഷേപങ്ങൾ നൽകി അവരോടു സംസാരിക്കുന്നു.

നിങ്ങൾ ഈജിപ്തുക്കാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണ് ഞാൻ. എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ. കാരണം ജീവൻ നിലനിർത്താൻ വേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കു മുൻപേ ഇങ്ങോട്ടയച്ചത്. നിങ്ങൾക്ക് ഭൂമിയിൽ സന്തതികളെ നിലനിർത്താനും വിസ്മയകരമായ രീതിയിൽ രക്ഷനൽകാനും വേണ്ടി ദൈവം എന്നെ നിങ്ങൾക്കു മുൻപേ ഇങ്ങോട്ടയച്ചതാണ്. അതുകൊണ്ട് നിങ്ങളല്ല, ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത്. (ഉൽ: 45: 5-8)

ഹൈവേയിലൂടെ യാത്രചെയ്യുമ്പോൾ വഴിയുടെ നടുക്കുകൂടി വെളുത്ത വരകളിട്ടിട്ടുള്ളത് കാണാറുണ്ട്. രാത്രിയിൽ കാഴ്ച മങ്ങുമ്പോൾ പലരും ഈ വെളുത്ത വരയുടെ അതിരു നോക്കിയാണ് യാത്രചെയ്യാറുള്ളത്.

നമ്മുടെ ജീവിതവഴിയിൽ അവന്റെ വചനവഴി തെളിച്ചമായിട്ടുണ്ട്. അതിന്റെ അതിരിൽ നമ്മുടെ ജീവിതം ചേർന്നു നിൽക്കുമ്പോൾ നമ്മുടെ ഹൃദയം നന്മയുടേതാകും. പ്രവൃത്തികൾ നന്മയുടേതാകും. വചനം ജീവിക്കാൻ ഉള്ളതാണ്. വചനത്തിന്റെ അതിരുകളെ നാം അവഗണിക്കുമ്പോൾ നമ്മിൽ നിന്ന് തിന്മയുടെ അപകട മേഖല ഉയരും. നമ്മോടടുക്കുന്നവർ അപകടത്തിന്റെ രക്തസാക്ഷികളാകും. നമ്മളും തിന്മയുടെ രക്തസാക്ഷികളാകും.

ആത്മാവിന്റെ ഭക്ഷണമാണ് ദൈവവചനം. ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടമായാൽ എന്തു പ്രയോജനം? നന്മ നിറഞ്ഞ മനസ്സും ദൈവം നൽകുന്ന നിക്ഷേപവും നമ്മുടെ സത്പ്രവൃത്തികളുടെ ഊർജ്ജമാകട്ടെ.

malalankaralibrary.com



അയ്യനം

യേശു ശിമയോനോടു പറഞ്ഞു ഭയപ്പെടേണ്ട, നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും. വള്ളങ്ങൾ കരയ്ക്കടുപ്പിച്ച ശേഷം എല്ലാം ഉപേക്ഷിച്ച് അവൻ അവനെ അനുഗമിച്ചു. (ലൂക്കാ: 5: 10-11)

ഏലിയ ഏലിഷയെ വിളിച്ചപ്പോൾ നിലം ഉഴുതുകൊണ്ടിരുന്നവൻ കലപ്പ കത്തിച്ചു. കാളയെ കറിയാക്കി ദൈവത്തിന്റെ പിന്നാലെ ഇറങ്ങി. **സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെയാണു സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു. (യോഹ: 12-20)**

വല കഴുകി പണിതീർന്ന ശിമയോനോടാണ് കർത്താവ് പണി വീണ്ടും ആരംഭിക്കാൻ പറയുന്നത്. ആഴത്തിലേക്ക് നീക്കി മീൻ പിടിക്കാൻ വലയിറക്കുക.

ശിമയോൻ അവനു വേണ്ടിയല്ല പിന്നെ വലയിറക്കുന്നത്

ലൂക്കാ 5-5 ഗുരോ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം.

അവൻ പറഞ്ഞതനുസരിച്ചപ്പോൾ വലനിറയുവോളം മീൻ കിട്ടി. അവ നിറക്കിയ വല കീറിയത് മീനിന്റെ ആധിക്യത്താലാണ്. .

യേശുവിന്റെ കാൽക്കൽ വീണ് താനായിരിക്കുന്ന അവസ്ഥ ദൈവത്തിനു മുമ്പിൽ അവൻ സമർപ്പിക്കുന്നു. **കർത്താവേ എന്നിൽ നിന്നകന്നു പോകണമേ. ഞാൻ പാപിയാണ്.**

കീറിയ വലയുടെ തുമ്പിൽ നിന്ന് ലോകത്തേക്കു വീശാനുള്ള വലയുടെ തുമ്പ് കർത്താവ് ശിമയോനെ ഏൽപിക്കുന്നു.

യേശു കൂടെ വസിക്കുന്ന ദൈവപൈതലിന്റെ ധൈര്യം ശിമയോന് ദൈവം നൽകുന്നു. **ഭയപ്പെടേണ്ട നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും.**

malalankaralibrary.com

ഏൽപ്പിച്ച വലയുടെ തുമ്പിൽ പിടിച്ചപ്പോൾ മീൻ പിടിച്ച വല അവൻ ഉപേക്ഷിക്കുന്നു. എല്ലാം ഉപേക്ഷിച്ച് ഭയപ്പെടേണ്ടന്നു പറഞ്ഞവനു പിന്നാലെ അവനിറങ്ങി.

ഒരു ദിവസം ഇറങ്ങിച്ചെന്നവർക്കു വേണ്ടി രാത്രി മുഴുവൻ പ്രാർത്ഥിച്ച് യേശു പേരു നൽകുന്നു. **അപ്പസ്തോലൻമാർ. ശിമയോന്** അവൻ **പത്രോസ്** എന്നു പേരു നൽകി.

പേരു നൽകുന്നത് അധികാരമുള്ള ആളാണ്. ആദത്തിനു മുമ്പിൽകൊണ്ടു വന്ന ജീവജാലങ്ങൾക്ക് അവനിട്ട പേര് അവയുടെ പേരായി. അധികാരമുള്ള യേശു തമ്പുരാൻ അവരെ അയയ്ക്കുന്നത് ദൗത്യം ഏല്പിച്ചു കൊണ്ടാണ്. പിശാചുക്കളുടെ മേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു. രോഗങ്ങൾ സുഖപ്പെടുത്താനും ദൈവരാജ്യം പ്രസംഗിക്കാനും സുവിശേഷം പ്രസംഗിക്കാനുമുള്ള ദൗത്യം.

അവൻ അയയ്ക്കുമ്പോൾ അവരുടെ സമ്പാദ്യം അയച്ച നാഥൻ മാത്രമാണ്. സഞ്ചിയോ, അപ്പമോ, പണമോ ഒന്നും എടുക്കരുത്. രണ്ടുടുപ്പും ഉണ്ടായിരിക്കരുത്. ഒഴിഞ്ഞ വലയിൽ മീൻ നിറച്ച തമ്പുരാൻ പറഞ്ഞത് അവർ അനുസരിച്ചു.

തീർന്നു പോകുമെന്ന് ഭയമുള്ളവനാണ് സഞ്ചി വേണ്ടത്. വിശന്നു പോകുമെന്ന് ഭയമുള്ളവനാണ് അപ്പം കരുതേണ്ടത്. ആവശ്യങ്ങളുള്ളവനാണ് പണം കരുതേണ്ടത്.

ദൗത്യമേൽപ്പിച്ചു വിട്ടവർക്ക് അയച്ചവനെപ്പറ്റിയുള്ള ബോധ്യം എന്തെന്നറിയുവാൻ കേസറിയ ഫിലിപ്പി പ്രദേശത്തുവച്ചവൻ ചോദിച്ചു ഞാൻ ആരെന്നാണ് ജനം പറയുന്നത്? അവർ അയയ്ക്കപ്പെട്ടവരും അവനെ അറിഞ്ഞവരുമാണ്.

കേസറിയ ഫിലിപ്പി പ്രദേശം വിഗ്രഹാരാധനയുടെ കേന്ദ്രമായിരുന്നു. അവിടെ ആരാധിക്കുകയും ഉപേക്ഷിക്കുകയും ചെയ്യപ്പെട്ട അനേകം വിഗ്രഹങ്ങളുണ്ടായിരുന്നു. കൈ പോവുകയും കാലു പോവുകയും ചെയ്ത ദൈവ വിഗ്രഹങ്ങൾ.

അവയ്ക്ക് നടുവിൽ നിന്നാണിത് ചോദിക്കുന്നത്.

ചിലർ നിന്നിൽ സ്നാപക യോഹന്നനെ കാണുന്നു. ചിലരോ ഏലിയായെയും.

താൻ അയച്ച അവരോട് യേശു ചോദിച്ചു.ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് ? ജനങ്ങളുടെ സമൂഹത്തിൽ നിന്നു മാറി തന്നോടൊപ്പമായിരിക്കുവാൻ നിയോഗിക്കപ്പെട്ടവരോടാണ് അവൻ ഇത് ചോദിച്ചത്.

നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. പത്രോസിന്റെ മറുപടിക്കു മുമ്പിൽ കർത്താവു പറയുന്നു. മാംസ രക്തങ്ങൾക്ക് ഈ തിരിച്ചറിവു നൽകുവാനാകില്ല. സ്വർഗ്ഗസ്ഥനായ പിതാവാണിത് വെളിപ്പെടുത്തി തന്നത്. നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും

malalankaralibrary.com

നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും.(മത്തായി:16/19)

പിന്നീടുള്ള ജീവിതത്തിൽ പത്രോസിലെ ലൗകിക മനുഷ്യനും ആത്മീയ മനുഷ്യനും തമ്മിലുള്ള മത്സരം കാണുവാനാകും.

ലൗകിക മനുഷ്യനു ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്കപ്പെടേണ്ടവയാകയാൽ അവ ഗ്രഹിക്കുവാനും. അവനു സാധിക്കുകയില്ല. ആത്മീയ മനുഷ്യൻ എല്ലാ കാര്യങ്ങളും വിവേചിച്ചറിയുന്നു. (1 കൊരി. 2: 14-15)

ഈ വിശ്വാസപ്രഖ്യാപനത്തിനു ശേഷം യേശു ദൈവത്തിന്റെ പുത്രൻ അനുഭവിക്കാൻ പോകുന്ന പ്രയാസങ്ങളെപ്പറ്റി പറയുന്നു. ജറുശലേം യാത്രയെപ്പറ്റിയും പുരോഹിതരിൽ നിന്നും നിയമജ്ഞരിൽ നിന്നും ഏൽക്കേണ്ടിവരുന്ന പീഡനങ്ങളെപ്പറ്റിയും താൻ കൊലചെയ്യപ്പെടുമെന്നും മറ്റും പറഞ്ഞപ്പോൾ പത്രോസിലെ ലൗകിക മനുഷ്യൻ ഉണർന്നു.

പത്രോസ് അവനെ മാറ്റി നിർത്തി തടസ്സം പറയുവാൻ തുടങ്ങി. സഹനങ്ങളെ തിരസ്കരിക്കാൻ വെമ്പുന്ന പത്രോസിലെ ലൗകിക മനുഷ്യനെ നോക്കി യേശു പറഞ്ഞു. **സാത്താനേ എന്റെ മുമ്പിൽ നിന്നു പോകൂ. നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല. മാനുഷികമാണ്.(മത്തായി: 16/23)**

കല്ലുകളെ അപ്പമാക്കാൻ പറഞ്ഞ സാത്താന്റെ പുതിയ പരീക്ഷണമായി യേശു പത്രോസിന്റെ വാക്കുകളെ കാണുന്നു.

ജറുശലേം യാത്രയുടെ മഹത്വവത്ക്കരണം താബോറിൽ പത്രോസും യാക്കോബും യോഹന്നാനും കണ്ടു. നിയമത്തിന്റെ പ്രതിനിധിയായ മോശയ്ക്കും പ്രവചനത്തിന്റെ പ്രതിനിധിയായ ഏലിയായ്ക്കും യേശുവിനോട് പറയാനുള്ളത് ജറുശലേമിലെ പീഡാനുഭവയാത്രയെപ്പറ്റിയാണ്.

ഇവിടെ വെട്ടിത്തിളങ്ങുന്ന ദൈവപുത്രന്റെ മുമ്പിൽ പത്രോസിലെ ആത്മീയ മനുഷ്യൻ ഉണരുന്നു. നാം ഇവിടെയായിരിക്കുന്നത് നല്ലതെന്നവൻ വിളിച്ചു പറയുന്നു.

അവരെ മൂടിയ മേഘത്തിൽ നിന്നൊരു സ്വരമുണ്ടായി. **ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ.(മത്താ: 17-5)**

സ്വർഗ്ഗം സാക്ഷ്യപ്പെടുത്തിയത് പത്രോസ് പറഞ്ഞ വാക്കുകളെയാണ്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന് കേസറിയ ഫിലിപ്പിയിൽ അവൻ പറഞ്ഞുവെങ്കിൽ അത് പൂർണ്ണമാക്കി സ്വർഗ്ഗീയ വചനം

malalankaralibrary.com

താബോറിൽ പിതാവ് പറഞ്ഞു **ഇവനെന്റെ പ്രിയപുത്രൻ.**

താബോറിലെ മഹത്വം പൂർണ്ണമാക്കിയ സ്വർഗ്ഗീയ വാക്കുകൾക്കു പിന്നാലെ ഒരു സാക്ഷ്യദീപമായി ജീവിത യാത്രയിൽ പ്രകാശിക്കുവാൻ വീണ്ടും പത്രോസിനാകുന്നില്ല. **ഇവന്റെ വാക്കു ശ്രവിക്കുവിൻ** എന്ന സ്വർഗീയ വചനം പത്രോസ് മറന്നു.

ഗത്സമനിയിൽ രക്തം വിയർപ്പുതുള്ളികളായി പൊഴിയുവോളം ദൈവ പുത്രൻ വേദനിക്കുമ്പോൾ പത്രോസിലെ ജഡിക മനുഷ്യൻ ഉറങ്ങുകയാണ്. എന്നും യേശുക്രിസ്തു മറ്റുള്ളവർക്കു നന്മ ചെയ്യുവാൻ വേണ്ടിയാണ് അപ രന്റെ സഹായം ആവശ്യപ്പെടുന്നത്. ഇവിടെ കർത്താവ് തനിക്കു വേണ്ടി ഒരു കാര്യം ചോദിക്കുന്നു. ഒരു നിമിഷമെങ്കിലും ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ നിങ്ങൾക്കു കഴിയില്ലേ?

പടയാളികൾ യേശുവിനെ പിടിച്ചുകൊണ്ടു പോകുമ്പോൾ പത്രോസ് അനുഗമിക്കുന്നു. കർത്താവിനായി അയയ്ക്കപ്പെട്ടവൻ എന്നുള്ള ബോദ്ധ്യത്താ ലല്ല അവൻ നയിക്കപ്പെടുന്നത്.

യേശുക്രിസ്തു പീലാത്തോസിന്റെ അരമനയിൽ പീഡിപ്പിക്കപ്പെടു മ്പോൾ പത്രോസിലെ ലൗകിക മനുഷ്യൻ തന്റെ വിളിയുടെ ഉദ്ദേശ്യം മറന്നു. മനുഷ്യരെ ക്രിസ്തുവിനായി പിടിക്കുവാൻ തുനിയേണ്ടവൻ പതറുകയാണ്. വലയുടെ ഉദ്ദേശ്യം അറിയുന്നില്ല.

ഇവിടെ കർത്താവ് അയച്ചവൻ കർത്താവിനെയല്ല കൊടുക്കുന്നത്. ഇത്തിരി തീയുടെ മുമ്പിൽ പത്രോസ് കർത്താവിനെ തള്ളിപ്പറയുന്നു. കർത്താ വിന്റെ ശത്രുക്കളുടെ മുമ്പിൽ അവൻ യേശുവിനെ ശപിക്കുവാനും ആണയി ടുവാനും തുടങ്ങി. തന്റെ വല സൗകര്യപൂർവ്വം അവൻ മറയ്ക്കുകയാണ്.

അയച്ചവൻ സുവിശേഷം പറയാത്തപ്പോൾ അയച്ചവന്റെ മാനസാന്ത രത്തിനായി സുവിശേഷ പൊള്ളലേറ്റ ഒരു കോഴി കുവി. ഇത് മാനസാന്തര ത്തിനായുള്ള ഒരു സുവിശേഷ ക്ഷണമായിരുന്നു.

ഇവിടെ പത്രോസ് അറിഞ്ഞു, തന്നെ ഒന്നു തിരിഞ്ഞു നോക്കാൻ ക്രൂശിതൻ മാത്രമേയുള്ളു. തള്ളിപ്പറയുന്നവനെ വേദനിക്കുന്ന നോട്ടമുനയിൽ സ്വന്തമാക്കുന്ന ഈശോയെ ഓർത്ത് പത്രോസ് കരഞ്ഞു. തള്ളിപ്പറയുന്നവനെ തള്ളിക്കളയാത്ത സ്നേഹമാണ് ക്രിസ്തു. പശ്ചാത്താപത്തിന്റെ നറുദീൻ തൈലം ഏറ്റു വാങ്ങുന്ന കാരുണ്യമാണവൻ.

ആ കരച്ചിൽ അയയ്ക്കപ്പെടുവാനുള്ള ആത്മീക മനുഷ്യന്റെ ഉയർത്തെഴുന്നേൽപ്പായിരുന്നു. തള്ളിപ്പറഞ്ഞവൻ യേശുവിന്റെ ഉത്ഥാനത്തിനു ശേഷം പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ് ക്രിസ്തുവിനെ പ്രസംഗിച്ചു. പത്രോസിന്റെ പ്രസംഗം സ്വീകരിച്ചവർ ക്രിസ്തുവിനെ സ്വീകരി ച്ചു.

ക്രിസ്തു മാത്രം സമ്പാദ്യമാകുന്ന പത്രോസിനെ നമ്മൾ അപ്പസ്തോ

malalankaralibrary.com

ലപ്രവർത്തനങ്ങളിൽ വേറിട്ടു കാണുന്നു.

അപ്പ: പ്രവർത്തനങ്ങൾ 3-ാം അദ്ധ്യായത്തിൽ ദേവാലയത്തിലേക്കു പോകുന്ന പത്രോസിനെയും യോഹന്നാനെയും കാണാനാകും

മുടന്തനായ ഒരുവൻ അവരോട് ഭിക്ഷ യാചിച്ചു . അവൻ കൊതിച്ചത് ഭിക്ഷയെങ്കിൽ അവർ നൽകിയത് രക്ഷയാണ്.

പത്രോസ് പറഞ്ഞു വെള്ളിയോ, സ്വർണ്ണമോ എന്റെ കൈയ്യിൽ ഇല്ല. **എനിക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക.**

പത്രോസ് വലതുകൈയ്ക്ക് പിടിച്ച് അവനെ എഴുന്നേല്പിച്ചു.

തളർന്നു കിടന്നവൻ കുതിച്ചുചാടി ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവത്തിന്റെ ആലയത്തിൽ പ്രവേശിച്ചു.

സോളമന്റെ മണ്ഡപത്തിൽ നിന്ന് പത്രോസ് ഈ അത്ഭുതത്തെപ്പറ്റി ക്രിസ്തു സാക്ഷ്യം നൽകി.

അവനിലുള്ള വിശ്വാസമാണ് നിങ്ങളുടെ മുമ്പിൽ വച്ച് ഈ മനുഷ്യനു പൂർണ്ണാരോഗ്യം പ്രദാനം ചെയ്തത്. (അപ്പ: 3: 16) പത്രോസ് തള്ളിപ്പറഞ്ഞ വനെ ഉള്ള് നിറഞ്ഞ് പ്രഘോഷിച്ചു.

വിളിച്ചവന്റെ ദൗത്യം ഏറ്റെടുത്ത് അവനു വേണ്ടി ജീവനർപ്പിച്ച പത്രോസ് തന്റെ ലേഖനത്തിലെഴുതി **കർത്താവിന്റെ വചനം നിത്യം നില നിൽക്കുന്നു. ആ വചനം തന്നെയാണ് നിങ്ങളോടു പ്രസംഗിക്കപ്പെട്ട സുവി ശേഷം. (1 പത്രോസ് 1: 25)**

പ്രസംഗിക്കപ്പെട്ട ക്രൂശിതനുവേണ്ടി നീറോ ചക്രവർത്തിയുടെ കാലത്ത് തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ട് ശിഷ്യൻ ഗുരുവിന്റെ വിളിയുടെ പ്രത്യുത്തരമായി മാറി. ദൈവവിളിയുടെ പ്രത്യാശ **റോമാ ലേഖനം 8-35** നൽകുന്നു.

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ നഗ്നതയോ പട്ടിണിയോ ആപത്തോ വാളോ? ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു.നിന്നെ പ്രതി ഞങ്ങൾ ദിവസം മുഴുവൻ വധി ക്കപ്പെടുന്നു. കൊലയ്ക്കുള്ള ആടുകളേപ്പോലെ കരുതപ്പെടുകയും ചെയ്യു ന്നു. നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇവയിലെല്ലാം നാം പൂർണ്ണവിജയം നേടുന്നു.

സഹനങ്ങളിൽ കർത്താവിന്റെ സ്നേഹത്താൽ നയിക്കപ്പെടുന്ന ശിഷ്യത്വം നേടുവാനായി നമുക്കും അവനോടൊപ്പം മരിക്കാം. അവനോടൊപ്പം ഉയിർക്കാനുള്ള വിളിയാണ് സുവിശേഷത്തിന്റെ വിളി. ക്രിസ്തുവിനായുള്ള മരണത്താൽ നാം സുവിശേഷത്തിന്റെ ഉയിർത്തെഴുന്നേൽപ്പാകുന്നു.

malalankaralibrary.com



പാസഞ്ചർ

അവൻ പന്ത്രണ്ടുപേരെയും വിളിച്ച് സകലപിശാചുക്കളുടേയും മേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു. അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി അവർ അവരെ അയച്ചു. അവൻ പറഞ്ഞു. യാത്രയ്ക്ക് വടിയോ, സഞ്ചിയോ അപ്പമോ, പണമോ എടുക്കരുത്. രണ്ട് ഉടുപ്പും ഉണ്ടായിരിക്കരുത്. (ലൂക്കാ 9 :1-4)

കൊതിക്കുന്നതിനെ ഉപേക്ഷിക്കാനും വിധിക്കുന്നതിനെ സ്വീകരിക്കാനുമുള്ള വിളിയാണ് ദൈവം നൽകുന്നത്.

ശിമയോന്റെ വള്ളത്തിൽ കയറിയ കർത്താവ് അവന്റെ വള്ളത്തിനെ സുവിശേഷ പീഠമാക്കി. അവന്റെ ദൈവ പുത്രന്റെ വള്ളത്തിലെ ഇരിപ്പ് ശിമയോന്റെ നില്പ് നോക്കിയായിരുന്നു. നിരാശയോടെയുള്ള നില്പ്. ഒന്നും നേടാത്തവൻ. ഒരു മുക്കുവന്റെ സ്വപ്നങ്ങൾ മുക്കുപണ്ടമായി മാറിയിരിക്കുകയാണ്.

വല കഴുകി പണിതീർക്കുന്ന ശിമയോനോട് വല വീണ്ടും ആഴത്തിലേക്ക് നീക്കാൻ അവൻ പറഞ്ഞു.

വല മടക്കാൻ തുടങ്ങുന്ന തന്നോട് വലയെറിയുവാൻ പറയുന്ന ഗുരുവിനോട് വലിയ മുക്കുവൻ പറഞ്ഞു. രാത്രി മുഴുവനും അദ്ധ്വാനിച്ചു. ഒന്നും കിട്ടിയില്ല. **എങ്കിലും നീ പറഞ്ഞതല്ലേ, ഞാൻ വലയിറക്കാം.**

അവൻ അദ്ധ്വാനിച്ചത് മീനിനായിട്ടാണ്. വല നിറയെ കിട്ടിയത് കൊതിച്ച മീനാണ്. വല നിറയുവോളം മീൻ ദൈവവചനം അനുസരിച്ചവൻ നേടി. ഇറക്കിയ വലയിൽ നിറഞ്ഞ മത്സ്യം നോക്കി മതി മറന്നു നിൽക്കാൻ പത്രോസിനായില്ല.

രണ്ടു വള്ളങ്ങളിൽ നിറഞ്ഞശേഷവും **മീൻ** ബാക്കിയാകുകയാണ്.

malalankaralibrary.com

കീറിത്തുടങ്ങുന്ന മീൻ വലയുടെ തുമ്പിൽ നിന്ന് പിടിവിട്ട് നിറനന്മയായ ദൈവത്തിന്റെ വലയിലേക്കവൻ വീണു.

അവന്റെ നന്മയിൽ കനലുകളുണ്ട്. അവനു പൊള്ളി. കരിക്കട്ടയെപോലെയുള്ള തന്റെ ജന്മത്തെ തിരിച്ചറിഞ്ഞ് അവന്റെ കാൽക്കൽ വീണു. ഒരു ആർത്തനാദം അവന്റെ ആത്മനാദമായി. **കർത്താവേ എന്നിൽ നിന്ന് അകന്നു പോകണമേ. ഞാൻ പാപിയാണ്.**

കൊതിച്ച മീൻ വലയിൽ പിടയ്ക്കുന്നു. കർത്താവിന്റെ വചനം ഹൃദയത്തിൽ പിടയ്ക്കുന്നു. നെഞ്ചു പിടയ്ക്കുന്ന പാപബോധത്തിനു മുമ്പിൽ ദൈവം നൽകുന്നത് എടുത്തു കളയാത്ത സമാശ്വാസമാണ്.

പഴയനിയമത്തിലേക്ക് തിരിയാം

എഫ്രായീം കരയുകയാണ്. എനിക്കു വഴിതെറ്റിപ്പോയി. തെറ്റു മനസ്സിലാക്കിയപ്പോൾ ഞാൻ മാറത്തടിച്ചു കരഞ്ഞു. യൗവനത്തിലെ അപമാന ഭാരം ഞാനിപ്പോഴും വഹിക്കുന്നു.

ജറ. 31-20 പറയുന്നു. ഏഫ്രായിം എന്റെ വത്സല പുത്രനല്ലേ? എന്റെ ഓമനക്കുട്ടൻ. അവനു വിരോധമായി പെരുമാറുമ്പോഴെല്ലാം അവന്റെ സ്മരണ എന്നിലുദിക്കുന്നു. എന്റെ ഹൃദയം അവനു വേണ്ടി തുടിക്കുന്നു. എനിക്ക് അവനോടു നിസ്സീമമായ കരുണ തോന്നുന്നു.

ഈ കരുണ എഫ്രായിമിനു മാത്രമല്ല. പശ്ചാത്തപിക്കുന്ന ഏവർക്കു മുള്ളതാണ്.

ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല.

പാപിയെന്നു പ്രലപിക്കുന്ന പത്രോസിനോട് അവിടുന്നരുളി. **ഭയപ്പെടേണ്ട, നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും.**

മനുഷ്യരെ പിടിക്കുന്ന സമർപ്പണവലയുടെ വിലയായി അവർക്കുണ്ടായിരുന്ന വള്ളങ്ങളും, വള്ളം നിറഞ്ഞ മീനുകളും അവർ ലോകത്തിനു നൽകി.

വിശ്വസിക്കാൻ കൊള്ളാവുന്നവൻ പറഞ്ഞു. വിശ്വസിച്ചു. അവൻ വിധിക്കുന്നത് തങ്ങളുടെ ഹിതമെന്നവൻ തീരുമാനിച്ചു. സ്വർഗ്ഗത്തിനുള്ളതവർ സ്വീകരിച്ചു.

ഏലീയാ പ്രവാചകൻ ഹോറേബിലെ മലയിൽ ഗുഹയിൽ വസിച്ചു. ബാലിന്റെ ദേവന്മാരെ നശിപ്പിച്ചതിന് പകരം ചോദിക്കാൻ തുനിയുന്ന, ജസബേലിനെ ഭയന്ന് പലായനം ചെയ്ത പ്രവാചകനോട് കർത്താവ് ചോദിക്കുന്നു. **ഏലിയാ നീ ഇവിടെ എന്തു ചെയ്യുന്നു. ഏലീയ ഉത്തരം പറഞ്ഞു. സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ്. (1 രാജ 19-9,10)**

malalankaralibrary.com

തീക്ഷ്ണതയിൽ ജ്വലിക്കും മുമ്പ് തളർന്നുറങ്ങിയവനാണ് ഏലീയ. ജസബേലിനെ ഭയന്ന് ഓടിയോടി ബേർഷേബായിൽ നിന്ന് മരുഭൂമിയിലെത്തി ഒരു വാടാമുൾച്ചെടിയുടെ തണലിലിരുന്നവൻ പ്രാർത്ഥിച്ചു. **ഞാൻ എന്റെ പിതാക്കന്മാരേക്കാൾ മെച്ച മല്ല.** ഓരോ ദൈവവിളിയിലും എളിമയുടെ ഒരു പ്രതികരണമുണ്ട്.

അപ്പമോ വെള്ളമോ കിട്ടാതെ അലയുന്ന തന്റെ പ്രവാചകനെ തേടി കർത്താവിന്റെ ദൂതനെത്തി. എഴുന്നേറ്റു ഭക്ഷിക്കുകയെന്നരുളി അവനെ തട്ടിയുണർത്തി.

മരുഭൂമിയിൽ തനിക്കായി ഒന്നും കരുതാതിരുന്ന പ്രവാചകന് ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും ഒരു പാത്രം വെള്ളവും ദൈവം ഒരുക്കിയിരിക്കുന്നു.

ദൈവം നൽകിയ ഭക്ഷണത്തിന്റെ ശക്തിയാണ് നാല്പതു ദിനരാത്രങ്ങൾ നടന്ന അദ്ദേഹത്തിന് കർത്താവിന്റെ മലയായ ഹോറേബിൽ എത്തുവാൻ ഇടയാക്കിയത്.

ഞാനെന്റെ പിതാക്കന്മാരേക്കാൾ മെച്ചമല്ലെന്ന കുറവ് കർത്തൃ സന്നിധിയിൽ അറിയിക്കുന്ന ഏലിയായെപ്പോലെ പത്രോസ് പറഞ്ഞു **ഞാൻ പാപിയാണ്.**

ഏലിയായ്ക്ക് നൽകിയ അപ്പം പ്രവാചകന് ശക്തി പകർന്നതുപോലെ വചനത്തിന്റെ ശക്തി കർത്താവ് പത്രോസിനു നൽകുന്നു. ഭയപ്പെടേണ്ട നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും. ഈ വചനശക്തിയാണ് യാത്രയുടെ ശക്തി. വിശുദ്ധ കുർബാനയപ്പം നമ്മുടെ ജീവിത ശക്തിയാണ്.

തീക്ഷ്ണമായി കർത്താവിനെ ധ്യാനിച്ച ഏലിയാ ഹോറേബിൽ നിന്നിറങ്ങി സമതലത്തിലെത്തി ഏലിഷായെ വിളിക്കുന്നു.

ഈ വിളിക്കൊരു പ്രത്യേകതയുണ്ട്. **പന്ത്രണ്ട്** ഏർ കാള ഉഴുന്ന വയൽ, **പന്ത്രണ്ടാമത്തെ** നിരയിൽ ഏലിഷാ നിലം ഉഴുന്നു.

ഏലിയാ അവനു മുകളിൽ തന്റെ മേലങ്കിയിട്ടു. തീക്ഷ്ണതയാൽ ജ്വലിക്കുന്ന ഏലിയായുടെ കർത്താവിലുള്ള തീക്ഷ്ണത കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ ഏലിഷായെ കർത്താവിലേക്ക് ആകർഷിച്ചു. അവൻ ഉഴുതുകൊണ്ടിരുന്ന കലപ്പ കത്തിച്ച് ഒരേർ കാളയെകൊന്ന് അതിന്റെ മാംസം വേവിച്ച് കൂടെയുള്ളവർക്ക് കൊടുത്തിട്ട് അവനെ അനുഗമിച്ചു. കാന്തശക്തിയാൽ ഇരുമ്പ് കാന്തമായതുപോലെ.

മുക്കുവനായ പത്രോസ് വലയും വള്ളവും ഉപേക്ഷിച്ചുവെങ്കിൽ കർഷകനായ ഏലിഷാ കലപ്പയും കാളയും ഉപേക്ഷിച്ചു.

വചനവയൽ പന്ത്രണ്ടു പേരെകൊണ്ട് ഉഴുതുമറിക്കുവാൻ കർത്താവ് തീരുമാനിച്ചപ്പോൾ ഹോറേബിൽ ഏലിയാ കർതൃ തീക്ഷ്ണതയിൽ എരിഞ്ഞു പ്രാർത്ഥിച്ചതു പോലെ രാത്രി മുഴുവൻ മലയിൽ പ്രാർത്ഥിച്ച് യേശു പന്ത്രണ്ടു

malalankaralibrary.com

പേരെ തിരഞ്ഞെടുത്ത് അവർക്ക് അപ്പസ്തോലന്മാർ എന്നു പേരു നൽകി.

വിളിച്ചു ചേർത്തവരെ ദൗത്യമേൽപ്പിക്കുമ്പോൾ പിശാചുക്കളുടെ മേലും രോഗങ്ങളുടെ മേലും അവർക്ക് അധികാരവും ശക്തിയും കൊടുത്തു. ഏലിയായുടെ പുതപ്പുപോലെ അവരെ പൊതിഞ്ഞ് ദൈവത്തിന്റെ കൃപ ലഭിച്ചു. ഏലിയായ്ക്ക് പിന്നാലെ ഏലിഷാ യാത്രചെയ്തതു പോലെ **കൃപയ്ക്ക്** പിന്നാലെ അവർ യാത്രചെയ്യുന്നു.

ഓരോ യാത്രയ്ക്കും മുമ്പ് നമ്മൾ വസ്ത്രങ്ങൾ തയ്യാറാക്കും. വാഹനത്തിന്റെ കാര്യങ്ങൾ ക്രമപ്പെടുത്തും. താമസ സൗകര്യം ക്രമപ്പെടുത്തും. ഭക്ഷണകാര്യങ്ങൾ ഒരുക്കും. അത്യാവശ്യമെന്തെങ്കിലും വന്നാലോയെന്നുള്ള വ്യഗ്രത മൂലം പണം ക്രമപ്പെടുത്തും.

ഇവിടെയെല്ലാം നമ്മുടെ നിക്ഷേപങ്ങൾ ചിതറിക്കിടക്കുകയാണ്. നമ്മുടെ നിക്ഷേപം എവിടെയോ അവിടെയാണ് നമ്മുടെ ഹൃദയവും.

യേശുവിനു പിന്നാലെയുള്ള യാത്രയിൽ നമ്മുടെ ഹൃദയം ക്രിസ്തുവിന്റെ സ്നേഹത്തിലുള്ള നിക്ഷേപത്തിൽ മാത്രം കേന്ദ്രീകൃതമാകണം. അന്നന്നു വേണ്ടുന്ന അപ്പത്തിനു വേണ്ടി പ്രാർത്ഥിക്കുന്നവനാകണമെങ്കിൽ നമുക്കൊരു കരുതൽ ശേഖരത്തിന്റെ ഫ്രിഡ്ജ് ഉണ്ടാകരുത്.

ക്രിസ്തുവിലുള്ള യാത്ര, ക്രിസ്തുവിലേക്കുള്ള യാത്ര ദൈവ കരുതലിന്റെ വിശ്വാസത്തിലേക്കുള്ള കുതിച്ചു ചാട്ടമാണ്.

ദൈവത്തിന്റെ അത്ഭുത കരങ്ങളിൽ അർപ്പിക്കപ്പെടുന്ന ദാസന്റെ ലൗകിക നിരാശയിൽ ദൈവം ആത്മീയ പ്രത്യാശയാണ്. മരണം കൊതിക്കുന്ന ഏലിയായെ ദൈവതീക്ഷ്ണതയുടെ ചൂടിലേക്കുയർത്തുന്ന അപ്പവും വെള്ളവും നൽകുന്ന ദൈവമാണ് വിശ്വാസിയുടെ ശക്തി.

യാത്രയ്ക്ക് ഒരു വടി നീ കരുതേണ്ട. വീണുപോകുമോ എന്നു ഭയമുള്ളവനാണ് വടി വേണ്ടത്. പത്രോസിനെ വിളിച്ചപ്പോൾ അവൻ പറഞ്ഞത് ഭയപ്പെടേണ്ടന്നാണ്.

കാട്ടിലും മുള്ളിലും കുരുങ്ങിപ്പോകുമെന്ന് ഭയക്കുന്നവനാണ് വടിയുടെ ആവശ്യം. **കർത്താവിന്റെ വഴിയെന്തോ അതെന്റെ വഴി** എന്നു നിനച്ചാൽ പിന്നെ നമ്മൾ നമുക്കു ചുറ്റും സുരക്ഷിതത്വം തേടേണ്ട കാര്യമില്ല. ദൈവം വേണ്ടവ നൽകും. സഹനമാണവൻ നൽകുന്നതെങ്കിൽ സഹനം. അപമാനഭാരമാണവൻ നൽകുന്നതെങ്കിൽ അപമാന ഭാരം. അവന്റെ വഴി എന്റെ വഴി. അവിടെ ഞാനെടുക്കുന്ന വടി എന്റെ ദൈവവിളിക്കൊരു പ്രതിബന്ധമാകാൻ പാടില്ല

യാത്രയ്ക്കായിട്ട് നീയൊരു സഞ്ചി കരുതേണ്ട. സഞ്ചിക്ക് അറകൾ പലതുണ്ട്. കാശു വയ്ക്കാനൊരു അറ, തിരിച്ചറിയൽ കാർഡു വയ്ക്കാനൊരു അറ, ഫോട്ടോ വയ്ക്കാനൊരു അറ.

malalankaralibrary.com

മനസ്സാകുന്ന അറകളിൽ കരുതുന്നതൊക്കെയാണ് നാം നമ്മുടെ സഞ്ചികളിൽ ശേഖരിക്കുന്നത്. അറകളില്ലാത്ത നിഷ്ക്കളങ്കഹൃദയമുള്ളവരാണ് ദൈവത്തെ സ്നേഹിക്കുന്നത്. സഞ്ചിയും അറയുമുള്ള വാക്കുകൾ ക്രിസ്തു ശിഷ്യനുണ്ടാകരുത്. നേരും നെറിയും ഉള്ള ജീവിതം വേണം. ഉള്ളിലെ നേരും വാക്കിലെ നേരും തമ്മിൽ അകലമുണ്ടാകരുത്. പറയുന്ന കാര്യങ്ങൾക്കും പ്രവൃത്തിക്കുമിടയിൽ അറകൾ നിർമ്മിക്കാൻ പാടില്ല. ഉള്ളിലുള്ളതും ദൈവം, വാക്കിലുള്ളതും ദൈവം, പ്രവൃത്തിയിലുള്ളതും ദൈവം.

യാത്രയ്ക്കിടയിൽ വിശന്നു പോകാതിരിക്കാൻ നീ അപ്പം കരുതേണ്ട. അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളുടെ വിശപ്പകറ്റിയ തമ്പുരാൻ കൂട്ടിനായുണ്ട്. അപ്പം ചോദിച്ചാൽ പാമ്പിനെ കൊടുക്കില്ല. മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കില്ല. കടിക്കുന്നതിനെയും കുത്തുന്നതിനെയും നൽകി നിന്നെ പരിഹസിക്കുന്നവനല്ല ദൈവം.

ലുബ്ധനോടു പണം ചോദിക്കുന്നത് പെൺ കരടിയോട് കരടിക്കുഞ്ഞുങ്ങളെ ചോദിക്കുമ്പോലെയാണ്. യേശുക്രിസ്തുവിലുള്ള നിക്ഷേപം മാറുന്നത് ശിഷ്യത്വത്തിന്റെ തകർച്ചയാണ്. കൂട്ടത്തിൽ പണസഞ്ചി സൂക്ഷിക്കുന്ന യൂദാസിന് നിക്ഷേപം സഞ്ചിയിലും മനസ്സ് പണത്തിലുമായി. ശിമയോന്റെ മേടയിൽ സ്ത്രീയൊഴിച്ച തൈലത്തിന് മുന്നൂറ് ദനാറയുടെ വില യൂദാസ് കണക്കുകൂട്ടി. അവളുടെ അനുതാപത്തിന് യൂദാസ് വില നൽകിയില്ല. തനിക്കു ഭക്ഷണം തരുന്ന, തന്നെ ഏറ്റവുമധികം സ്നേഹിക്കുന്ന ഗുരുവിനെ കൊടുത്താലെന്തു കിട്ടുമെന്ന ചിന്തയായപ്പോൾ ഗുരുവിനെ വച്ചവൻ വിലപേശി. മുപ്പതുവെള്ളിക്കാശെന്ന നിക്ഷേപത്തിൽ യൂദാസ് മൂക്കുകുത്തി വീണു. യേശുവും ജീവിതവും നഷ്ടമായി. ഒരു ക്രിസ്തു ശിഷ്യന്റെ ദയനീയ അന്ത്യം ചരിത്രപാഠമായി. പാമ്പിന് വായിൽ വിഷം. തേളിന് വാലിൽ വിഷം. ദുർജ്ജനങ്ങൾക്ക് കർമ്മങ്ങളത്രയും വിഷം.

യേശുവിനു പകരമായി വയ്ക്കുന്നതെന്തും ശിഷ്യത്വത്തിൽ പരാജയത്തിലേക്കു നയിക്കും. പാപിനി ഒഴിച്ചതൈലം പോലെ പാവനമാണ് സമർപ്പണ ജീവിതം. ഓരോ സമർപ്പണജീവിതവും കർതൃപാദങ്ങളിൽ വീഴ്ത്തപ്പെടുന്ന സുഗന്ധതൈലമാണ്.

കീറിപ്പോകുമോയെന്നു ഭയപ്പെടുന്നവനാണ് ഉടുപ്പുകൾ ഏറെ വേണ്ടത്. ഏലിഷായുടെ മുകളിൽ വീണ പുതപ്പുപോലെ കർത്താവിന്റെ കൃപയുടെ വസ്ത്രം ശിഷ്യത്വത്തിലേക്കുള്ള വേർപെടുത്തലാണ്. വേർപെടുത്തപ്പെട്ടവന്റെ കൃപയുടെ വേഷം സമൂഹത്തിന്റെ പിടിവലികൾക്കിടയിൽ കീറിപ്പോകാത്ത ക്രിസ്തു ശിഷ്യനായി നിലകൊള്ളുവാൻ ദൈവവിളി ധ്യാനസംസ്കാരമാക്കണം. ഞാനെന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണെന്ന പൗലോസിന്റെ ബോദ്ധ്യം ശിഷ്യത്വത്തിന്റെ ബോദ്ധ്യമാണ്.

അയയ്ക്കുന്നവന്റെ ശ്രേഷ്ഠത അയയ്ക്കപ്പെടുന്നവൻ അറിയണം. കേസറിയ ഫിലിപ്പി പ്രദേശത്തെത്തുമ്പോൾ കർത്താവ് അവരോട് ചോദിക്കുന്നു.

malalankaralibrary.com

മനുഷ്യപുത്രൻ ആരെന്നാണ് നിങ്ങൾ പറയുന്നത്.

ശിമയോൻ പത്രോസ് പറഞ്ഞു. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.

സ്വർഗ്ഗസ്ഥനായ പിതാവാണിത് വെളിപ്പെടുത്തിയതെന്ന് പത്രോസിനോട് പറയുന്ന യേശു തബോർ മലയിലെ മഹത്വത്തിലേക്ക് അവരെ കൂട്ടികൊണ്ടുപോയി. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സാക്ഷ്യം അവരെ അറിയിക്കുന്നു. ഇവനെന്റെ പ്രിയപുത്രൻ ഇവന്റെ വാക്കു കേൾക്കുവിൻ.

അവന്റെ മഹത്വം പറഞ്ഞവൻ അവന്റെ മഹത്വം കണ്ടവൻ കുരിശിലെ യേശുവിന്റെ മഹത്വം കുരിശുമരണത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ചില്ല. പ്രഖ്യാപിക്കേണ്ടത് പ്രഖ്യാപിക്കാനായില്ലെന്നത് പത്രോസിന്റെ വേദനയായിരുന്നു.

ഇത്തിരി ചൂടിനായി ക്രിസ്തുവിനെ തള്ളിപ്പറഞ്ഞപ്പോൾ പൊള്ളലേറ്റ കോഴി അവന്റെ മാനസാന്തരത്തിനായി ഉച്ചത്തിൽ കൂവി. സുവിശേഷം പ്രഘോഷിക്കേണ്ടവൻ പ്രഘോഷിക്കാതിരുന്നാൽ കല്ലുകൾ ദൈവത്തിനായി ആർത്തു വിളിക്കും.

ഇവിടെ പത്രോസിനെ ഗുരു തിരിഞ്ഞുനോക്കുന്നു. ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിനെ പത്രോസ് തിരിച്ചറിഞ്ഞു. തന്നെ തിരിഞ്ഞുനോക്കാൻ ക്രിസ്തുമാത്രമേയുള്ളുവെന്ന തിരിച്ചറിവിന്റെ ശിഷ്യത്വം അവനു സ്വന്തമായി. ജീവനിലേക്ക് ജീവൻ അലിയുന്ന തിരിച്ചറിവ്. പെറ്റമ്മയ്ക്ക് മുമ്പേ അറിഞ്ഞദൈവം തന്റെ സ്വന്തം എന്നുള്ള സ്വകാര്യ ശ്രേഷ്ഠത.

പഴയനിയമത്തിലേക്ക് കണ്ണോടിക്കാം.

ഏലിയ സ്വർഗ്ഗത്തിലേക്ക് എടുക്കും മുമ്പേ ഏലിഷായോടു ചോദിച്ചു. എടുക്കപ്പെടുന്നതിനു മുമ്പ് ഞാൻ എന്താണ് ചെയ്തു തരേണ്ടത്?

അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപ്പങ്ക് എനിക്ക് ലഭിക്കട്ടെ.

എടുക്കപ്പെടുന്നത് കാണുന്നുവെങ്കിൽ നിനക്ക് അത് ലഭിക്കും. കണ്ടില്ലെങ്കിൽ ലഭിക്കുകയില്ല.

അഗ്നി രഥങ്ങളിൽ ഏലിയ കരേറിയതുകണ്ട ഏലിഷാ പിന്നെ നയിക്കപ്പെടുന്നത് ദൈവാത്മ ശക്തിയാലാണ്.

യേശുക്രിസ്തു സ്വർഗ്ഗത്തിലേക്ക് കരേറും മുമ്പ് അവരോടു പറഞ്ഞു. പരിശുദ്ധാത്മ ശക്തി നിങ്ങളുടെമേൽ വരും. അവൻ എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും.

അഗ്നിരഥങ്ങളിൽ സംവഹിക്കപ്പെടുന്ന ഏലിയായെ എലിഷാ കണ്ടതുപോലെ ബഥാനിയാവരെ അവരെ കൂട്ടികൊണ്ടു പോയശേഷം കൈകൾ ഉയർത്തി അനുഗ്രഹിച്ചു മറയുന്ന യേശുവിനെ അവർ കണ്ടു.

malalankaralibrary.com

ഏലിഷായ്ക്ക് ആത്മാവിനെ ലഭിച്ചു. ശിഷ്യർക്ക് പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവിനെയും.

പരിശുദ്ധാത്മാവു നിറഞ്ഞ പുതിയ സൃഷ്ടിയായ പത്രോസ് ദേവാലയത്തിൽ സുന്ദരകവാടത്തിനരികെ എത്തിയപ്പോൾ മുടന്തനായ ഭിക്ഷക്കാരൻ കരം നീട്ടി. ഭിക്ഷ തേടിയവന് രക്ഷനൽകി പത്രോസ് പറഞ്ഞു. വെള്ളിയോ പൊന്നോ കരങ്ങളിലില്ല. എനിക്കുള്ളതു നൽകുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക.

അവൻ കുതിച്ചു ചാടി ദൈവത്തെ സ്തുതിച്ചു. പത്രോസിന്റെ നിഴലെങ്കിലും വീഴുവാൻ രോഗികൾ കൊതിച്ചു. (അപ്പ:പ്ര: 5-15)

ദിവ്യ സമ്പത്തായി യേശു മാറിയപ്പോൾ പത്രോസിന്റെ നിഴലുപോലും സൗഖ്യം നൽകുന്നതായി മാറി. യേശുക്രിസ്തുവിന്റെ നിഴലാരും തേടിയില്ല. പത്രോസിന്റെ നിഴൽപോലും ആളുകൾ തേടി. ക്രിസ്തുവിൽ കരുത്തനായി മാറുന്ന വലിയ മുക്കുവൻ.

യാക്കോബ് ശ്ലീഹാ എഴുതുന്നു ദൈവത്തോട് ചേർന്നു നിൽക്കുവിൻ. അവിടുന്ന് നിങ്ങളോടും ചേർന്നു നിൽക്കും. (യാക്കോ. 4-8)

നമുക്കു ദൈവത്തോടു ചേർന്നു നിൽക്കാം. കുട്ടിവയ്ക്കുന്ന ലൗകിക മഹത്വം മറന്ന് ക്രിസ്തുവിന്റെ ശൂന്യവത്ക്കരണ മഹത്വം സ്വന്തമാക്കുമ്പോൾ നമ്മുടെ നിഴലും ക്രിസ്തുസാക്ഷ്യമാകും.

കാലൻകോഴിക്കും കല്ലിനും മുകളിൽ ശിഷ്യത്വത്തിന്റെ നിഴലിനും സുവിശേഷ ജീവൻ ലഭിക്കും.

malalankaralibrary.com



ധ്വനി

കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവനും പ്രകാശിക്കും. കണ്ണു ദുഷിച്ചതെങ്കിലോ ശരീരം മുഴുവനും ഇരുണ്ടുപോകും (ലൂക്കോ. 11:34)

കണ്ണിന്റെ ധർമ്മം കാഴ്ച നൽകുകയെന്നതാണ്.

കാഴ്ചയിൽ നിന്നുണ്ടാകുന്ന കാഴ്ചപ്പാടുകളാലാണ് നമ്മുടെ ജീവിതം നയിക്കപ്പെടുന്നത്.

കാഴ്ചപ്പാടുകളാണ് ഒരുവനെ ആത്മീകതയിലേക്കോ ലൗകികതയിലേക്കോ എത്തിക്കുന്നത്. ലോകം മുഴുവനും നേടിയാലും ആത്മാവു നഷ്ടമായാൽ പ്രയോജനമില്ലെന്നുള്ള കാഴ്ചപ്പാടിൽ ജീവിതം നയിക്കുന്ന വ്യക്തി ആത്മിക മനുഷ്യനാണ്.

അറപ്പുരകൾ വലുതാക്കി ധാന്യശേഖരം കണ്ടാനന്ദിക്കുമെന്നുള്ള കാഴ്ചപ്പാടിൽ ജീവിക്കുന്ന വ്യക്തി ലൗകിക മനുഷ്യനാണ്.

ഒരു മനുഷ്യനിൽ തന്നെ നിരന്തരം ആത്മിക മനുഷ്യനും ലൗകിക മനുഷ്യനും യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു.

റോമാലേഖനം 7/19-21 വരെ വാക്യങ്ങളിൽ പൗലോസ് അപ്പസ്തോലൻ പറയുന്നു. ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. നന്മ ചെയ്യാനാഗ്രഹിക്കുന്ന എന്നിൽത്തന്നെ തിന്മയുണ്ട് എന്നൊരു തത്വം ഞാൻ കാണുന്നു.

കാഴ്ചപ്പാടുകൾ ദുഷിച്ചപ്പോഴാണ് മണ്ണിൽ പാപം ഉടലെടുത്തത്.

തോട്ടത്തിനു നടുവിലെ വൃക്ഷത്തിന്റെ ഫലം ഭുജിക്കരുതെന്നുള്ള ദൈവകല്പനയുടെ ലംഘനം മനുഷ്യനെ വീഴിച്ചത് പാപത്തിലേക്കാണ്.

വേദപുസ്തകം ഹവ്വായുടെ കാഴ്ചയെപ്പറ്റി പറയുന്നു. ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും അറിവേകാൻ അഭികാ

malalankaralibrary.com

മ്യവും എന്നവൾ കണ്ടു.

കാഴ്ചയിൽ നിന്നുണ്ടായ കാഴ്ചപ്പാട് പ്രവൃത്തിയായപ്പോഴവൾ ദൈവ കല്പന ലംഘിച്ച് ഫലം പറിച്ചെടുത്തു ഭക്ഷിച്ചു.

ജഡികതാല്പര്യം ആത്മികഭാവത്തിനു മുകളിലുയർന്നപ്പോഴാണ് ഹവ്വാ പാപിയായത്.

ജഡിക താല്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സ് ദൈവത്തിന്റെ ശത്രുവാണ്. അതു ദൈവത്തിന്റെ നിയമത്തിന് കീഴ്പ്പെടുന്നില്ല. കീഴ്പ്പെടാൻ അതിനു സാധിക്കുകയുമില്ല. (റോമ. 8/7) മണ്ണു കൊതിക്കുന്ന കാഴ്ചയുടെ ദയനീയ ഭാവം ലോത്തിന്റെ ജീവിതത്തിൽ കാണുവാൻ കഴിയും.

സമ്പത്തേറിയപ്പോൾ അബ്രഹാമിന്റെയും ലോത്തിന്റെയും ഇടയന്മാർ തമ്മിൽ വഴക്കായി.

ആത്മനയനങ്ങളാൽ പ്രകാശിക്കുന്ന അബ്രാം പറഞ്ഞു. നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. വലതു ഭാഗത്തേക്കു നീ പോകുന്നുവെങ്കിൽ ഞാൻ ഇടത്തുഭാഗത്തേക്കു പൊയ്ക്കൊള്ളാം. ഇടത്തു ഭാഗത്തേക്കു നീ പോകുന്നുവെങ്കിൽ ഞാൻ വലത്തു ഭാഗത്തേക്കു പൊയ്ക്കൊള്ളാം.

ഹവ്വാ കർത്താവിന്റെ തോട്ടത്തിലെ പഴത്തിൽ ആസ്വാദ്യത അനുഭവിച്ചുവെങ്കിൽ ലോത്ത് ജോർദ്ദാൻ സമതലം നീരൊഴുക്കുള്ളതും കർത്താവിന്റെ തോട്ടം പോലം മനോഹരവുമെന്ന് കണ്ടു.

ലോത്ത് സോദോം തിരഞ്ഞെടുത്തു. കണ്ണിലെ കാഴ്ചയ്ക്കു മുമ്പിൽ ലോത്ത് തന്റെ സംസർഗം ആരുമായിട്ടെന്നുള്ളത് ചിന്തിച്ചില്ല.

സോദോമിലെ ജനങ്ങൾ ദുഷ്ടരും കർത്താവിന്റെ സന്നിധിയിൽ മഹാ പാപികളുമെന്നറിഞ്ഞത് വൈകിയാണ്.

ദുഷിച്ച കണ്ണുകളുള്ള ജനത്തിനിടയിൽ ലോത്ത് വലയുന്നു.

ഭാര്യയും പെൺമക്കളുമായി സോദോം വിട്ടുപോകുന്ന ലോത്ത് കണ്ണിന്റെ കാഴ്ചയുടെ അർത്ഥശൂന്യത വ്യക്തമായി മനസ്സിലാക്കുന്നത് വിട്ടു പോകുന്ന പട്ടണത്തിലേക്ക് തിരിഞ്ഞുനോക്കരുതെന്ന ദൈവദൂതന്മാരുടെ ആജ്ഞലംഘിച്ച് തിരിഞ്ഞുനോക്കിയ ഭാര്യ ഉപ്പുതൂണായപ്പോഴാണ്. കാഴ്ചകളെ പിരിയുവാനാവാത്ത സ്ഥിതി നമ്മെ മോഹങ്ങളുടെ ഉപ്പുതൂണുകളാക്കും.

സോദോം നഗരം പഠിപ്പിച്ച തിൻമ പ്രവർത്തികൾ സ്വന്തമാക്കിയ ലോത്തിന്റെ പെൺമക്കൾ അപ്പനെ പ്രാപിക്കുന്നു. പാപം കൊടുങ്കാറ്റായി വീശുകയാണ്. ഒരു കാഴ്ചയുടെ തുമ്പിൽ നിന്നുള്ള പുറപ്പാടാണിത്. കണ്ണുകൊതിച്ച നഗരം ലോത്തിന്റെ സംസ്ക്കാരത്തിന് നൽകിയത് മനസ്സുരുകുന്ന ജീവിതാനുഭവങ്ങളാണ്. മദ്യത്തിലേക്കും അസൻമാർഗികതയിലേക്കും തിരിഞ്ഞുനോക്കി നിന്നുപോകുന്നവരേ, ഉപ്പുതൂണുകൾ സൃഷ്ടിക്കുന്ന സംസ്കാരത്തിൽനിന്ന് പ്രകാശിതമായ ക്രിസ്തു സംസ്കാരത്തിലേക്ക് മടങ്ങിവരുക. ദൈവത്തിങ്കലേക്ക് കണ്ണുകളുയർത്തുക. പ്രത്യാശയുടെ പ്രകാശം സ്വന്തമാക്കി

malalankaralibrary.com

ധന്യരാവുക.

മട്ടുപ്പാവിൽ നിന്ന് സായാഹ്നത്തിൽ ദൈവത്തിങ്കലേക്ക് കണ്ണുകളുയർത്തേണ്ട ദാവീദ് മണ്ണിലെ ബേത്ഷേബായിലേക്ക് ദുഷിച്ച കണ്ണുകൾ താഴ്ത്തിയപ്പോൾ ദുർമ്മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിച്ചു.

ബേത്ഷേബായ പ്രാപിച്ച ദാവീദ് ആ പാപത്തിൽതന്നെ ചലിക്കുന്ന ഉപ്പുതൂണായി കൊടുംപാതകങ്ങൾ ചെയ്തു.

ജീവനുതുല്യം രാജാവിനെ സ്നേഹിച്ച ഊറിയാ എന്ന ബേത്ഷേബായുടെ ഭർത്താവിനെ യുദ്ധമുഖത്ത് തന്ത്രപൂർവ്വം പടയെ പിന്നോക്കം വലിച്ച് കൊലചെയ്തു.

എല്ലാം ശുഭമായിയെന്ന് കണക്കുകൂട്ടുമ്പോൾ പതിനായിരം സൂര്യനെക്കാൾ ജ്വലിക്കുന്ന കർത്താവന്റെ കണ്ണിലെ ക്രോധം നാഥാൻ പ്രവാചകൻ അവന്റെ അരുകിലെത്തിച്ചു. നിന്റെ ഭവനത്തിൽനിന്ന് വാൾ ഒഴിയുകയില്ല. നീ രഹസ്യത്തിൽ ചെയ്ത പാപം നിന്റെ ഭാര്യമാരോട് പട്ടാപ്പകൽ മറ്റുള്ളവർ ചെയ്യും.

പാവപ്പെട്ട ഊറിയായെ വാളിനാൽ ചതിച്ച രാജാവിന്റെ പിന്നാലെ മകനായ അബ്ശലോം വാളുമായി അടുക്കുന്നു. മകളായ താമാറിനെ മറ്റൊരു മകനായ അമ്നോൺ നശിപ്പിക്കുന്നു. പ്രതികാരമായി അബ്ശലോം അമ്നോണിനെ കൊല്ലുന്നു.

സ്വസ്ഥത തകർന്ന ദാവീദിന്റെ പിന്നിൽ ദുഷിച്ച ഒരു നോട്ടത്തിന്റെ പട്ടയമുണ്ട്. പുരമുകളിൽ തനിച്ചിരിക്കുന്ന പക്ഷിയെപ്പോലെ ഏകനായി അദ്ദേഹം മാറി.

ദുഷിച്ച വഴികളിൽ യാത്ര ചെയ്യുന്നവൻ പെരുവഴിയിലാകും.

എനിക്ക് ജീവിതം ക്രിസ്തുവെന്നരുളിയ പൗലോസിന്റെ കാഴ്ചപ്പാട് ക്രിസ്തുവിനുവേണ്ടി അന്ധനാകുവാൻ കഴിയുന്ന പുണ്യമാണ്.

ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാനുള്ള ഡമാസ്ക്കസ് യാത്രയിൽ ആകാശത്തുനിന്നു പതിച്ച മിന്നലൊളിയിൽ നിലം പതിച്ചവൻ പൗലോസ്. കണ്ണു തുറന്നിരുന്നിട്ടും ഒന്നും കാണാതെ പൗലോസ് ചോദിച്ചു. കർത്താവേ നീയാരാണ് ?

നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ. കാഴ്ചപ്പാടില്ലായ്മയിൽ നിന്നുള്ള കാഴ്ചപ്പാടിനെ സ്വന്തമാക്കി ഉപവാസത്തിലേക്കും പ്രാർത്ഥനയിലേക്കും പൗലോസ് നീങ്ങി.

അവന്റെ ധ്യാനപൂർണ്ണതയിൽ അനനിയാസ് അവന്റെ ശിരസ്സിൽ കൈകൾ വച്ചു പ്രാർത്ഥിച്ചപ്പോൾ കണ്ണിൽനിന്ന് ചെതുമ്പലുകൾ പോലെ എന്തോ ഒന്ന് അടർന്നുവീണു.

ഓരോ പ്രാർത്ഥനയും നമ്മുടെ അജ്ഞാനത്തിന്റെ ചെതുമ്പലുകളെ അടർത്തിക്കളയുന്നതാണ്.

കാഴ്ച കിട്ടിയവൻ ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുവിന് ഉള്ള

malalankaralibrary.com

വനായി.

യേശു പറഞ്ഞു എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

പൗലോസിലെ ആത്മിക മനുഷ്യൻ അതിനുള്ള മറുപടി ജീവിതം കൊണ്ടു നൽകി. ഞാനെന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്.

കരയിൽ നടന്ന ക്രിസ്തു കടലിലും നടന്നു. മൃതനെ ഉയർപ്പിച്ച യേശു കല്ലറയെ പൊളിച്ചു പുറത്തുവന്നു. കാലിത്തൊഴുത്തിനും ഗാഗുൽത്തായ്ക്കു മിടയിൽ അവന്റെ കണ്ണുകൾ ഓരോ ദു:ഖിതരെയും ക്രിസ്തുവാക്കി മാറ്റി. ആ സ്നേഹത്തിലേക്ക് കണ്ണുറപ്പിച്ചവനെ ആർക്കും പിഴുതുമാറ്റുവാനാകില്ല. പാവപ്പെട്ടവന്റെ മുഖം ക്രിസ്തുവിന്റെ മുഖമാണ്

റോമ. 8:35 പറയുന്നു ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും ? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. നിന്നെപ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു. കൊലയ്ക്കുള്ള ആടുകളെപ്പോലെ കരുതപ്പെടുകയും ചെയ്യുന്നു. നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണ്ണവിജയം നേടുന്നു.

എല്ലാ ക്ലേശങ്ങളുടെയും മുള്ളിൻ തുമ്പിൽ വിടരുന്ന കാരുണ്യപ്പൂക്കൾ കാണുവാൻ നമുക്ക് ദൈവം കാഴ്ചയേകട്ടെ.

പെന്തക്കോസ്തുനാളിൽ ഓരോരുത്തരുടെയും ശിരസ്സുകളിലേക്കിറങ്ങിയ പരിശുദ്ധാത്മാവ് കണ്ണിന്റെ കൃഷ്ണമണിയിൽ തെളിഞ്ഞുനിന്നപ്പോൾ ഇത്തിരി തീയ്ക്കുവേണ്ടി കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസ് ആത്മാവിൽ തീപിടിച്ച് കർത്താവിനെ ഏറ്റുപറയുന്ന വാക്കുകൾ നെഞ്ചിലെ തീയിൽ കത്തിച്ച് ജനക്കൂട്ടത്തിലേക്കിട്ടു. കണ്ടുനിന്നവരിൽ ആ തീ പടർന്നുപിടിച്ചപ്പോൾ അവർ പുതിയൊരു കാഴ്ചപ്പാടിൽ നിന്നു ചോദിച്ചു. രക്ഷപ്രാപിക്കാൻ ഞങ്ങളെന്തു ചെയ്യണം ? അവന്റെ കണ്ണിൽ അവർ തിളങ്ങി. അവരുടെ കണ്ണിൽ ക്രിസ്തു തിളങ്ങി.

കർത്താവായ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക.

ക്രിസ്തുവിനെ നമ്മൾ സ്വീകരിക്കുന്ന കാഴ്ചപ്പാടിൽ നിന്ന് നമ്മൾ മാറേണ്ടത് മറ്റൊരു ക്രിസ്തുവായി മാറുന്ന പ്രകാശത്തിലേക്കാണ്.

ഗലാ 6/8 പറയുന്നു സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽനിന്ന് നാശം കൊയ്തെടുക്കും. ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽനിന്ന് നിത്യജീവൻ കൊയ്തെടുക്കും.

കണ്ണിനു മുമ്പിൽ നമ്മുടെ ജീവിതാന്ത്യം നിറയുമ്പോൾ നമ്മുടെ പ്രവർത്തനം ആത്മാവ് നിറഞ്ഞതാകും.

ജീവിതം ജഡിക സുഖങ്ങളുടെ ആസ്വാദനത്തിനായി ചിലവഴിക്കുന്നവർ ജഡത്തിൽ നിന്ന് നാശം കൊയ്തെടുക്കും. ജീവിതം നശിപ്പിക്കുന്ന പുഴുവിന്റെ ഗർഭപാത്രം ജഡിക ദുർവാസനയാണ്. ശവപ്പറമ്പിൽ ശവം അട

malalankaralibrary.com

ക്കാൻ പോകുന്ന ഒരുവനെ നോക്കി പുഴുക്കൾ പറയുന്നുണ്ടാവും. നമുക്ക് പ ലഹാരം വന്നു. മരിക്കാനുള്ള പലഹാരം നടന്നു നീങ്ങുന്നു.

മധുരമുള്ള മാങ്ങായുടെ ഉള്ളിലെ പുഴുവിനെ കാണുന്നതു വൈകി യാണ്.

ഞാൻ പർവ്വതത്തിലേക്ക് കണ്ണുകൾ ഉയർത്തുന്നു. എന്റെ സഹായം എവിടെനിന്ന് ? ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്നാണ് എന്റെ സഹായം.

ക്രിസ്തുവിനെ കാണുന്ന കണ്ണുകൾ ക്രിസ്തുവിനെ അനേകരിലെ ത്തിക്കുന്ന കാഴ്ചപ്പാടുകൾ സൃഷ്ടിക്കും.

ക്രിസ്തു രൂപം കൊള്ളുവാനായി വേദനിക്കുന്ന പൗലോസിന്റെ കണ്ണു കളുടെ കാഴ്ച നമ്മുടെയും കാഴ്ചയായി മാറട്ടെ.

malalankaralibrary.com



വിധേയൻ

രാജാവ് മറുപടി പറയും സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരന് നിങ്ങൾ ഇതു ചെയ്തു കൊടുത്ത പ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത് (മത്താ. 25/40)

തോട്ടിക്കമ്പിനു മുന്നിൽ ചലിക്കാതെ നിൽക്കുന്ന ആന തന്റെ സങ്കട ങ്ങൾ കവിതയാക്കിയിരുന്നെങ്കിൽ ഇങ്ങനെയൊരു നാലുവരി കവിത പിറക്കു മായിരുന്നില്ലേ?

ആനയെന്നാരും എന്നെ വിളിക്കല്ലേ

ആക്ഷേപിച്ചെന്റെ തോലു പൊളിക്കല്ലെ

കാട്ടിലെ കരീവീരൻ ഞാനങ്ങനെ

നിങ്ങടെ നാട്ടിലെ പണിയാളനായി?

രോഗങ്ങളുടെയും ദാരിദ്ര്യത്തിന്റെയും തോട്ടിക്കമ്പിനു മുമ്പിൽ ചലന മറ്റു നിൽക്കുന്ന മനുഷ്യൻ ഈ ആനയെപ്പോലെയാണ്.

മനുഷ്യന്റെ വലിപ്പത്തെപ്പറ്റി പറയുമ്പോഴും ഇത്തിരിപ്പോന്നൊരു തോട്ടി ക്കമ്പായി എത്തുന്ന രോഗത്തിന്റെയോ ദാരിദ്ര്യത്തിന്റെയോ അരുകിൽ വിധേ യമായി നിൽക്കേണ്ടി വരുന്ന അവസ്ഥ.

ദരിദ്രനെയും രോഗിയെയും കുറ്റവാളിയായി കരുതരുത്. അവരെ ശിക്ഷിക്കരുത്. യേശുവിന്റെ മുഖമാണ് അവർക്കുള്ളത്. നമ്മുടെ അതിക്രമ ങ്ങൾക്കായി വേദന സഹിച്ച ത്യാഗമുഖം.

എളിയവരിൽ ക്രിസ്തുവിനെ കാണണമെങ്കിൽ ക്രിസ്തു നമ്മുടെ ഭ്രാന്തായി മാറണം.

പാദം കഴുതിയ ക്രിസ്തുവിന്റെ മുഖം ഒരു പാത്രം വെള്ളത്തിൽ

malalankaralibrary.com

പത്രോസ് കണ്ടതുപോലെ എളിയവരുടെ കണ്ണീർത്തുള്ളികളിൽ ക്രിസ്തുവിന്റെ മുഖം കാണാനാകുന്ന വ്യക്തിക്ക് ചൂടോ തണുപ്പോ ഇല്ലാത്തവനായി ഒതുങ്ങുവാനാകില്ല. അവനെ തുപ്പികളയുവാനാകില്ല.

ക്രിസ്തുവിന്റെ മുഖം പ്രതിബിംബിക്കുന്ന പാത്രത്തിലെ വെള്ളത്തിൽ ഓളങ്ങൾ ഇളകിയപ്പോൾ പത്രോസിന്റെ മനസ്സിലെ പാത്രത്തിൽ തന്നെ വിളിച്ചു വേർതിരിച്ചെടുത്ത ഇടമായ കടലാണ് ഇരമ്പിയത്.

കരയുന്ന കടലായി മനസ്സുമാറിയപ്പോൾ തേങ്ങലോടെ വലിയ മുക്കുവൻ പറഞ്ഞു, നീ ഒരിക്കലും എന്റെ പാദം കഴുകരുത്.

യേശു അദ്ദേഹത്തോടു പറഞ്ഞു, ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടു കൂടെ പങ്കില്ല.

എളിയവന്റെ പാദത്തോളം താഴുവാനുള്ള വിളിയാണ് ക്രിസ്തുവിന്റെ വിളി.

ക്രിസ്തുവിന്റെ കരങ്ങൾ നമ്മുടെ പാദത്തോളമെത്തുന്നു. മഞ്ഞുകട്ട പോലെയുള്ള ഞാനെന്ന ഭാവം ക്രിസ്തുവിന്റെ സ്നേഹചൂടിൽ ഒഴുകി അപരനിൽ ലയിക്കും. അവനോടൊപ്പം ആ സ്നേഹച്ചൂടിൽ ആത്മാവിൽ ഒന്നായിത്തീരുമ്പോൾ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെന്ന തിരിച്ചറിവ് അവനും ഞാനും ചേരുന്ന ഒരു കൂട്ടത്തിന്റെ ശക്തിയാകും.

പാദങ്ങളോളം ചേരുന്ന ക്രിസ്തുവിന്റെ കരങ്ങൾ അനുഗ്രഹത്തിനായി ഉയരുന്നതായി എളിയവർ കാണേണ്ടത് ക്രിസ്തുവിൽ ജീവിക്കുന്ന മനുഷ്യർ തങ്ങളുടെ സദ്പ്രവൃത്തികളാൽ ദൈവത്തെ മഹത്വപ്പെടുത്തുമ്പോഴാണ്.

ജ്ഞാനം ശരിയെന്നു തെളിയുന്നത് അത് സ്വീകരിക്കുന്നവരിലൂടെയാണ് (ലൂക്കാ 7/35)

എളിമയുടെ പാഠം കർത്താവു നൽകി. ആ പാഠത്തെ ലോകത്തിനു നൽകുന്നത് അത് സ്വീകരിച്ചവരാണ്. അവരിലൂടെയാണ് ആ ജ്ഞാനം പ്രഘോഷണം ചെയ്യപ്പെടുന്നത്.

വി. ഫ്രാൻസിസ് അസ്സീസ്സി നടന്നു വരികയായിരുന്നു. എതിരേ വരുന്നു മൂടിപ്പുതച്ചൊരു കുഷ്ഠരോഗി. ഫ്രാൻസിസിലെ ജഡിക മനുഷ്യൻ പറഞ്ഞു. വഴിമാറിപ്പോകാം. ഫ്രാൻസിസിലെ ആത്മികമനുഷ്യൻ ശക്തമായി ചോദിച്ചു. വഴിമാറിപ്പോകേണ്ടവനാണോ ക്രിസ്തുശിഷ്യൻ?

വിശുദ്ധനിലെ ആത്മിക മനുഷ്യന്റെ ജ്ഞാനം ശരിയെന്ന് അദ്ദേഹം അറിഞ്ഞു. സ്വീകരിച്ച ജ്ഞാനം അദ്ദേഹം പ്രവൃത്തിയാക്കി.

അദ്ദേഹം ആ കുഷ്ഠരോഗിയുടെ അരുകിലേക്കോടിച്ചെന്നു. ആവേശത്തോടെ ആ മുറിവുകൾ ചുംബിക്കുവാൻ തുടങ്ങി. വിശുദ്ധന്റെ ചുംബനമേറ്റ ഓരോ മുറിവും സുഖപ്പെടുവാൻ തുടങ്ങി. ഒടുവിൽ അഞ്ചു മുറിവുകൾ മാത്രം

malalankaralibrary.com

എത്ര ചുംബിച്ചിട്ടും മാഞ്ഞില്ല. അവന്റെ വിലാപ്പുറത്തെ മുറിവ് കൈകളിലെയും പാദങ്ങളിലെയും മുറിവുകൾ.

നിലവിളിയോടെ ഫ്രാൻസിസ് ക്രൂശിതനെ തിരിച്ചറിഞ്ഞു.

വാക്കുകൾ കൊണ്ടുള്ള ചുംബനം പ്രവൃത്തികൾ കൊണ്ടുള്ള ചുംബനം ഇവ കൊണ്ടെല്ലാം ഓരോ എളിയവനിലും ക്രിസ്തു രൂപം കൊള്ളുന്നു. അവർക്ക് സേവനം ചെയ്യുന്നവർക്ക് ക്രിസ്തുവിനെ കാണുവാനാകുന്നു.

ഒരു വ്യക്തിയും വെയ്സ്റ്റല്ല. ക്രിസ്തുവിനായി സമൂഹത്തെ പുളിപ്പിക്കുന്ന ഈസ്റ്റാണ് ഓരോ പീഡിതനും.

നമ്മുടെ മുറിയിലെ വേസ്റ്റുബോക്സിൽ നമ്മൾ മുറിക്ക് ആവശ്യമില്ലാത്തവയൊക്കെയിടും.

വീടുകൾക്കു മുമ്പിലുള്ള വെയ്സ്റ്റു ബോക്സിൽ വീട്ടുകാർക്ക് ആവശ്യമില്ലാത്തതൊക്കെയിടും.

ഒരിക്കൽ ഐ.പി.എസ് കിട്ടിയ ഒരാൾ പറയുകയുണ്ടായി. അവരുടെ വീട്ടിൽ ബാല്യകാലത്ത് അമ്മ ജോലിക്കാരോട് പലവ്യഞ്ജനക്കടയിൽനിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവരാൻ പറയുമായിരുന്നു. അന്ന് സാധനങ്ങൾ പൊതിഞ്ഞുകൊണ്ടു വന്നിരുന്ന പത്രക്കടലാസുകൾ അവർ ബാല്യകാലത്ത് സൂക്ഷിച്ചു വയ്ക്കുമായിരുന്നു. അതിൽനിന്ന് നോട്ട്സ് തയ്യാറാക്കുമായിരുന്നു. തന്റെ ഐ.പി.എസിനു പിന്നിൽ ആ തുണ്ടുകടലാസുകൾക്കുള്ള സ്വാധീനം വലുതാണെന്നവർ പറഞ്ഞു.

പഴം തിന്നിട്ട് പഴത്തൊലി നമ്മൾ വലിച്ചെറിയും. പക്ഷേ ആടിന് ആ പഴത്തൊലി സെവൻസ്റ്റാർ ഭക്ഷണമാണ്.

ഓരോ വെയ്സ്റ്റു ബോക്സും അക്ഷയപാത്രങ്ങളാണ്.

അമേരിക്കൻ പ്രസിഡന്റിന്റെ വാർത്തയുള്ള പത്രത്താളിൽ തുടങ്ങി ചീഞ്ഞ ടൊമാറ്റോ വരെയുള്ള വെയ്സ്റ്റ് ബോകസ് പോലൊരു വെയ്സ്റ്റു ബോക്സ് നമ്മുടെ ഉള്ളിലുമില്ലേ?

രോഗികളും പീഡിതരുമായവരെ തള്ളിയിട്ടിരിക്കുന്ന മനസ്സിന്റെ വെയ്സ്റ്റുബോക്സ്.

മറക്കാതിരിക്കുക ഈ വെയ്സ്റ്റുബോക്സിൽ കിടക്കുന്നവർ നമ്മുടെ ന്യായാധിപന്മാരാണ്.

അന്ത്യവിധിയിൽ കർത്താവിന്റെ കണക്കുപുസ്തകത്തിൽ നമുക്കായി ശരിയുടെ ചിഹ്നമിടേണ്ടവരാണ് വിശക്കുന്നവരും, നഗ്നരും, പീഡിതരും, കാരാഗൃഹവാസികളുമെല്ലാം.

തന്റെ ജീവിതം കൊണ്ട് എളിവരിലേക്ക് പാത നമുക്കായി തെളിച്ചു നൽകിയവനാണ് ക്രിസ്തു

സങ്കീ. 34/6 പറയുന്നു, എളിയവൻ നില വിളിച്ചു. കർത്താവത് കേട്ടു.

malalankaralibrary.com

കുഷ്ഠരോഗിയുടെ നിലവിളി അവന്റെ പാദത്തിൽ മുട്ടുകുത്തികൊണ്ടാ യിരുന്നു. എളിയവനായ അവന്റെ പ്രാർത്ഥന വിളിക്കുംമുമ്പേ ഉത്തരമരുളുന്ന ദൈവത്തോടായിരുന്നു.

അങ്ങേയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും.

കർത്താവ് കരുണതോന്നി കൈനീട്ടി അവനെ സ്പർശിച്ചു കൊണ്ടു പറഞ്ഞു. എനിക്കു മനസ്സുണ്ട്. നിനക്ക് ശുദ്ധിയുണ്ടാകട്ടെ.

അവന്റെ സ്പർശനത്താൽ മുറിവുണങ്ങി കുഷ്ഠരോഗി പുതിയ സൃഷ്ടിയായി ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി.

ക്രിസ്തുവിന്റെ സ്നേഹം മൃതാവസ്ഥമാറ്റി ജീവന്റെ പൂക്കൾ തീർക്കു ന്നതാണ്.

കുഷ്ഠരോഗത്തിന്റെ പ്രത്യേകത തൊട്ടവനെ അറിയില്ല. തൊടുന്നതും അറിയില്ല. സ്പർശനശേഷി ഇല്ലാതാകുന്ന ഈ അവസ്ഥ നമ്മുടെ മനോനില പാടുകളിൽ പലപ്പോഴും ഉണ്ടാകാറില്ലേ?

നമുക്കു ചുറ്റുമുള്ളവർക്കിടയിൽ ഒരു തൊട്ടാവാടിയെപ്പോലെയുള്ള സൂക്ഷ്മ സംവേദനശക്തി അന്യദുഃഖങ്ങളിൽ നാം ആർജ്ജിക്കണം.

അപരന്റെ വേദനയോട് നന്മ നൽകി പ്രതികരിക്കാനാവുന്ന ശ്രേഷ്ഠത. വിശക്കുന്നവന്റെ മുമ്പിൽ ദൈവം ഭക്ഷണം നൽകുന്നവനാണ്. നഗ്നനു മുമ്പിൽ വസ്ത്രം നൽകുന്നവനാണ്. ഏകാന്തതയുടെ തടങ്കൽപ്പാളയത്തിൽ വസിക്കു ന്നവർക്ക് ആശ്വാസസാമീപ്യം നൽകുന്നവൻ ദൈവമാണ്.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഉയരവും ആഴവും നീളവും പരപ്പും മനുഷ്യരുടെ സദ്പ്രവൃത്തികളിലൂടെ വെളിവാക്കപ്പെടട്ടെ.

സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ സ്വാതന്ത്ര്യം വിളംബരം ചെയ്യുന്നത് മനുഷ്യൻ മനുഷ്യനെ മനുഷ്യനായി തിരിച്ചറിയുന്നതിലൂടെയാണ്.

ഒഴുകുന്ന പുഴയിൽ രണ്ടു പ്രാവശ്യം ചവിട്ടാനാകില്ല. ദൈവം തന്ന ജീവിതം ഒന്നേയുള്ളു. ചെടികളെ വളർത്തിയും ദാഹാർത്തരുടെ ദാഹം ശമി പ്പിക്കുന്ന നിയോഗത്തിലും വേനലിൽ തളരുന്നവരുടെ വിയർപ്പ് ഏറ്റുവാങ്ങി കുളിരു നൽകിയും ഒഴുകുന്ന പുഴപോലെയൊരു നന്മ നിറഞ്ഞ ജീവിതം. ദൈവം നമ്മിൽ നിന്ന് കൊതിക്കുന്നത് അതല്ലേ ?

ഹെബ്രാ. 13/16 പറയുന്നു, നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്.

നന്മ ചെയ്തു കൊണ്ടു ചുറ്റി സഞ്ചരിച്ച യേശുവിന്റെ വസ്ത്രാഞ്ചലം പോലെ പരന്നു കിടക്കുന്ന വായുമണ്ഡലം പങ്കുവയ്ക്കുന്ന നമുക്ക് ഹൃദയഫ ലകങ്ങളിൽ സുഭാഷിതങ്ങൾ 3/27 ചേർത്തെഴുതാം. നിനക്ക് ചെയ്യാൻ കഴി വുള്ള നന്മ അതു ലഭിക്കാൻ അവകാശമുള്ളവർക്ക് നിഷേധിക്കരുത്. ശ്വസി ക്കുന്ന വായു പങ്കു വയ്ക്കാതിരിക്കുവാൻ കഴിയില്ല. ക്രിസ്തീയ ജീവിതത്തിലും പങ്കുവയ്പ് ഒഴിവാക്കുവാൻ കഴിയില്ല.

malalankaralibrary.com



തൊട്ടിൽ

നന്മയുടെ നനവുള്ള ഒരു കാലിത്തൊഴുത്തിന്റെ ഔദാര്യം ബത്‌ലഹേമിന്റെ കനിവു വറ്റിയ അനേകം സത്രങ്ങളുടെ പോരായ്മകൾക്കു പരിഹാരമായി മാറി. പരിശുദ്ധ കന്യകാമാതാവിന്റെ ഉദരത്തിൽ വസിക്കുന്ന ദൈവപുത്രൻ അലയുന്ന മാതാവിന്റെ ഭാഗമാണ്. അലയുന്ന കുടുംബത്തിനൊപ്പം യൗസേപ്പ് പിതാവ് അലയുന്നു. അലച്ചിലിന്റെ ആദ്ധ്യാത്മികതയാണ് ബത്‌ലഹേം നല്കുന്നത്. അലയുന്നവരെ സ്വീകരിക്കുമ്പോൾ സത്രങ്ങൾക്ക് അവരുടെതായ മാനദണ്ഡങ്ങളുണ്ട്. താമസിക്കാനുള്ള പണം, വരുന്നവരെ ഉൾക്കൊള്ളുമ്പോൾ ഇത്ര ആളുകൾ മാത്രം എന്ന പരിമിതി, ഭക്ഷണം നല്കുമ്പോൾ ഇത്രയും ആളുകൾക്കുള്ള ഭക്ഷണം, കിടക്കുവാനുള്ള സൗകര്യം ഒരുക്കുമ്പോൾ ഇത്രയും ആളുകൾക്കുള്ള കിടക്കകൾ. അക്കങ്ങളുടെ കണക്കു പുസ്തകങ്ങളാണ് സത്രങ്ങൾ. അതിൽ കഴിയുന്നവർ അക്കങ്ങളുടെ കണക്കുകൾക്കു മുകളിൽ തങ്ങളുടെ നനഞ്ഞ ദിവസങ്ങൾ ഉണക്കാൻ വിരിച്ചിട്ടവരാണ്. ഇതിൽ ഞങ്ങൾക്കു മാത്രമുള്ള ഭക്ഷണം, ഈ തണുപ്പിൽ ഞങ്ങൾക്കുമാത്രമുള്ള ചൂട്, ഈ ചൂടിൽ ഞങ്ങൾക്കു മാത്രമുള്ള ഉറക്കം. ഞങ്ങൾക്കുള്ളത് ഞങ്ങളുടേതു മാത്രം. നിങ്ങളുടെ ക്ലേശങ്ങളിൽ ഞങ്ങൾക്കെന്തു കാര്യം ? ഞങ്ങൾ എന്തിന് അതിനെ കുറിച്ച് ചിന്തിക്കണം ? ഞങ്ങൾക്ക് ക്ലേശങ്ങളില്ലല്ലോ ? ഇവിടെയാണ് ദൈവത്തിനുപോലും കയറാൻ കഴിയാത്ത പൂട്ടുകൾ മനുഷ്യനിൽ നിറയുന്നത്. മനസ്സുകളിൽ ജഡിക വ്യഗ്രതകളുടെ അനേകമനേകം പൂട്ടുകൾ. ജഡിക താത്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സ് ദൈവത്തിന്റെ ശത്രുവാണ്(റോമാ : 8/7). സൂര്യനുദിക്കുമ്പോൾ കറുകത്തുമ്പിലെ മഞ്ഞുതുള്ളി സൂര്യന്റെ തുള്ളിയാകും. കാലിത്തൊഴുത്തെന്ന മഞ്ഞുതുള്ളി സൂര്യന്റെ തുള്ളിയായത് നീതി സൂര്യനായ ഈശോ അതിൽ വന്നു പിറന്നതിനാലാണ്. സത്രങ്ങൾക്ക് മനോഹാരിത ലഭിക്കാതെ പോയത് നീതി സൂര്യനെ സ്വന്തമാക്കാൻ കഴിയാതെ പോയതിനാലാണ്.

malalankaralibrary.com

ബത്‌ലഹേം-എഫ്രാത്ത, യൂദയാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രയേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നും പുറപ്പെടും. അവൻ പണ്ടേ യുഗങ്ങൾക്കു മുൻപേ ഉള്ളവനാണ്. (മിക്കാ: 5/2).

ചെറിയ മനുഷ്യർക്കും ചെറുതെന്നു ഗണിക്കപ്പെടുന്നതിനുമെല്ലാം ഉണ്ണിയേശു മഹത്വം നൽകുന്നു. യുഗങ്ങൾക്കു മുമ്പേ ഉള്ളവൻ - കാലവും വർഷവും യുഗവും തിരിയുന്നത് അവനു ചുറ്റിലുമാണ്. അവനാകുന്ന അച്ചുതണ്ടിനു ചുറ്റും കാലം രണ്ടായിതിരിയുന്നു. കാലം യേശുവിനു മുമ്പിൽ യേശുവിന് പിമ്പിൽ എന്നിങ്ങനെ രണ്ടായി തിരിയുന്നു. ദൈവം മനുഷ്യനായപ്പോൾ കാലം മാറ്റമില്ലാത്തവനെ അളവുതോതാക്കി മാറ്റി. മനുഷ്യരെല്ലാം കാലപ്രവാഹത്തിൽ അപ്രത്യക്ഷരാകും, വെറുമൊരു തീയതിയും വർഷവുമൊക്കെ മരണവുമായിട്ട് ബന്ധിപ്പിച്ച് നമ്മൾ പറയുമ്പോൾ വിശാലമായി പറയുന്നത് ക്രിസ്തുവിനു ശേഷമുള്ള കാലത്തിൽ ഇയാൾ മരിച്ചുവെന്നാണ്. ക്രിസ്തുവിന്റെ കാലവുമായി നമ്മുടെ കാലം ബന്ധിക്കപ്പെടുന്നു. ഇതു നമ്മുടെ ചെറിയ ജീവിതത്തിന്റെ മഹത്വമല്ലേ? കാലം മായ്ക്കാത്ത മഹത്വം അവൻ ചെറുതെന്ന് ഗണിക്കപ്പെട്ട കാലിത്തൊഴുത്തിനു നൽകി. വേദപുസ്തകം മുഴുവൻ കാലത്തിലും സ്ഥലത്തിലും ഇടപെടുന്ന ദൈവത്തിന്റെ രക്ഷാകര ചരിത്ര വിവരണമാണ്.

കാല പൂർണ്ണതയിൽ അവൻ വന്നപ്പോൾ സത്രങ്ങൾ വാതിലുകൾ അവന്റെ മുമ്പിൽ കൊട്ടിയടച്ചു. സത്രങ്ങളെ വിട്ടു കനിവുതേടിയുള്ള ആ യാത്ര അവസാനിച്ചത് കല്ലിടാവിലേക്കാണ്. കല്ലിടാവിന് അക്കങ്ങളുടെ കണക്കു പുസ്തകമില്ല. നന്മ നൽകുവാൻ കഴിയുന്ന വിശാലത മാത്രമേയുള്ളു. അതിൽ കഴിയുന്നവർക്കു പരിമിതികളറിയില്ല. അതു കൊണ്ടു തന്നെ കണക്കുകൾകൂട്ടി അവകാശങ്ങൾക്ക് മുറവിളി കൂട്ടാനറിയില്ല. സത്രങ്ങൾക്ക് മനുഷ്യൻ കതകും പൂട്ടും നിർമ്മിച്ചു. കല്ലിടാവിലെ തിര്യക്കുകൾക്ക് പൂട്ടുകളും കൊളുത്തുകളും ഉറപ്പിച്ച് സൂക്ഷിച്ചു വയ്ക്കുവാൻ ഒന്നുമില്ല. മണ്ണിൽ സൂക്ഷിക്കുവാൻ എന്റേതെന്നു പറയുവാൻ ഒന്നുമില്ല.

ജഡത്തിനുവേണ്ടി എത്രയെത്ര കൂട്ടി വച്ചാലും ഒരു വയർ ചോറുണ്ടു കഴിഞ്ഞാൽപ്പിന്നെ എന്തു ഭക്ഷണം കിട്ടിയാലും കണ്ടുകൊണ്ടിരിക്കുവാനല്ലേ കഴിയൂ. എത്രയെത്ര വസ്ത്രങ്ങൾ കൂമ്പാരം കൂട്ടിയാലും ഒരു വസ്ത്രമല്ലേ ഉടുത്തു കൊണ്ടു നടക്കാൻ കഴിയൂ ? എത്രയെല്ലാം സ്വന്തമാക്കിയാലും പുറത്തേക്കുതള്ളുന്ന ശ്വാസത്തെ തുടർന്ന് അകത്തേക്കൊരു ശ്വാസമെടുക്കാൻ കഴിയില്ലെങ്കിൽ എല്ലാവർക്കും ലഭിക്കുന്ന പേരും ഒന്നു തന്നെയല്ലേ ? ശവം. പണ്ഡിതനും പാമരനും സുന്ദരനും വിരൂപനും എല്ലാവർക്കും ഒരേ പേര്; ശവം.

നമ്മുടെ ശരീരത്തിന്റെ വിലയെ പ്പറ്റി ചിന്തിച്ചാൽ രസകരമായിട്ടൊരു കാര്യം വ്യക്തമാകും. ഒരു കോഴിക്കൂട് വെള്ളയടിക്കാൻ ആവശ്യമുള്ള കാത്സ്യവും, ഒരു പട്ടിയുടെ ശരീരത്തിലെ ചെള്ളുകളെ കൊല്ലാൻ കഴിയും വിധമുള്ള ഫോസ്ഫറസും, കുറെ ആണികൾ ഉണ്ടാകാൻ കഴിയും വിധമുള്ള

malalankaralibrary.com

ഇരുമ്പും ഇങ്ങനെയിങ്ങനെ കുറെ മണ്ണിന്റെ മൂലകങ്ങൾ ചേർന്ന ജഡത്തിന്റെ വില കണക്കാക്കിയാൽ നമ്മൾ ഇട്ടിരിക്കുന്ന ഷർ ട്ടിന്റെ വില അതിനില്ലെന്ന് വ്യക്തമാകും. ജഡം പ്രധാനമാകുമ്പോൾ ആത്മീകത അവഗണിക്കപ്പെടും. ഇല്ലായ്മകളുടെ സമ്പന്നതയാണ് കാലിത്തൊഴുത്തൊരുക്കുന്ന ആദ്ധ്യാത്മിക ദർശനം. ദൈവത്തെ സ്വീകരിക്കുന്നത് ഭോഷത്തമായി കരുതാൻ കാലി ത്തൊഴുത്തിനായില്ല.

ലൗകിക മനുഷ്യനു ദൈവാത്മാവിന്റെ ദാനങ്ങൾ ഭോഷത്തമാകയാൽ അവൻ അതു സ്വീകരിക്കുന്നില്ല. ഈ ദാനങ്ങൾ ആത്മീയമായി വിവേചിക്ക പ്പെടേണ്ടവയാകയാൽ ഇവ ഗ്രഹിക്കാനും അവനു സാധിക്കുന്നില്ല. ആത്മീയ മനുഷ്യൻ എല്ലാക്കാര്യങ്ങളും വിവേചിച്ചറിയുന്നു (1 കോറി : 2/14)

പ്രകൃതിയുടെ നിലാവ് കാലിത്തൊഴുത്തിന്റെ വെട്ടമെങ്കിൽ വിളക്കുക ളുടെ മഞ്ഞപ്പിത്തം ബാധി ച്ച വെട്ടം, സത്രത്തിന്റ വെട്ടമാണ്. ഏതാണു നിലാ വെന്നറിയാൻ സത്ര വാതിലുകൾ തുറക്കപ്പെട്ടില്ല. എനിക്ക് ഈ മഞ്ഞപ്പിത്തം സുഖകരമാണു തമ്പുരാനേ എന്നോതുന്ന മാനസിക അടിമത്തം. ലൗകിക തയും ആത്മികതയും ഈ വീക്ഷണങ്ങളിൽ കതിരും പതിരും തിരിയുന്നു. *പൂർവ്വ കാലങ്ങളിൽ പ്രവാചകൻമാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധരീതി കളിലും ദൈവം നമ്മുടെ പിതാക്കൻമാരോടു സംസാരിച്ചിട്ടുണ്ട്.എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോടു സംസാരി ച്ചിരിക്കുന്നു. (ഹെബ്രാ: 1/1)*

ഉല്പത്തിയുടെ സുവിശേഷം ഇതാണ്. നീയും സ്ത്രീ യും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉള വാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാലിൽ പരുക്കേ ല്പിക്കും. (ഉത്പ : 3/15) കാലപ്രവാഹത്തിൽ പ്രവാചകൻമാർ വരാനിരിക്കു ന്ന ദൈവപുത്രനെപ്പറ്റി വ്യക്തത കൂടുതലായി നൽകി. പക്ഷേ കല്ലിടാവിലെ ഈശോയെ കണ്ടെത്തേണ്ടത് ആത്മീക അന്വേഷണ പൂർത്തീകരണമായാണ്. ജ്ഞാനം അതാണ്. ജ്ഞാനികൾ നേടിയതും കണ്ടതും ജ്ഞാനമായ ദൈവ ത്തെയാണ്. *യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാ നുവേൽ എന്നു വിളിക്കപ്പെടും. (ഏശ: 7/14)*

യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള പ്രവചനത്തിന്റെ വെളിപ്പെടുത്തൽ മാലാഖ തന്നെയാണ് ജോസഫ് പിതാവിന് നൽകുന്നതെന്ന് മത്തായിയുടെ സുവിശേഷത്തിൽ ഒന്നാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യം വ്യക്തമാക്കു ണ്ട്. **എമ്മാനുവേൽ** എന്ന പദത്തിന്റെ അർത്ഥം **ദൈവം നമ്മോടുകൂടെ** എന്നാ ണ്. ഇത് സിനഗോഗിൽ എത്തിയ ഈശോ ഏശയ്യാ പ്രവചനം വായിച്ച് വ്യക്ത മാക്കുന്നു.

കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും

malalankaralibrary.com

കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. ദാരിദ്ര്യം ഭൗതികമായിട്ടുള്ള അവസ്ഥയെക്കാൾ മനസ്സിന്റെ അവസ്ഥയാണ്. ഉറക്കത്തിന്റെ കാര്യത്തിൽ ഒരു ലക്ഷം രൂപാ വിലയുള്ള കട്ടിലിൽ ഉറക്കം വരാതെ കിടക്കുന്നവനെക്കാൾ സമ്പന്നനാണ് തെരുവിന്റെയോരത്ത് ഉറക്കത്തിന്റെ സംതൃപ്തി അറിഞ്ഞ് കടത്തിണ്ണയിലുറങ്ങുന്ന ദരിദ്രൻ. പങ്കുവയ്ക്കാനാവത്തവരൊക്കെയും ദാരിദ്ര്യം അസ്ഥിയിൽ പിടിച്ച ജൻമങ്ങളാണ്. എന്റേതെന്നു പറയുന്ന സത്രത്തിലെ സംവിധാനങ്ങൾക്കു മുമ്പിൽ കാലിത്തൊഴുത്തൊരുക്കുന്ന സംവിധാനം ദൈവത്തിന്റെ സംവിധാനം വ്യക്തമാക്കുന്നു. ശ്വസിക്കുന്ന വായു എന്റേതെന്നു പറയാനാവില്ല. അപരൻ ഉച്ഛ്വസിക്കുന്ന വായു നമ്മൾ ശ്വസിക്കുന്നു. നമ്മൾ ഉച്ഛ്വസിക്കുന്ന വായു അപരൻ ശ്വസിക്കുന്നു. വായു ആരുടെ സ്വന്തം ? പങ്കു വയ്ക്കലിന്റെ ഈ സ്വതന്ത്രത കാലിത്തൊഴുത്തിന്റെ അവകാശം. കന്നുകാലികളുടെ ഭക്ഷണമാണ് പുല്ല്. ആ പുല്ലിനു മുകളിൽ ലോകത്തിനു മുഴുവൻ അപ്പമായി മാറിയ രക്ഷയുടെ ദൈവം ശയിക്കുന്നു. മുറിയപ്പെടാനുള്ളതായിരുന്നു ഈശോയുടെ ജന്മം. മാതാവിന്റെ ഗർഭ പാത്രത്തിൽ നിന്നും മുറിയപ്പെട്ടു കാലിത്തൊഴുത്തിലേക്ക്. മനുഷ്യപുത്രന്റെ മുറിവുകളുടെ വളർച്ചയാണ് കാലിത്തൊഴുത്ത്.

ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ താല്പര്യം വയ്ക്കുന്നു. ആത്മീയമായി ജീവിക്കുന്നവരാകട്ടെ ആത്മീയ കാര്യങ്ങളിൽ മനസ്സു വയ്ക്കുന്നു. (റോമ: 8/5)

നമ്മുടെ സത്രങ്ങൾക്കുള്ളിൽ കഴിയുമ്പോൾ വാതിലിൽ മുട്ടി വിളിക്കുന്ന ദൈവത്തെ അറിയുവാൻ കഴിയില്ല. നമ്മുടെ സുഖങ്ങൾക്കു മുകളിൽ ഒരു മുറിവുണ്ടാക്കിയിരുന്നെങ്കിൽ ദൈവം കാലിത്തൊഴുത്തിനെ വിട്ട് നമ്മുടെ സത്രത്തിൽ ജന്മമെടുക്കുമായിരുന്നു. ഭക്ഷണമേശയിൽ അവനു വേണ്ടി ഒരു മുറിവ്. സംഭരിച്ചു വച്ചിരിക്കുന്ന സ്വത്തിൽ അവനുവേണ്ടി ഒരു മുറിവ്.

ഈ മുറിവ് നമ്മൾ ഏറ്റെടുത്തില്ല. ബത്‌ലഹേം - അപ്പത്തിന്റെ ഭവനം. പട്ടിണിക്ക് പട്ടയം കിട്ടിയ യാത്ര ദൈവമാതാവിനും യൗസേപ്പ് പിതാവിനും അപ്പത്തിന്റെ ഭവനത്തിലായിരുന്നു എന്നുള്ളത് മനസ്സാക്ഷിയിൽ ചൂണ്ട കൊരുക്കുന്ന സത്യമാണ്. അവർക്കു മുമ്പിൽ കാലിത്തൊഴുത്ത് ചാരം മൂടിയ വെട്ടമാണ്. വേദനയുടെ മുഖത്ത് മൊട്ടിടുന്ന മന്ദഹാസമാണ്. പരിശുദ്ധ കന്യകാമാതാവിനു മുമ്പിൽ കാലിത്തൊഴുത്തിന് ഒരു നഴ്സിന്റെ വിശുദ്ധിയുള്ള വെണ്മ. ആ കരങ്ങളിലേക്ക് നമ്മുടെ രക്ഷകൻ.

ദൈവത്തിന്റെ രൂപത്തിലായിരുന്നിട്ടും അവൻ ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു-മരണം വരെ - അതേ കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. (ഫിലിപ്പി: 2/6-8)

malalankaralibrary.com

അപ്പം പങ്കു വയ്ക്കാത്ത, ഉറങ്ങുവാൻ ഇടം കൊടുക്കാത്ത സത്രങ്ങൾക്കു മുമ്പിൽ കാലിത്തൊഴുത്ത് ജ്വലിച്ചു നില്ക്കുന്നു. പുല്ലിന്റെ മെത്തയൊരുക്കുന്ന കാലിത്തൊഴുത്തിൽ പുൽത്തൊട്ടിയുടെ വിശാല വിസ്തൃതി രക്ഷകൻ അനുഭവിക്കുന്നു. പങ്കു വയ്ക്കാത്ത ഇരു കാലികളോടു നാല്ക്കാലികളെ നോക്കി സങ്കീർത്തകൻ പറയുന്നു.

കർത്താവാണ് എന്റെ ഇടയൻ എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. (സങ്കീ : 23/1)

ബത്ലഹേമിലെ പുൽമെത്തയ്ക്ക് ഇരുപത്തി മൂന്നാം സങ്കീർത്തനത്തിലെ പച്ചയായ പുൽത്തകിടിയുടെ നിറവുണ്ട്. പുൽത്തുമ്പുകളെ കടിച്ച് ഓടിനടക്കുന്ന മൃഗമാണ് ആട്. മനുഷ്യനെപ്പോലെ അസ്വസ്ഥത ജന്മാവകാശമാക്കിയ മൃഗം. യഹോവ ഇടയനാകുമ്പോൾ ഒരു പുൽത്തുമ്പ് കൊതിച്ചിടത്ത് ഒരു പുൽപ്പുറം ഒരുക്കപ്പെടും. ആർത്തി വിട്ട് തൃപ്തിയോടെ പുൽപ്പുറം ശയ്യയാക്കും. സത്രങ്ങളിൽ വാഴുന്നവർ പുൽത്തുമ്പിന്റെ പിന്നാലെ അലയുന്നവർ. ഇടയൻ പ്രസക്തമല്ലാത്ത ജന്മങ്ങൾ. ഇടയനെ അറിയേണ്ടത് പ്രാർത്ഥനയിലൂടെയാണ്.

പ്രാർത്ഥന ദൈവത്തെ മാറ്റില്ല. പ്രാർത്ഥിക്കുന്ന ആളിൽ മാറ്റമുണ്ടാക്കും.

സത്രവാസി തനിക്ക് ചുറ്റുമുള്ള സത്രച്ചുവരുകളിൽ പ്രത്യാശവച്ച് അതിന്റെ ബലം തന്നെ സംരക്ഷിക്കുമെന്നു വിശ്വസിക്കുന്നു. കാലിത്തൊഴുത്തിന്റെ സുരക്ഷിതത്വം അതിൽ വസിക്കുന്ന ദൈവത്തിലാണ്. ഇവിടെയാണ് ദൈവം പരിചയും അഭയശിലയും ആകുന്നത്.

ഒരു സൈന്യം തന്നെ തനിക്കെതിരെ പാളയമടിച്ചാലും കുലുങ്ങില്ലെന്ന് സങ്കീർത്തകൻ പറയുന്നത് ദൈവാശ്രയ ബോധത്തിൽ കേന്ദ്രീകരിച്ചാണ്. കാലിത്തൊഴുത്തിലെ രാജാവിനെ തേടി ജ്ഞാനികളും ആട്ടിടയരും എത്തി. ഇന്ന് ബത്ലഹേമിലെ കാലിത്തൊഴുത്ത് ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാണ്. ഇത് കാലിത്തൊഴുത്തിന്റെ മഹത്വമല്ല, അതിൽ പിറന്ന ദൈവപുത്രന്റെ മഹത്വമാണ്. മനസ്സൊരു പുൽപ്പുറത്തിന്റെ എളിമ ധരിക്കുമ്പോൾ അതിൽ ദൈവപുത്രൻ തന്റെ ശയ്യ ഒരുക്കും. പെറ്റമ്മയേക്കാൾ സ്നേഹിക്കുന്ന ദൈവം ദരിദ്രനിൽ മഹത്വം കണ്ടവനാണ്.

ഓരോ ദരിദ്രനും ഉണ്ണിയേശുവിന്റെ മുഖമുണ്ട്. ക്രൂശിതന്റെ മുറിവുണ്ട്. തൈലം പൂശുവാൻ ഒരു സമറായനെ കാത്തിരിക്കരുത്. നമ്മൾ തന്നെ സമറായരാകണം. ക്രിസ്തുമസ് കല്ലിടാവിന്റെ കീർത്തനമാണ്. സത്രം യന്ത്രമനുഷ്യരുടെ ഒറ്റയാൾ സംഗമവും. സ്നേഹത്തിന്റെ സ്ഫോടനമാണു ക്രിസ്തുമസ്. ചിതറുന്നതൊക്കെയും സ്നേഹത്തിന്റെ തുണ്ടുകൾ. അന്നും ഇന്നും എന്നും...

സന്മനസുള്ളവർക്കു സമാധാനം.

malalankaralibrary.com

തൊടുന്നു പുഴയുടെ
വിലാപ്പുറങ്ങളിൽ...



malalankaralibrary.com



പാഠേയം

ശിപായിപരമുപിള്ള കൊട്ടുവടി എടുത്തിട്ടുണ്ട്. ഇനിയും വാകമരത്തിൽ ദുർബലകരങ്ങളാൽ പിടിമുറുക്കിയ കയർത്തുമ്പിലെ ചേങ്ങലയിൽ കിണ്ണേം... കിണ്ണേം... ഇപ്പോഴുള്ള മണിനാദം തർജ്ജിമ ചെയ്താൽ ഉച്ച നേരത്തേ ഇടവേള. ചോറു പൊതികൾ വച്ചിരിക്കുന്നത് മുക്കാലൻബോർഡിന്റെ പിന്നിലാണ്. അന്നൊരു വെള്ളിയാഴ്ചയായിരുന്നു. ഉച്ചയ്ക്ക് രണ്ടുമണിക്കൂർ ഇടവേള ഉണ്ട്. ക്ലാസ് മുറിയുടെ ഉള്ളറയിൽ നിന്ന് മണിനാദം ഞങ്ങളെ സ്വാതന്ത്ര്യത്തിലേക്ക് തുറന്നുവിട്ടു. പള്ളിക്കൂടത്തിന് മുമ്പിലുള്ള വീട്ടിലേക്ക് ഞങ്ങൾ ഓടി.

കൈകൾ കഴുകുന്നത് അവിടുത്തെ കിണറ്റിൽ നിന്നാണ്. തഴപ്പായിൽ കാലുകൾ നീട്ടിയിരുന്ന് മുത്തശ്ശി പതിവുപോലെ ചെറിയ ഉരലിൽ ചെറു കുഴവി കൊണ്ട് മുറുക്കാൻ ഇടിക്കുന്നുണ്ട്. വീടിന്റെ അരുകിലായുള്ള കൂട്ടിലെ ശീമമുയലുകളെ നോക്കി നിന്നു. ചുവന്ന കണ്ണുകളും വെളുവെളുത്ത രോമങ്ങളുമുള്ള സുന്ദരന്മാരും സുന്ദരികളും മുരിക്കിലക്കിടയിൽ ചാടി നടക്കുന്ന അവർ എപ്പോഴും ഇലകൾ ചവച്ചുകൊണ്ടേയിരിക്കും. വീടിന്റെ കോലായിലെ മുത്തശ്ശിയെപ്പോലെ.

മുയലുകൾ ചവയ്ക്കുന്നതിന്റെ സ്ലോമോഷനിലാണ് മുത്തശ്ശി ചവയ്ക്കുന്നത്. മുത്തശ്ശി ചവയ്ക്കുന്നതിന്റെ വേഗതയേറിയ ഹാസ്യാനുകരണമാണ് മുയലുകൾ കാട്ടുന്നത്. വെള്ളിയാഴ്ച അല്ലേ ? സമയമുണ്ടല്ലോ. ഇത്തിരി വൈകിയാണ് കൈ കഴുകി ക്ലാസിൽ എത്തിയത്. ബോർഡിനു ചുറ്റും ശ്രീനി തിരയുകയാണ്. അവന്റെ ചോറു പൊതി കാണാനില്ല. മൂത്രപ്പുര നാട്ടുമാവിന്റെ ചില്ലകൾ ചാഞ്ഞുകിടക്കുന്ന മേൽക്കുരയ്ക്ക് കീഴെയാണ്. മൂത്രപ്പുരയിലെ ബഹളം കേട്ട് കുട്ടികൾ കൂടി. 5 സി. യിലെ അബു. വായ് നിറയെ ചോറും അഴിഞ്ഞ പൊതിയുമായി അബു. ചോറുകള്ളൻ ! എല്ലാവരും ഒരു കുരിശുമരണത്തിനായി ഇടതുവശത്തെ കള്ളനെപ്പോലെ അബുവിനെ തള്ളിക്കൊണ്ട് വരികയാണ്. ഈ യാത്ര ഹെഡ്മാസ്റ്ററുടെ മുറിയിലേക്കാണ്. ഒരു പൊതിച്ചോറിന്റെ തെളിവ് നശിപ്പിക്കാൻ എന്തുകൊണ്ട് അബു തുനിയുന്നില്ല ? വലിച്ചെറിയാൻ ആകാത്ത ഒരു നിധി

malalankaralibrary.com

പോലെ എന്തിനവൻ ഈ ചോറ് മാറോടടുക്കിപ്പിടിച്ചിരിക്കുന്നു ? അബുവിനെ അറിയില്ലല്ലോ ? അവന്റെ അച്ഛൻ അമ്മയെ ഉപേക്ഷിച്ചു നാടു വിട്ടു. തെരുവിലൂടെ ബഹളമുണ്ടാക്കി ചപ്പും ചവറും പെറുക്കി അലഞ്ഞു തിരിഞ്ഞിരുന്ന അവന്റെ അമ്മ മരിച്ചിട്ടുണ്ടാവും. അതല്ലേ അവരിവനെ തിരക്കിയെത്താത് ? മുറം വിറ്റു കിട്ടിയിരുന്ന തുശ്ചമായ വരുമാനത്തിലാണ് അവന്റെ അമ്മൂമ്മ അവനെ പോറ്റിയിരുന്നത്.

മേരിക്കുട്ടി ടീച്ചർ പൊതിയഴിച്ച് ചോറുണ്ണാൻ തുടങ്ങുമ്പോഴാണ് ഞങ്ങൾ എത്തിയത്. ഒരു ഡിറ്റക്ടീവ് നോവലിന്റെ വികാര തീവ്രതയോടെ കുഞ്ഞുണ്ണി താൻ ചോറുകള്ളനെ പിടികൂടിയ കാര്യങ്ങൾ അവതരിപ്പിച്ചു. പൊതിച്ചോർ മാറിലടുക്കിയ അബുവിന് കുരിശുമരണം പ്രതീക്ഷിച്ച ഞങ്ങൾ ഞെട്ടി. ടീച്ചറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ടീച്ചർ അവനെ ചേർത്തുപിടിച്ചു. അന്നുമുതൽ ടീച്ചറിന്റെ കറുത്ത ബാഗ് രണ്ടു പൊതികളെ ഒളിപ്പിച്ചു. ഒന്ന് അബുവിനുള്ളത്. കാലം ഞങ്ങളുടെ കവിളിൽ കുത്തിയപ്പോൾ കവിൾ ചുളിഞ്ഞു. കാലം ദ്രോഹി എന്നു വിളിച്ചപ്പോൾ മുടി വെളുത്തു. പത്രത്താളിലെ നിര്യാതരായവരുടെ കോളത്തിൽ അന്ന് ടീച്ചറിന്റെ പടം കണ്ടു. വെള്ളെഴുത്തു വീണ കണ്ണുകൾ കഴിഞ്ഞ കാലത്തിലേക്ക് മടങ്ങിപ്പോയി. പള്ളിസെമിത്തേരിയിൽ അടക്കം കഴിഞ്ഞപ്പോഴാണ് അവനെ കണ്ടത്. ദുബായിക്കാരൻ അബു. അവന്റെ കൈകളിലേക്ക് കൈകൾ കൊടുത്ത് ഓർമ്മയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ അബു മന്ത്രിച്ചു. പൊതിച്ചോറല്ല ഈ അബുവിനെത്ത ന്നെയാ ടീച്ചർ ഓരോ പൊതിയിൽക്കൂടിയുംതിരിച്ചു തന്നത്. അവനിൽ നിന്നും ഉയരുന്ന വിലപിടിപ്പുള്ള അത്തറിന്റെ ഗന്ധത്തിലും ഹൃദ്യമായ ഗുരുപൂജ. അതല്ലേ ഈ വാക്കുകൾ...

ജപമാല മണികൾ കിലുങ്ങുന്ന കുരിശിന്റെ താക്കോൽ ജീവിത പ്രതിസന്ധികളുടെ പൂട്ടുതുറക്കുന്നതാണ്. വിശ്വാസ ജീവിതത്തിൽ നമുക്ക് നമ്മെ നഷ്ടമാകാതിരിക്കാൻ ജപമാല നമ്മുടെ വിശ്വാസപാഥേയമാക്കാം.

malalankaralibrary.com



ബോബിക്കുട്ടാ എന്തെടുക്കാ ?

നക്ഷത്രം ഉണ്ടാക്കുവാ. പൂതക്കാട്ടീ കേറിയ ഈറ വെട്ടീത്. ദേഹമെല്ലാം ഇഞ്ചമുള്ളുകൊണ്ടു കീറി.

പള്ളിയിലും നക്ഷത്രമുണ്ടാക്കണം. വൈകിട്ടു വരണെ. അമ്മ എന്തിയെ ?

പണിക്കുപോയി. വർണ്ണക്കടലാസ് നക്ഷത്രത്തിനു മുകളിൽ വച്ച് അള വെടുത്തുകൊണ്ട് ബോബിക്കുട്ടൻ പറഞ്ഞു. ത്രേസ്യാക്കൊച്ച് ചിരട്ടയിൽ വച്ച കപ്പകുറുക്കി ഉണ്ടാക്കിയ പശയിൽ കൈയിട്ടിട്ട് പല്ലില്ലാത്ത വായിലേക്ക് താഴ്ത്തി. ബോബിക്കുട്ടൻ പെങ്ങളെ എടുത്തു മാറ്റിയിരുത്തി. വലിയൊരു ദ്രോഹം ചെയ്ത തുപോലെ ത്രേസ്യാക്കൊച്ച് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് വീണ്ടും ചിരട്ടയുടെ അരികിലേക്ക് മുട്ടുകാലിൽ ഇഴഞ്ഞെത്തി. ബോബിക്കുട്ടൻ പശയെടുത്ത് അരി കത്തുള്ള ഉരലിനുമുകളിൽ വച്ചു. പെട്ടെന്ന് ത്രേസ്യക്കൊച്ചിന്റെ കരച്ചിൽ തീർന്നു. നക്ഷത്രമൊട്ടിക്കുന്നതിനിടയ്ക്ക് പെങ്ങളെ ഒന്ന്പാളിനോക്കി. മുറിക്ക ടലാസുകൾ പെറുക്കി വായ് നിറച്ചിരിക്കുന്നു. അതാണ് കരയാതിരിക്കുന്നത്. പല്ലില്ലാത്ത മോണ അകത്തിമാറ്റി കടലാസുകൾ പെറുക്കിയെടുത്തു ദൂരെയെ റിഞ്ഞു. ഇതിലും വലിയ ഒരു ദ്രോഹം വരാനില്ലെന്നുള്ള രീതിയിൽ ത്രേസ്യാ ക്കൊച്ച് നാടിളക്കിക്കരഞ്ഞു. ഈ നക്ഷത്രം ബോബിക്കുട്ടന്റെ സ്വപ്നസാഫല്യ മാണ്. വല്ല്യപ്പച്ചനെ കാണാൻ പോകുമ്പോഴൊക്കെ കിട്ടുന്ന നാണയങ്ങൾ മൺവ ഞ്ചിയിലിട്ടു വച്ചിരുന്നത് കാലത്ത് പൊട്ടിച്ചതിൽ നിന്ന് കിട്ടിയ ഒരു വിഹിത ത്തിൽ നിന്നാണ് ഈ നക്ഷത്രം ഉദിക്കുവാനുള്ള വർണ്ണക്കടലാസുകൾ ഒരു ക്കിയത്. മുറ്റത്തെ ചാഞ്ഞുകിടക്കുന്ന കിളിച്ചുണ്ടൻമാവിന്റെ കൊമ്പിൽ നക്ഷത്രം തൂക്കണം. മുറിക്കടലാസുകൾ മാവിന്റെ ഇലത്തണ്ടുകളിൽ ഒട്ടിക്ക ണം. അയൽവക്കത്തെ വീടുകളിൽ നിന്നും ശേഖരിച്ച ക്രിസ്മസ് കാർഡു കൾ കൊമ്പോടുകൊമ്പ് ചരട് കെട്ടി നിരത്തണം. സമയമില്ല. വൈകിട്ട് കരോൾ പാട്ട് പഠിക്കാൻ പോകണം. പള്ളിയിലെ നക്ഷത്രമൊട്ടിക്കണം. വീട്ടിൽ ഒരു പുൽക്കൂട് ഉണ്ടാക്കണം. കാളപ്പുല്ലു വെട്ടി കൂരകെട്ടിയ പുൽക്കൂട്. പള്ളിയിൽ ആട്ടിടയരുടെയും ആടുകളുടെയും കാലികളുടെയുമൊക്കെ രൂപങ്ങൾ ഉണ്ട്.

malalankaralibrary.com

വല്ല്യ ആളായിക്കഴിയുമ്പോൾ ഒത്തിരി കാശൊക്കെയുണ്ടാകുമ്പോൾ അത്തരം രൂപങ്ങളൊക്കെ വച്ച് വീട്ടിലും ഒരു പുൽക്കൂടുണ്ടാക്കണം. തത്ക്കാലം പുൽക്കൂട്ടിൽ പച്ചപ്പുല്ലുവെട്ടിവച്ച് ചിരട്ട വച്ച് കുളമുണ്ടാക്കി തോർത്തുകൊണ്ട് തോട്ടിലെ ഊപ്പമീനെകോരി അതിലിടണം. കരോളുവരുമ്പോൾ കുറെ മെഴുകുതിരികൾ പുൽക്കൂടിനുമുമ്പിൽ കത്തിച്ചു വയ്ക്കണം. മെഴുകുതിരി വാങ്ങിക്കാൻ കയ്യിലുള്ള പണം തികയില്ല. എന്താണൊരുവഴി ? തത്ക്കാലം നക്ഷത്രം തീരട്ടെ. എല്ലാം മറന്ന് നക്ഷത്രം പണിയുടെ തിരക്കിൽ മുങ്ങി.

ബോബിക്കുട്ടോ. പണിതീർന്ന നക്ഷത്രം മാവിൻ ചില്ലയിൽ തൂക്കുമ്പോഴാണ് വിളികേട്ടത്.

കുളിച്ചിട്ടുവന്നേക്കാം. നീ നില്ല്.

ക്ഷീണിച്ചു വന്ന അമ്മ ത്രേസ്യാക്കൊച്ചിനെ എടുത്തു. കരോളിന്റെ പാട്ടുപഠിച്ചിട്ട് തിരികെ വരുമ്പോൾ ബോബിക്കുട്ടൻ പറഞ്ഞതത്രയും നക്ഷത്രത്തെപ്പറ്റിയാണ്. വീട്ടിൽ നിന്ന് ഉച്ചത്തിലുള്ള അപ്പന്റെ കുഴഞ്ഞ ശബ്ദം കേൾക്കാം. ത്രേസ്യാക്കൊച്ചിന്റെയും അമ്മയുടെയും നിലവിളി. വീടിന്റെ പടി ചവിട്ടുമ്പോൾ എന്തോ ഒന്ന് മുന്നിലേക്ക് കത്തി വീണു. തന്റെ പകലിന്റെ അദ്ധ്വാനമായ നക്ഷത്രം. കത്തിക്കൊണ്ടേയിരിക്കുന്നു. മദ്യ ലഹരിയിൽ ചോറു കലം അപ്പൻ അതിനുപിന്നാലെ വലിച്ചെറിഞ്ഞത് മുന്നിൽ വീണ് ചിതറി. ഉച്ചയ്ക്കും പട്ടിണി വൈകിട്ടും പട്ടിണി. കത്തുന്ന നക്ഷത്രത്തിനും എച്ചിലായി മാറിയ ചോറിനും മുകളിൽ ആ കുരുന്നു ബാലന്റെ രണ്ട്തുള്ളി കണ്ണുനീർ അടർന്നു വീണു. അയൽപക്കത്തെ അമ്മച്ചി വിറയാർന്ന സ്വരത്തിൽ വേദപുസ്തകം വായിക്കുകയായിരുന്നു. ദൂതൻ അവരോട് പറഞ്ഞു. ***ഭയപ്പെടേണ്ടാ ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു. (ലൂക്കാ: 2/10-11).*** കരിയുന്ന ജീവിതത്തെ കരളിൽ നിറച്ച് ഹാപ്പി ക്രിസ്മസ് പറയുവാനാകാതെ ബോബിക്കുട്ടൻ അപ്പനെ ഭയത്തോടെ നോക്കിനിന്നു. നക്ഷത്രങ്ങൾ കരിയുന്ന ക്രിസ്മസുകൾ നമുക്കുണ്ടാകാതിരിക്കട്ടെ. പ്രത്യാശയുടെ ക്രിസ്തു നക്ഷത്രം നയിക്കുന്ന ജീവിതം നമ്മളെ ജ്വലിപ്പിക്കട്ടെ.

malalankaralibrary.com



ഗുണവാനായ പിതാവ്

ക്രിസ്തുമസ്സിന്റെ ശുശ്രൂഷ കഴിഞ്ഞപ്പോഴാണ് അച്ചനോർമ്മ വന്നത്. കരോൾ പാട്ട് പാടിയില്ലെങ്കിലൊരു കൊഴുപ്പില്ല. വിശ്വാസികളിൽ പലരും മദ്യ ലഹരിയിലാണ്. ഒരു കരോൾ പാട്ട് പാടണമല്ലോ. അച്ചൻ പറഞ്ഞപ്പോൾ വക്ക ച്ചൻ ചാടിയുണർന്നെഴുന്നേറ്റു. അച്ചൻ ഞെട്ടി. പണ്ടൊരിക്കൽ അദ്ദേഹത്തിനു പള്ളി വകയായി വീടു പണിയാൻ തുടങ്ങിയപ്പോൾ പഴയ ഓടുകൾ വാങ്ങി പള്ളിക്കാർ മേൽക്കൂരയിട്ടു. തികയാതെ വന്നപ്പോൾ നൂറ്റമ്പത് പുത്തനോടു കളും വാങ്ങി. പള്ളിക്കാർ വീടിന്റെ പാലുകാച്ചിനു ചെന്നപ്പോൾ തളർവാത രോഗിയെ ഇറക്കിയതുമാതിരി വീട്ടിൽ ഒരു അത്ഭുതം.

സൂക്ഷിച്ചു നോക്കിയപ്പോൾ നൂറ്റിയമ്പതു പുത്തനോടുകൾ യാത്ര പറഞ്ഞി രിക്കുന്നു. അവിടെ നിന്നാണ് അത്ഭുത വെളിച്ചം മുറിയിൽ നിറയുന്നത്. ഓടെ വിടെപ്പോയി ? അപ്പൻ പെറുക്കിക്കോണ്ട് പോയി അപ്പനും കള്ളു കുടിക്കണ്ടേ? അപ്പന്റെ മകന്റെതാണ് മറുപടി. നിന്റെ ഉപ്പാപ്പനൊന്നും പറഞ്ഞില്ലേ ? ഒന്നും പറഞ്ഞില്ല. കഴുക്കോലും പട്ടികയും മുറിച്ചോണ്ടു പോയി. ഉപ്പാപ്പനും കള്ളു കുടിക്കണ്ടേ ? അച്ചനെ വക്കച്ചൻ ചൊറിഞ്ഞതിനാൽ അച്ചൻ ഓർമ്മകളിൽ നിന്നുണർന്നു. എന്നിലെ കലാകാരന് ഒരവസരം തന്നതിനാൽ ഉത്സവക്കമ്മി റ്റിയും അച്ചനും സുഹൃത്തുകൾക്കും നന്ദി. വക്കച്ചന്റെ ഹിറ്റ് ക്രിസ്തീയ ഗാനം ആരംഭിക്കുന്നു. ശാന്തരാത്രി.... ശിവരാത്രി.... ആ ഗാനം മുഴുപ്പിക്കാൻ വക്കച്ച നായില്ല. കരണ്ടുപോയി. തുടർന്ന് ഇരുട്ടിൽ പടക്കം പൊട്ടലായിരുന്നു. ശവ ക്കോട്ടയിൽ കരിയിൽ കുതിർന്ന് നിൽക്കുന്നവരെ കണ്ട് അച്ചൻ പറഞ്ഞു. ഈ പാതിരാത്രിക്കെന്തിനാടോ ഭിക്ഷയെടുക്കാൻ വന്നു നിൽക്കുന്നത്. ഭിക്ഷക്കാര ല്ലച്ചാ പടക്കം കെട്ടിയ ഉപ്പാപ്പനും പടക്കം കൊളുത്തിയ അപ്പനുമാ . വക്ക ച്ചന്റെ മകന്റെ കുഴഞ്ഞ ശബ്ദം. ഗുരുത്വമുള്ളവനാ..... വെള്ളത്താൽ പിഞ്ചു നാവ് കുഴഞ്ഞെങ്കിലും അപ്പനെയും ഉപ്പാപ്പനെയും അവൻ തിരിച്ചറിഞ്ഞല്ലോ. വക്കച്ചൻ കരിഞ്ഞു പറഞ്ഞപ്പോൾ അച്ചൻ കരഞ്ഞു പറഞ്ഞു. വിത്തു ഗുണം പത്തു ഗുണം.

malalankaralibrary.com



കുഴഞ്ഞ കാഴ്ചകൾ

വീടിനു പിന്നിലായി റബർതോട്ടമാണ്. പള്ളിക്കൂടത്തിൽ നിന്ന് വിശന്നലഞ്ഞാണ് വീട്ടിലെത്തിയത്. ഇപ്പോൾ നിനക്ക് കാപ്പിയുണ്ടാക്കിത്തരാം. അമ്മ പറഞ്ഞുകൊണ്ട് ചുള്ളിലെടുക്കാൻ തോട്ടത്തിലേക്കു നടന്നു. ഒരു രണ്ടാം ക്ലാസുകാരന്റെ താല്പര്യ പ്രകാരം ഒരു കലമെടുത്ത് തലയിൽ വച്ച് കുറെ നേരം നടന്നു. ഇങ്ങനെ നടന്നാലെന്താ ഒരു പുതുമ ? കലമെടുത്ത് തലയിൽ തിരിച്ചു കമിഴ്ത്തി. കുറേ സമയം നടന്നു കഴിഞ്ഞപ്പോൾ മനസ്സ് പുതുമയുള്ള ചിന്തകളേകി. കലം കഴുത്തോളം ഇറക്കുക. മൂക്ക് അമർത്തി, കലം കഴുത്തോളം താഴ്ത്തി. ഒറ്റ നിമിഷത്തിൽ സൂര്യൻ അസ്തമിച്ചു. തിരിച്ച് കലം ഉയർത്താൻ ശ്രമിച്ചിട്ട് കലം ഊരി വരുന്നില്ല. കൂടുതൽ ആഞ്ഞു പിടിച്ചാൽ കഴുത്ത് ഊരിപ്പോകുമോ എന്ന് ഭയന്നു. കരഞ്ഞു കൊണ്ട് അമ്മയെ വിളിച്ചു. കലത്തിനുള്ളിൽ തല വച്ച് ഉച്ചത്തിൽ വിളിച്ചാലുള്ള സ്ഥിതി അറിയാമല്ലോ. കാതിന്റെ കോക്ലിയ അടിച്ചു പോകുമെന്നു തോന്നിയപ്പോൾ വിളിക്കുന്നതു നിർത്തി. അമ്മ പോയ വഴിയെപോവുക തപ്പിതടഞ്ഞ് നടന്നു നീങ്ങിയപ്പോഴാണ് ചിന്തയുണർന്നത്.

പള്ളിക്കൂടത്തിൽ നിന്നു വരുന്ന വഴിക്കാണ് കറുമ്പിപ്പശു നിൽക്കുന്നത്. ഞാനിങ്ങനെ പമ്മിപ്പമ്മി ചെല്ലുന്നത് പശുവിന് ഇഷ്ടപ്പെടാതെ വന്നാലോ ? ഒടുവിൽ ഞാനൊരു തീരുമാനത്തിലെത്തി. തിരികെപ്പോവുക. തിരികെപ്പോയി. ഒരു തുണിൽ പിടികിട്ടി. കിട്ടിയ തുണിൽ കെട്ടിപ്പിടിച്ച് ഞാനിരുന്നു. ചില ചിന്തകൾ അപ്പോഴെന്റെ മനസ്സിലൂടെ കടന്നുപോയി. ഇനിയുമെങ്ങനെ കാപ്പി കുടിക്കും ? പള്ളിക്കൂടത്തിൽ ഞാൻ മാത്രം തലയിൽ കലത്തിന്റെ അസുഖമുള്ള കുട്ടി. ക്ലാസ് മുറിയിൽ മുപ്പതുപേർക്കിടയിൽ ഞാൻ മാത്രം തലയിൽ കലമുള്ളവൻ. അമ്മയെത്തിയപ്പോൾ അരിശപ്പെടുന്ന സ്വരം കലത്തിന്റെ ഉള്ളറയിലും എത്തി. എന്തോന്നാടാ ഇത് ? വളരെ പ്രയാസപ്പെട്ട് അമ്മ തലയിൽ നിന്ന് കലമെടുത്തപ്പോൾ സൂര്യനെന്നെ നോക്കിച്ചിരിച്ചു. ഹെൽമറ്റ് ധരിച്ച് ബൈക്കിൽ പാഞ്ഞു പോകുന്ന ആളുകളെ കാണാറുണ്ട് . ഓർമ്മകൾ അപ്പോഴെല്ലാം അഥിതിയായി എത്താറുണ്ട്. വരുമ്പോഴൊരു ചിത്രം കൊണ്ടുവരും. തലയിൽ കലം കമിഴ്ന്ന ബാല്യകാല ചിത്രം.

നമുക്കു മുമ്പിലെ സൂര്യനെ അണയ്ക്കുന്നത് നമ്മുടെ തന്നെ അഹങ്കാരത്തിന്റെ കലമോ മത്സരത്തിന്റെ കലമോ ഒക്കെയാവും. ദൈവത്തിനു മാത്രമേ ഇത്തരം കലങ്ങളിൽ നിന്ന് നമ്മുടെ കാഴ്ചകളെ ദൈവിക കാഴ്ചകളാക്കിമാറ്റുവാനാകൂ.

malalankaralibrary.com



സൂചിക്കുഴയ്ക്കിപ്പുറം

കുഞ്ഞുങ്ങളെ അനുഗ്രഹിക്കുന്ന ദൈവത്തിനെ കണ്ടപ്പോൾ പ്രമാണങ്ങളനുസരിക്കുന്ന ചെറുപ്പക്കാരൻ കൂടെയുള്ളവനോട് ചോദിച്ചു. "എനിക്കെന്താണൊരു കുറവ് ?" കുഞ്ഞിനൊരു കുറവുമില്ല തങ്കം പോലത്തെ സ്വഭാവമല്ല്യോ ? അദ്ദേഹത്തിന്റെ വീട്ടിൽ പണിക്കു നിൽക്കുന്നവൻ വായ് പൊത്തിക്കൊണ്ടു പറഞ്ഞു. അദ്ദേഹത്തിനു ധൈര്യമായി. പണമുള്ളതുകൊണ്ടുള്ള ബഹുമാനമാകാം. പണം കിട്ടുന്നതുകൊണ്ടുള്ള കടപ്പാടാകാം. എന്തുമാകട്ടെ ഗുരുവിന്റെയരുകിലെത്തുമ്പോൾ ഇവൻ പറയുന്നതുപോലെ മനസ്സു കുളിർക്കുന്ന വചനങ്ങൾ കേൾക്കാനാകുമോ ?

തിരക്കിനിടയിലൂടെ ഊളിയിട്ട് ഗുരുവിന്റെ അരുകിലെത്തി. ഗുരുവിന്റെ ഉപദേശങ്ങൾക്ക് മുമ്പിൽ അലിഞ്ഞലിഞ്ഞു ചേർന്നപ്പോൾ ഒരു ചോദ്യം ഉള്ളിലെ വിതുമ്പലായി. ഇനിയുമെന്താണ് എനിക്കുള്ള കുറവ് ? "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക അപ്പോൾ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക. അയാൾ സങ്കടത്തോടെ പോയി ഒരു വക്കീലിനെ കണ്ടു. വക്കീൽ നികുതിയുടെ നിയമങ്ങൾ എല്ലാം അയാളെ പഠിപ്പിച്ചു. അതിൻ പ്രകാരം ദരിദ്രയായ തന്റെ ഭാര്യയ്ക്കും ദരിദ്രരായ തന്റെ മക്കൾക്കുമായി സമ്പത്തു മുഴുവൻ എഴുതിവച്ചു. അവരുടെ കാലശേഷം ഇവയെല്ലാം തന്റെ തായിത്തന്നെക്കൂട്ടിച്ചേർക്കപ്പെടുമെന്ന് വ്യവസ്ഥ എഴുതിപ്പിച്ച് ഒപ്പിടുവിച്ചു. ഗുരുവിന്റെ പ്രസംഗം കേട്ട പണിക്കാർ പറഞ്ഞു. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എന്നദ്ദേഹം പറഞ്ഞു." വടിവൊത്ത അക്ഷരങ്ങളിൽ അദ്ദേഹത്തിന്റെ വീടിനു മുമ്പിൽ ഒരു പരസ്യം പ്രത്യക്ഷപ്പെട്ടു. **കൂട്ട ഉപവാസവും പ്രാർത്ഥനയും**

സൂചിക്കുഴയിലൂടെ കടത്തുവാനായി തന്റെ ഒട്ടകങ്ങളെ ഉപവസിപ്പിക്കുകയും ഉച്ചത്തിൽ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടദ്ദേഹം ഗുരുവിന്റെ കൺമുമ്പിൽ ചെന്നുപെടാതെതന്നെ നാട്ടിലെ ദൈവമായി.

malalankaralibrary.com



എന്റെ ചുവന്ന കാവേ

എന്റെ കുട്ടിക്കാലത്ത് സ്ലേറ്റ് ഉണ്ടായിരുന്നു. സ്ലേറ്റ് തുടയ്ക്കാൻ വെള്ളംകൊള്ളിച്ചെടി ഉണ്ടായിരുന്നു. മനസിന്റെ സ്ലേറ്റിൽ കാലത്തിന്റെ വെള്ളം കൊള്ളിച്ചെടികൾ മായ്ക്കാത്ത ഒരു അനുഭവം. വീട്ടിലേക്കൊരു കറവപ്പശുവിനെ വാങ്ങുവാൻ അപ്പൻ പോയപ്പോൾ ഞാനും കൂടെക്കൂടി. പശുവിന്റെ ഒപ്പം തുള്ളിച്ചാടി നടക്കുന്ന പശുക്കിടാവിനെയും കൂട്ടി ആ വീടിന്റെ നടയിറങ്ങുമ്പോൾ ആ വീട്ടിലെ മൂന്ന് വയസ്സുകാരനായ കുഞ്ഞ് സർവ്വവും നഷ്ടപ്പെട്ടവനെപ്പോലെ **എന്റെ ചുവന്ന കാവേ**... (ക്ടാവ്) എന്ന് നിലവിളിക്കുകയായിരുന്നു.

എന്റേതെന്ന ബോദ്ധ്യത്തിൽ ചുവന്ന ക്ടാവിനെ സ്നേഹിക്കുന്ന ആ **കു**ഞ്ഞിനെ ഈ വൈകിയ വേളയിൽ ഞാൻ **ഗുരുവെന്നു** വിളിക്കുന്നു. ആത്മാവിന്റെ താളിൽ കറുത്ത കൃതിയായി മാറിയ അന്നത്തെ എന്റെ സ്വാർത്ഥതയ്ക്ക് മാപ്പ് ചോദിക്കുന്നു.

സൃഷ്ടികൾ ദൈവമഹത്വം പാടുന്നു. ആകാശത്തട്ട് അവന്റെ കരവേല കാട്ടുന്നതു കാണാൻ കണ്ണുകളും പ്രകൃതിയെ കേട്ടറിയുവാൻ കാതുകളും **മാനിഷാദ** ചൊല്ലുന്ന നാവും കാട്ടരുവിപ്പാട്ടുള്ള ആർദ്ര ഹൃദയവും നമ്മുടെ ജീവിതങ്ങളെ ധന്യമാക്കട്ടെ. ഹൃദയത്തിൽ നന്മയുടെ വിളക്കുകൾ തെളിയാൻ പ്രാർത്ഥിക്കാം. ***ലോകാ സമസ്താ സുഖിനോ ഭവന്തു.***

malalankaralibrary.com



സിന്ദൂരം

കണ്ണീരോടെയാണ് അവർ വരുന്നത്. എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും. ഞാൻ അവരെ നീരൊഴുക്കുകളിലേക്കു നയിക്കും. അവരുടെ വഴി സുഗമമായിരിക്കും. അവർക്കു കാലിടറുകയില്ല. എന്തെന്നാൽ ഞാൻ ഇസ്രയേലിനു പിതാവാണ്. (ജറ: 31 /9)

സാധു ഇട്ടിയവിരായുടെ ജീവിതത്തിലെ മനോഹരമായ സംഭവം അദ്ദേഹത്തിന്റെ പുസ്തകത്തിൽ നിന്ന് വായിക്കുവാനിടയായി. സുവിശേഷ പ്രസംഗത്തിനായി പോയ അദ്ദേഹത്തിന് അന്നത്തെ രാത്രിയിൽ അഭയം ലഭിച്ചത് മുടിവെട്ടുകാരനായ ഒരു സഹോദരന്റെ ഭവനത്തിലായിരുന്നു. രാത്രിയിൽ ഏറെ നേരം അവർ സംസാരിച്ചിരുന്നു. ഇടയ്ക്കെപ്പോഴോ അവരുടെ വിഷയം ദൈവസ്നേഹത്തെക്കുറിച്ചായി. സാധു ദൈവസ്നേഹത്തെപ്പറ്റി പറഞ്ഞപ്പോഴെല്ലാം അദ്ദേഹം വികാരവേശത്തോടെ എതിർത്തു കൊണ്ടു പറഞ്ഞു. ദൈവം വലിയവരായി ചിലരെ സൃഷ്ടിച്ചു. ദൈവം സ്നേഹിക്കുന്നതും കരുതുന്നതും അവരെ മാത്രമാണ്. കഷ്ടപ്പെടുന്ന സാധുക്കളുടെ ജീവിതഭാരങ്ങൾ വർദ്ധിച്ചുവരുന്നതല്ലാതെ കുറയുന്നതായി കാണുന്നില്ല . സാധു ഏറെ സംസാരിച്ചിട്ടും നീതിമാൻമാരുടെ മേലും നീതിരഹിതരുടെമേലും മഴയും വെയിലും പൊഴിക്കുന്ന ദൈവം സ്നേഹമാണെന്ന വസ്തുത അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താനായില്ല. തറയിൽ വിരിച്ച ചാക്കിൽ ഇരുവരും കിടന്നുറങ്ങി. ആ രാത്രിയിൽ മഴ പെയ്തു. ചീറിയടിക്കുന്ന കൊടുങ്കാറ്റ് മത്തേഭത്തെപ്പോലെ അലഞ്ഞു. പ്രഭാതത്തിൽ ഉണർന്ന പാടേ ഇരുവരും പുറത്തിറങ്ങി. വൻമരങ്ങൾ ഒടിഞ്ഞു കിടക്കുന്നു. സാധുവിനോട് സുഹൃത്തു പറഞ്ഞു. എത്രമാത്രം വലിയമരങ്ങളാണ് ഒടിഞ്ഞു വീണത്? സാധു പുഞ്ചിരിയോടെ മരങ്ങ ൾക്കു കീഴെ നിൽക്കുന്ന പുൽപ്പരപ്പിനെ ചൂണ്ടിപ്പറഞ്ഞു. വൻമരങ്ങൾ ഒടിഞ്ഞപ്പോഴും ദൈവം ഇളം പുല്ലി നെ സംരക്ഷിക്കുന്നതുകാണൂ. മനുഷ്യജീവിതത്തിലും വീഴ്ചയും തകർച്ചയും ഉണ്ടാകും. പക്ഷേ ചെറുപുല്ലിനെ കരുതുന്നപോലെ ദൈവകരങ്ങൾ നമ്മെ കാക്കുന്നു.

മനുഷ്യകുലം മുഴുവൻ കാലപരിധിയിൽ യേശുവുമായി ബന്ധപ്പെട്ട്

malalankaralibrary.com

നിൽക്കുന്നു. 2011 എന്ന വർഷം യേശുക്രിസ്തുവിന്റെ ജനനത്തിനുശേഷമുള്ള 2011 ാം വർഷമാണ്. മാറാത്ത ദൈവത്തെ കാലം അളവുതോതാക്കി. യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നും മാറ്റമില്ലാത്തവനാണ്. നമ്മളൊക്കെ മാറ്റമില്ലാത്ത ആ കാലപ്രവാഹത്തിൽ മാറ്റപ്പെടുവാനായി ഇടയ്ക്ക് വന്നു പോകുന്നവരാണ്. നമ്മൾ മുപ്പതോ നാല്പതോ വർഷം കഴിഞ്ഞു മരിക്കുകയാണെങ്കിൽ യേശുക്രിസ്തുവിനു ശേഷമുള്ള ഈ കാലത്തിൽ മരിച്ചുവെന്നാണ് പറയുന്നത്. ജന്മം കൊണ്ട് യേശുവിന്റെ കാലവുമായി നാം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതകാലം മാത്രമല്ല നമ്മുടെ ജീവിത സാഹചര്യങ്ങളത്രയും നമുക്ക് യേശുവുമായി ബന്ധിപ്പിച്ച് യേശുവിൽ ഒരു പുതിയ സൃഷ്ടിയാകാം.

ഒരു ശൂന്യതാവാദിയോട് ഒരാൾ ചോദിച്ചു, വാട്ടീസ് ലൈഫ്? അദ്ദേഹം മറുപടി പറഞ്ഞു ലൈഫ് ഈസ് സൺഡേ, മൺഡേ, ടൂസ്ഡേ, വെനസ്ഡേ, തേഴ്സ്ഡേ, ഫ്രൈഡേ, സാറ്റർ ഡേ.... എഗെയ്ൻ സൺഡേ... അദ്ദേഹം പറഞ്ഞതാണ് ജീവിതമെങ്കിൽ ജീവിതം വിരസതയുടെ കൂമ്പാരമാണ്.

ദിവസങ്ങളുടെ വിരസതയല്ല ജീവിതം. മറിച്ച് ഓരോ സെക്കന്റും ദൈവത്തെ അറിഞ്ഞ് ജോലിചെയ്യുവാനും കിട്ടിയിട്ടുള്ള താലന്തുകളെ ആകാവുന്നിടത്തോളം വർദ്ധിപ്പിക്കുവാനും കർത്താവിൽ ആനന്ദിക്കുവാനുമാകുന്ന ദൈവാനുഭവത്തിന്റെ ആന്ദോളനമാക്കാം ജീവിതം. പ്രാർത്ഥനയുടെ ഊർജ്ജസരണിയാക്കാം ജീവിതം. ദൈവം വഴി നടത്തിയ കഴിഞ്ഞകാലത്തെയോർത്ത് ദൈവത്തോട് കൃതജ്ഞതാഭരിതരാകാം.

പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്കീ പുതുവർഷത്തിന്റെ സന്ദേശമാകട്ടെ.

ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്. എന്റെ മേൽ ദൈവം ചൊരിഞ്ഞകൃപ നിഷ്ഫലമായിപോയിട്ടില്ല. നേരെമറിച്ച് മറ്റെല്ലാരെയുംകാൾ അധി കം ഞാൻ അദ്ധ്വാനിച്ചു. എന്നാൽ ഞാനല്ല, എന്നിലുള്ളദൈവകൃപയാണ് അധ്വാനിച്ചത്. (1കൊരി:15–10)

malalankaralibrary.com



കടൽകാക്ക

അയാളൊരു കംപ്യൂട്ടർ എഞ്ചിനീയറാണ്. ഉറക്കമിളച്ചയാൾ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് അമ്മച്ചി ചോദിച്ചത് . "മോനെ ചിലയ്ക്കുന്ന പക്ഷിയുടെ പേരെന്താ?" അൽഷിമേഴ്സ് രോഗം (മറവിരോഗി) ഏറ്റുവാങ്ങിയ അമ്മച്ചിയുടെ ചോദ്യം അയാൾ കേട്ടില്ല. വീണ്ടും ചോദ്യമുയർന്നു. സ്ക്രീനിൽ നിന്നു കണ്ണുപറിക്കാതെ അലക്ഷ്യമായിട്ടയാൾ പറഞ്ഞു. "ഇരണ്ടവാലൻ" ഉൾമുറിയിലേക്ക് പിൻവാങ്ങിയിട്ട് ഏറെ സമയെ കഴിയുന്നതിനു മുമ്പേ അമ്മച്ചി വീണ്ടുമെത്തി. "മോനെ ഏതാണാ പക്ഷി?" "ഇരണ്ടവാലൻ." പണിയിലേക്കയാൾ ഊളിയിട്ടിറങ്ങി സർവ്വവും മറന്നിരിക്കുമ്പോൾ വീണ്ടും അമ്മച്ചി ചോദിച്ചു. "മോനെ ആ പക്ഷിയുടെ പേരെന്താ?" അയാൾ ഒരു ഭ്രാന്തനെപോലെ ചാടിയെഴുന്നേറ്റു. "പൊയ്ക്കോണമെന്റെ മുന്നിൽ നിന്ന്. ജോലി ചെയ്യാൻ സമ്മതിക്കില്ലേ?".

ഒരു കുട്ടിയുടെ നടുക്കത്തോടെ അമ്മച്ചി പിൻമുറിയിലേക്ക് പോയി. ആ രാത്രിയിൽ സർവ്വ ചോദ്യങ്ങളുടെയും ഉത്തരമായ ദൈവ തിരുസന്നിധിയിലേക്ക് അമ്മച്ചി മടങ്ങി. കല്ലറയിൽ അടക്കപ്പെട്ട അമ്മച്ചിയുടെ ഓർമ്മയുടെ തടവറയിൽ മകൻ ബന്ധിക്കപ്പെട്ടു. മകൻ അമ്മച്ചിയുടെ പഴയ ഡയറികൾ എടുത്തു മറിക്കാൻ തുടങ്ങി. ഓർമ്മയുടെ ഗന്ധം കൊതിച്ചു കൊണ്ടു തന്നെ. ഒരാൾ നഷ്ടപ്പെടുമ്പോൾ ആണല്ലോ അവരെത്ര പ്രിയങ്കരരായിരുന്നുവെന്നുള്ള തിരിച്ചറിവ് ഉണ്ടാകുന്നത്. ഡയറിയിലെ ഒരു നീലത്താളിലേക്ക് മകൻ എത്തി. ഇന്നെന്റെ മകന്റെ അഞ്ചാം പിറന്നാളാണ്. ഞാനും അവനും കടൽത്തീരത്തു പോയി. അവന്റെ നീലക്കണ്ണുകളിൽ വിസ്മയം ചേർത്ത ഒരു ദൃശ്യമുണ്ടായി. പറയുമ്പോൾ നിസ്സാരമെന്നു തോന്നാം കടൽകാക്കകളെ കണ്ടാണ് അവൻ ആനന്ദിക്കുന്നത്. വെള്ളത്തിലേക്ക് പറന്നിറങ്ങുകയും ആകാശത്തിലേക്ക് പറന്നുയരുകയും ചെയ്യുന്ന പക്ഷി. അവനെന്നോടു ചോദിച്ചു. "എന്താ മമ്മീ ആ പക്ഷിയുടെ പേര്?" "കടൽകാക്ക" "കൗതുകമടങ്ങാതെ ഈ ദിവസം മുപ്പത്തിരണ്ടു പ്രാവശ്യം അവൻ ആ പക്ഷിയുടെ പേരു ചോദിച്ചു. മുപ്പത്തിരണ്ടു പ്രാവശ്യവും ഞാൻ എന്റെ മുത്തിനോടു പറഞ്ഞു. കടൽകാക്ക. എന്റെ പുന്നാര മകൻ മറക്കുന്നത് ഓർമ്മിപ്പിക്കാനുള്ള കടമ ഈ മമ്മിക്കുണ്ടല്ലോ." അയാൾ കണ്ണുനീരോടെ ആ അക്ഷരങ്ങളിലേക്ക് മുഖമർത്തി അഞ്ചു വയസ്സുകാരനെപ്പോലെ വിതുമ്പി. ഒരു ചോദ്യത്തിന്റെ ഉത്തരം നൽകുവാൻ കഴിയാതെ പോയ കുട്ടിയെപ്പോലെ ... ബാല്യത്തിൽ നമ്മെ ഓർമ്മിക്കുന്ന മാതാപിതാക്കളെ അവരുടെ രണ്ടാം ബാല്യമായ വാർദ്ധക്യത്തിൽ നമ്മൾ മറക്കരുത്.

malalankaralibrary.com



പുരോഹിതൻ

അദ്ദേഹം അച്ചന്മാരെ ഏറെ വെറുത്തിരുന്നു. അച്ചന്മാരെ വേദനിപ്പിക്കുന്നതിൽ ഏറെ സന്തോഷം കണ്ടെത്തിയിരുന്നു. അന്ന് അച്ചനെ കാണുവനദ്ദേഹം ചെന്നപ്പോൾ മേശപ്പുറത്തിരിക്കുന്ന തലയോട്ടിയിൽ വിരലോടിച്ചു. ഇതു കളിമണ്ണാണോ?. അല്ല. സെമിത്തേരിയിൽ നിന്നെടുത്തതാണ്. അദ്ദേഹം പെട്ടെന്ന് കൈ പിന്നോക്കം വലിച്ചു. മതിലേൽ കുരുത്തവനും പുല്ലിൽ കുരുത്തവനും ഇത്രയുമേയുള്ളുവെന്ന് പറയാതെ പറയാനായിരിക്കും ഈ തലയോട്ടി പ്രയോഗം.

അതല്ല സുഹൃത്തേ തലയോട്ടിയിൽ മാംസം ഉള്ളപ്പോഴും തലയോട്ടിയിലെ മാംസം അഴുകി പോകുമ്പോഴും തള്ളിക്കളയാത്തവനാണ് ക്രിസ്തുവിന്റെ പുരോഹിതൻ എന്ന് പറയാതെ പറയാനാണ്. വ്യക്തമാക്കാം. ഒരു വീട്ടിൽ ഒരാൾ മരിച്ചു. ഭാര്യയ്ക്കും മക്കൾക്കുമെല്ലാം അവൻ പിന്നീട് ശവമാണ്. ആർക്കും അയാളെ ആവശ്യമില്ല. ആർക്കും വേണ്ടാത്തവനെ മുത്തുകുടയുമായി ചെന്ന് എടുത്തുകൊണ്ടു തന്റെയൊപ്പം കിടത്തിയുറക്കുന്നവനാണ് പുരോഹിതൻ. അദ്ദേഹം പുറത്തിറങ്ങി. ശവപ്പറമ്പിന്റെ വശത്തായുള്ള പള്ളിമേടയെയെനോക്കി മന്ത്രിച്ചു. ശരിയാണ്. ഈ അച്ചൻ ഉറങ്ങുന്നത് ശവങ്ങൾക്കൊപ്പമാണ്. ജീവിച്ചിരിക്കുമ്പോൾ ഒരു തലയോട് കുതന്ത്രങ്ങളുടെ ഗർഭപാത്രമായലും അത് അഴുകുമ്പോൾ ഒരു ഗർഭ പാത്രത്തിലെ ഇരട്ടക്കുട്ടികളെ പോലെ ആത്മീയ ഗർഭപാത്രത്തിൽ പുരോഹിതനും ആ ആത്മാവും പ്രാർത്ഥനാകൂട്ടായ്മയിൽ സന്ധിക്കുന്നു.

ഒരു പുരോഹിതന് തനിയെ സ്വർഗ്ഗത്തിൽ പോകുവാൻ കഴിയില്ല. നരകത്തിലും പോകുവാൻ കഴിയില്ല. എപ്പോഴും അദ്ദേഹത്തോടൊപ്പം ഒരു സമൂഹമുണ്ടായിരിക്കും. ക്രിസ്തുവിന്റെ പുരോഹിതൻ ക്രൂശിക്കുന്നവരെ ആശ്വസിപ്പിക്കുന്ന മറ്റൊരു ക്രിസ്തുവാണ്.

malalankaralibrary.com



മുറിവുള്ള യാത്രകൾ

വഴിയാത്രയ്ക്കിടയിൽ ആ ഓട്ടോറിക്ഷായിൽ കയറുവാൻ ഇടയായി. ആ ഓട്ടോറിക്ഷായുടെ പിന്നിൽ രണ്ടു വരികളുടെ ലിഖിതമുണ്ടായിരുന്നു. **ആശുപത്രിയിൽ പോകുന്ന നിർദ്ധനരായ ഗർഭിണികൾക്ക് ഈ വാഹനത്തിൽ യാത്ര സൗജന്യമാണ്.** ഇങ്ങനെയൊരു വിചിത്രമായ സൗജന്യം എന്തുകൊണ്ടെന്നു ഞാൻ ചിന്തിച്ചു.

വഴിയിലൂടെ കുലുങ്ങിയോടുമ്പോൾ ഓട്ടോറിക്ഷ ഓടിക്കുന്ന കറുത്തുമെലിഞ്ഞ ആ യുവാവിനോട് ഞാനാ കുറിപ്പിനെക്കുറിച്ചു ചോദിച്ചു. "ജീവിതത്തിന്റെ അനുഭവങ്ങളല്ലേ നമ്മളെ ഓരോ തീരുമാനങ്ങളിലെത്തിക്കുന്നത്." ഏതാനും നിമിഷങ്ങൾ ഞങ്ങൾക്കിടയിൽ നിശ്ശബ്ദത വല കെട്ടി. "ഈ ഓട്ടോറിക്ഷ എന്റെ കൈയ്യിലെത്തുന്നതിനുമുമ്പ് ഞാനും ഭാര്യയും ഒരു വാടകവീട്ടിൽ കഴിയുകയായിരുന്നു. കൂലിപ്പണി ചെയ്താണ് അന്നു കഴിഞ്ഞുപോന്നിരുന്നത്. ഒരു രാത്രിയിൽ ഭാര്യയ്ക്ക് പ്രസവവേദനയായി. ഒരു വാഹനവും കിട്ടാനില്ല. പതിയെ ഞങ്ങൾ നടന്ന് റോഡിലെത്തി. പല വണ്ടികൾക്കും കൈ കാണിച്ചു.ഒന്നും നിർത്തിയില്ല. ഒടുവിൽ ഒരു കാർ വന്നു, നിർത്തി. ഞങ്ങൾ അടുത്തെത്തിയപ്പോഴേക്കും ചോരയിൽ കുതിർന്ന അവളെ കണ്ട് വണ്ടി വേഗത്തിലോടിച്ചുവർ സ്ഥലം വിട്ടു. വലിയ വേദനയുമായി ഞങ്ങൾ നടന്നലഞ്ഞ് ആശുപത്രിയിലെത്തി. കുഞ്ഞിന്റെ തല പുറത്തുവന്നിരുന്നു. ആശുപത്രിയിൽ വച്ച് ആ കുഞ്ഞ് മരിച്ചു. എന്റെ ആദ്യത്തെ മകൻ..."

മായാത്ത ചിരിയോടെ അദ്ദേഹം പറഞ്ഞു. "എന്നെപ്പോലെയുള്ള അനേകർ ഈ ഭൂമിയിലുണ്ട്. എന്റെ ഭാര്യ അനുഭവിച്ച വേദന നാളെ ഒരു സ്ത്രീക്കുമുണ്ടാകരുതെന്നുള്ള ഒരു ആഗ്രഹം. ഒരു ഓട്ടോറിക്ഷ ഡ്രൈവർക്ക് ആവുന്നത് ചെയ്യാനുള്ള ഒരു എളിയ ശ്രമം." ഇഴകെട്ടുന്ന നിശ്ശബ്ദതയുടെ തുമ്പുകളിൽ നിന്നും ഒരു വാക്കിന്റെ നന്മയ്ക്കായി ഞാൻ പരതി. ഒടുവിൽ പറഞ്ഞു "ക്രൂശിതനോടൊപ്പമുള്ളവർ നിങ്ങളെപ്പോലെയുള്ളവരാണ്. അപരനൊരു ഉയിർത്തെഴുന്നേൽപ്പു നൽകുവാൻ പാതാളത്തോളമിറങ്ങുന്നവർ. ചിലരുടെ മുമ്പിൽ കുരിശൊരു ആഭരണമാണ്. നിങ്ങൾക്കു മുമ്പിൽ കുരിശൊരു പാഠപുസ്തകമാണ്.

malalankaralibrary.com



നുറുങ്ങുവെട്ടം

വീൽചെയറിൽ ഒരു കുന്നിന്റെ മുമ്പിലായി അദ്ദേഹമിരിക്കുകയാണ്. അരികത്തെത്തിയപ്പോൾ അദ്ദേഹം ചോദിച്ചു. "സുഹൃത്തേ ഈ വീൽചെയർ ഒന്നു തള്ളിത്തരാമോ?". ഒരു ഉപകാരം ചെയ്യാൻ കിട്ടിയ അവസരമല്ലേ? ആ ക്ഷണം സന്തോഷത്തോടെ സ്വീകരിച്ചു. പതിയെ നീങ്ങുമ്പോൾ ചോദിച്ചു. "എവിടെയാ വീട്," "ഈ കുന്നിറങ്ങിക്കഴിഞ്ഞ് വലത്തോട്ടു തിരിഞ്ഞ് ഇത്തിരിപോയാൽ മതി,". "എന്താണു ജോലി?," ഞാൻ രണ്ടും കണ്ടു പിടിച്ച ഒരു ജോലിയാ.... പണിസ്ഥലങ്ങളിലൊക്കെയായി മണലിന്റെയും പാറയുടെയുമൊക്കെ ഓർഡറു പിടിക്കും. വണ്ടിക്കാരുമായിട്ട് ബന്ധപ്പെട്ടിട്ട് അവിടെ അവ എത്തിച്ചു കൊടുക്കും.

വീട്ടുകാരും എനിക്കിത്തിരി പണം തരും. വണ്ടിക്കാരും ഇത്തിരി പണം തരും. ദൈവം മൂക്കും വായും കൂടി പൊത്തത്തില്ലല്ലോ സാറെ. "വീട്ടിലാരൊക്കെയുണ്ട്?". "ഭാര്യയുണ്ട് ഞങ്ങൾക്കു മക്കളില്ലായിരുന്നു." അനാഥരായ രണ്ടു കുഞ്ഞുങ്ങളെ ഞങ്ങൾ എടുത്തു വളർത്തുന്നു. അങ്ങനെ ആ സങ്കടവും ദൈവം മാറ്റിത്തന്നു. ഭാര്യ പൊതിച്ചോറുണ്ടാക്കി അടുക്കലുള്ള കളിമൺ ഫാക്ടറിയിൽ ഉച്ചയ്ക്കു കുറെപ്പേർക്കു കൊടുക്കുന്നുണ്ട്. അങ്ങനെ ഇത്തിരിപ്പണം കിട്ടുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് വീട്ടിൽ വച്ച് ഒരു പ്രാർത്ഥനായോഗം ഞങ്ങൾ കൂടുന്നുണ്ട്. നാല്പതു പേരോളം പങ്കെടുക്കും. ഓരോ ദിവസവും ദൈവം, വഴി നടത്തുന്ന വഴികളറിയുമ്പോൾ എങ്ങനെ പ്രാർത്ഥിക്കാതിരിക്കാനാകും?"

കുന്നിറങ്ങി നിലാവിലേക്കമരുവാൻ പോകുന്ന വഴിയിൽ പതിഞ്ഞുകിടക്കുന്ന തെങ്ങോലകളുടെ നിഴലുകൾക്കിടയിലൂടെ ഉരുളുന്ന വീൽച്ചെയറിൽ യാത്ര ചെയ്യുന്ന ആ മനുഷ്യനെ നോക്കി മനസ്സ് മന്ത്രിച്ചു. യുദ്ധം ജയിച്ചുവരുന്ന കുതിരപ്പുറത്തെ സേനാനിയെപ്പോലെ കരുത്തനായ ഒരു വികലാംഗൻ. ഇയാൾ തെളിക്കുന്ന വെളിച്ചം കാറ്റിനു കെടുത്താനാകാത്തതാണ്.

malalankaralibrary.com



കുട്ടനും ഉപ്പുമാവും

ഒന്നാം ക്ലാസുകാർക്ക് അതൊരു കൗതുകമാണ്. തലയിൽ ചട്ടി കമിഴ്ത്തിവച്ചുള്ള കുഞ്ഞമ്മാവന്റെ ആ യാത്ര. കൊഴുക്കട്ടയ്ക്കുള്ളിലെ തേങ്ങാപ്പീരപോലെയാണാ തല. അന്നൊക്കെ വീട്ടിൽ നിന്നിറങ്ങുമ്പോൾ പോക്കറ്റിൽ വട്ടയില കരുതും. പുസ്തകം മറന്നാലും പോക്കറ്റിലെ വട്ടയില മറക്കില്ല. ഇടയ്ക്കിടെ കൊച്ചു പള്ളിക്കുടത്തിനു മുമ്പിലെ വാക മരക്കൊമ്പിൽ കെട്ടിയിട്ടുള്ള ദോശക്കല്ലിൽ കൊട്ടുന്ന കശാവിൻ കുറ്റിക്കൊപ്പം പിറക്കുന്ന ഇടവേള വരും. അപ്പോൾ വട്ടയിലകൾ നിവർത്തിവച്ച് ഞങ്ങൾ ഒരു താരതമ്യ പഠനം നടത്തും. ചുളുങ്ങിപ്പോയി, കീറിപ്പോയി അങ്ങനെയങ്ങനെ. ആദിയും അന്തവുമില്ലാത്ത കയ്യിലെ പുസ്തകത്തിനോടീ പരിഗണന ഉണ്ടായിരുന്നില്ല. ഉച്ചയ്ക്കു കൊട്ടുന്ന കശാവിൻ കുറ്റി നൽകുന്നതൊരു സ്വാതന്ത്ര്യ വിളംബരമാണ്. ഉപ്പുമാവു പാത്രത്തിന്റെ വൃത്ത പരിധിയിലേക്ക് തള്ളിക്കുടുവാനുള്ള സ്വാതന്ത്ര്യം, കാക്കക്കുട്ടവും ഞങ്ങളും ചുരലുമായി കണക്കുമാഷും, ചട്ടുകവുമായി കുഞ്ഞമ്മാവനും. ആ ഉത്സവ നാളുകളിലേക്ക് ഈയിടെ ഒരിക്കൽ കൂടി തിരിച്ചുപോയി. അത് കുട്ടനെ കണ്ടപ്പോഴാണ്. എന്റെ പഴയ സതീർത്ഥ്യൻ. അന്ന് ഏറ്റവും കുഞ്ഞനായിരുന്നു കുട്ടൻ. പാത്രത്തിനു ചുറ്റുമുള്ള പരാക്രമത്തിനിടയിൽ അന്നൊരിക്കൽ ഈ കുട്ടൻ ഉപ്പുമാവുപാത്രത്തിൽ വീണുപോയി. കണക്കുമാഷ് ഉപ്പുമാവിൽ നിന്ന് പാറ്റയെ എടുക്കുന്നതുപോലെ കുട്ടനെ പിടിച്ചുയർത്തി പൊതിരെ തല്ലി. ഞങ്ങൾ ബാല്യകാല കഥകൾ പറഞ്ഞു ചിരിച്ചുകൊണ്ടിരിക്കെ പെട്ടന്ന് ഉപ്പുമാവു സംഭവത്തിലേക്ക് സംഭാഷണം വഴുതി. കുട്ടന്റെ ചിരി മാഞ്ഞു . വീണു പോയതെന്റെ കുറ്റമാണോ ? വീണുപോയവനെ ശിക്ഷിക്കാമോ ? ഉപ്പുമാവിനെ ഞാൻ വെറുക്കുന്നു. കുട്ടൻ പിന്നീടൊന്നും പറയാതെ യാത്രയായി.

നമുക്കിടയിൽ രോഗത്തിലും ദാരിദ്ര്യത്തിലുമൊക്കെ വീണവർക്ക് കുട്ടന്റെ ചോദ്യമുണ്ട്. വീണുപോയതിന്റെ കുറ്റമാണോ ? വീണുപോയവനെ ശിക്ഷിക്കാമോ? വീണുപോയവനെ രക്ഷിച്ച സ്നേഹമാണ് ഈശോ. ദാരിദ്യം വിളമ്പിയ ജീവിതമേശയിൽ ക്രിസ്തുസ്നേഹം കണ്ട പുനരൈക്യ ശില്പി മാർ ഈവാനിയോസ് പിതാവ് നമുക്കായി വിളമ്പിയത് ത്യാഗം നിറഞ്ഞ ജീവിതമാണ്

നാം ദൈവസുതൻമാരാവാൻ ആയുഷ്ക്കാലത്തിൽ

ചൊല്ലിത്തന്ന താതരെയോർക്കേണം

ആ ഓർമ്മകൾ നമ്മുടെ വിശ്വാസ കരുത്താണ്. വീണുപോയവരെ ഇന്നു നമുക്ക് താങ്ങിയെഴുന്നേൽപിക്കാൻ കഴിയുന്നുവെങ്കിൽ നാളെയുടെ മക്കൾക്ക് ജീവിതക്കരുത്താകും ഇന്നിന്റെ സംഭവങ്ങൾ.

malalankaralibrary.com



വിശുദ്ധം

ചെങ്കല്ലിന്റെ നിറമുള്ള കുരിശിന്റെ നടുവിൽ നീലക്കണ്ണുപോലുള്ള ഒരു മുത്തുണ്ട്. വീൽചെയറിന്റെ വശത്തായുള്ള പടിയിൽ അവർ അത് ഒട്ടിച്ചുവയ്ക്കുകയാണ് "സിസ്റ്ററേ" വിളിഉയർന്നു . അൾത്താരയിലെ വിരിയുടെ മുകളിൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധ മാണെന്നവർ ചുവന്ന ചായം കൊണ്ട് എഴുതിക്കഴിഞ്ഞിരിക്കുന്നു. "എനിക്കു നിൽക്കാനാ വാത്തതുകൊണ്ട് എന്നെക്കൊണ്ടാണിത് എഴുതിച്ചത്." സിസ്റ്റർ പൊട്ടിച്ചിരിച്ചു. "നീയേതാ കുഞ്ഞേ?" "ഒരു മരപ്പണിക്കാരനാണ്." "ഈശോയും മരപ്പണിക്കാരനായിരുന്നു. മദറിനെ കാണാൻ വന്നതാണോ?" "അല്ല സിസ്റ്ററിനെ കാണാൻ വന്നതാണ്." "ഇരിക്കു എന്നെ കാണാൻ ആരും അങ്ങനെ വരാറില്ല." ജനാലയ്ക്കപ്പുറം ഗുൽമോഹറിന്റെ ചുവന്ന പൂക്ക ളുണ്ട് .ഒരു കുരിശിൽ നിന്നൊഴുകുന്ന ചോരപോലെയുള്ള പുക്കൾ.

പുറത്തെ ഗുൽമോഹറിന്റെ പുക്കളിൽ തൊട്ട് ചായമെടുത്ത് അൾത്താരയിൽ എഴുതി യതു പോലെയുള്ള അക്ഷരങ്ങൾ. **നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്** മരപ്പണിക്കാര ൻ ചിരിച്ചു. "സിസ്റ്ററേ ഏതു സ്ഥലമാണ് പരിശുദ്ധമല്ലാത്തത്?" സിസ്റ്റർ ഉദ്വേഗതയോടെ അന്വേഷിച്ചു. "എല്ലാം പരിശുദ്ധമെങ്കിൽ പാപികളും ചുങ്കക്കാരും ആരാണ്?" "കാളകളും ആടുമാടുകളും നിറഞ്ഞ ദൈവാലയങ്ങൾ. അവിടെ മനുഷ്യപുത്രന്റെ വഴി അടയ്ക്കപ്പെടു മ്പോൾ വിശുദ്ധമായവ അശുദ്ധമാകുന്നു. മനസ്സുകൾ വഴിയടയ്ക്കുമ്പോൾ മനുഷ്യപുത്രനെ തിരിച്ചറിയാതെ പോകുന്നു." "കുഞ്ഞേ നീ മരപ്പണിക്കാരനോ കർത്താവോ?", "എല്ലാവരിലും ദൈവമില്ലേ?" പൊട്ടിച്ചിരിയോടെ അദ്ദേഹം ചോദിച്ചു. ഗുൽമോഹറിന്റെ പൂക്കളുടെ നിറം മങ്ങി. അൾത്താരയിലെ അക്ഷരങ്ങളുടെ നിറവും. "കർത്താവ് മരപ്പണിക്കാരനല്ലേ?." "അതേ, മനുഷ്യരെ മരങ്ങളെപ്പോലെ കണ്ടവനെ പണിതെടുത്ത് മനുഷ്യനെ മനുഷ്യനായി കാണു വാൻ പഠിപ്പിച്ചവൻ," സന്ധ്യാപ്രാർത്ഥനയുടെ മണിനാദം മുഴങ്ങി. "കുഞ്ഞേ എനിക്ക് പ ള്ളിയിൽ പോകണം."

'പോകുംമുമ്പേ പറയു. സിസ്റ്ററിന്റെ പേരെന്താണ്?" "നടുക്കത്തോടെ സിസ്റ്ററാലോചി ച്ചു. തന്റെ പേരെന്താണ്? തലയിലിടിച്ചു നോക്കി. ഗുൽമോഹറിന്റെ പൂക്കൾ പോലെ കണ്ണു ചുവക്കുവോളമാലോചിച്ചു. തന്റെ പേരെന്താണ്? പ്രാർത്ഥനമുറിയിലേക്കും പഠനമുറിയി ലേക്കുമെല്ലാം തന്നെ എത്തിക്കുന്ന വീൽചെയറിന്റെ പേരറിയാം. കോൺവെന്റ്. പക്ഷേ തന്റെ പേരെന്താണ്. ഒടുവിൽ മരപ്പണിക്കാരനോടു പറഞ്ഞു." എന്റെ പേര്.... എന്റെ പേര്... എല്ലാവരുടെയും സിസ്റ്റർ. അതല്ലേ ഞാൻ.... അല്ലാതെ ഞാനാരാണ് ?" പച്ചവെള്ളത്തിൽ മുക്കിയിരുന്ന ബ്രഷെടുത്ത് മരപ്പണിക്കാരൻ തന്റെ വിലാപ്പുറത്തെ ചോര തൊട്ടെടുത്തു. പിന്നെ അൾത്താരയിലും അവരുടെ നെറ്റിയിലും എഴുതി **വിശുദ്ധം.** അവനെടുത്ത ശുചീ കരണത്തിന്റെ ഗ്ലാസുകളിലെ ജലത്തിലേക്ക് ബ്രഷ് തിരികെ വീണു. അപ്പോൾ പച്ച വെള്ള ത്തിന് വീഞ്ഞിന്റെ നിറമായി മരപ്പണിക്കാരൻ കുരിശിന്റെ നീലക്കണ്ണുകളിൽ അപ്രത്യക്ഷ മായി . വാനവിതാനം ചോരയിൽ കുതിർന്നു.

malalankaralibrary.com



ഷെയിം

കടലിന്റെ തീരത്ത് ജനം തമ്പടിച്ചിരുന്നു .കേൾക്കാനിമ്പമുള്ള പ്രബോധനങ്ങൾ കേൾക്കാനെത്തിയവരാണവർ . **അത്ഭുതം നടക്കുവാൻ പോകുന്നു** . സ്തുതിയും പിരിവും പാട്ടും മുറുകുമ്പോൾ കണ്ണടച്ചിരുന്ന ജനം കടലിലേക്കുമാത്രം നോക്കി. ചിലർ കരഞ്ഞുകൊണ്ട് കടലിലേക്ക് ചാടുവാൻ തുനിഞ്ഞു. കൂടെയുള്ളവർ പിടിച്ചു നിറുത്തി. **വിഷമിക്കാതിരിക്കൂ ഇന്ന് അത്ഭുതം നടക്കും** സാക്ഷ്യങ്ങൾപൊഴിഞ്ഞു **എനിക്കെല്ലാം അതായിരുന്നു. ഞാൻ ജീവിച്ചതത്രയും അതിനായിട്ടായിരുന്നു.** ഒരാൾ പുലമ്പി. **ഇന്ന് അത്ഭുതം നടക്കും.** അപരൻ അശ്വസിപ്പിച്ചു. ഒരു നേഴ്സറി ക്ലാസ്സിന്റേതു പോലെ അർത്ഥമില്ലാത്ത ബഹളങ്ങൾക്കിടയിൽ ജനമെല്ലാം ഒറ്റശബ്ദത്തിൽ പറഞ്ഞു.

നമുക്കായിട്ടിതാ അത്ഭുതം! തിരകളിൽ ഓരോ പന്നിയും കയറിവരുന്നു. നമ്മുടെ പന്നികൾ! അവർ വിതുമ്പി. കിഴക്കാംതുക്കായ നിരത്തിലൂടെ പന്നികൾ അവരുടെ ഇടയിലേക്കു വന്നു. പന്നികളെ അവർ ചുംബിച്ചു. പ്രസവവാർഡിനു മുമ്പിൽ നിൽക്കുന്നവൻ ആദ്യത്തെ കൺമണിയെ കാണുന്ന സന്തോഷത്തോടെ അവർ പന്നികളെ കണ്ടു. ഓരോ പന്നിയും ഓരോ അശുദ്ധാത്മാവിനെ ഉടയവനു തിരികെ നൽകിയിട്ട് അൽപം അകലെയായിട്ട് പന്നിക്കുട്ടമായി മാറി. **അവ മേയുവാൻ തുടങ്ങി.**

ആർക്കും പൊതുവഴി സഞ്ചരിക്കാൻ കഴിയാത്തവിധം അപകടകാരികളായി ഉടയവൻമാർ ശവക്കല്ലറകളിലേക്കു തിരികെക്കയറി അട്ടഹസിച്ചു. പരസ്പരം ആക്രമിച്ചു. **ദൈവപുത്രാ ഇനിമേലിൽ ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടരുത്** .ഇടയ്ക്കിടെ ഒരു പ്രാർത്ഥനപോലെയവർ മന്ത്രിച്ചു . ഗദറായരുടെ ദേശം വേദപുസ്തകത്തിൽ നിന്നിറങ്ങി ഭൂമിമുഴുവൻ പരന്നു. പന്നികൾ **ഷെയിം** പറയുന്ന സംസ്ക്കാരം ഏറ്റുവാങ്ങി **ഉടയവർ** എല്ലാം മറന്ന് അട്ടഹസിച്ചുകൊണ്ടേയിരിക്കുന്നു.തിരകൾക്കു മീതെ കടന്നുവന്ന് **വിശ്വാസമില്ലാത്തവരേ** എന്നവൻ വിളിച്ചു. സ്നേഹമഴയിൽ കുതിർന്നു പറഞ്ഞു. **കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.** തിര കേട്ടു, കര കേട്ടു, പന്നികൾ കേട്ടു, **മനുഷ്യനോ?.**

malalankaralibrary.com



മിഴാവ്

മിഴാവുകൊട്ടാൻ മറന്നുപോയ മഴയെ പരിഹസിച്ചതു കൊണ്ടാവാം ഒരു തുള്ളൽക്കഥയുടെ താളമൊരുക്കി എന്റെ ജാലകത്തിനപ്പുറം മഴ തിമിർത്താടുകയാണ്. മഴയെ നോക്കിയിരിക്കുമ്പോൾ കുഞ്ഞാപ്പു എന്റെ ഓർമ്മയിലെത്തുന്നു. എന്റെ ബാല്യകാല ചങ്ങാതി. ഇപ്പോൾ തേങ്ങാവെട്ടുകാരനാണ്. മഴക്കാലത്ത് അന്ന് സ്കൂളിൽ ചങ്ങാതി വന്നിരുന്നത് ഒരു തുണ്ടു വാഴയിലയുടെ കുടചൂടിയിട്ടായിരുന്നു. സായാഹ്നത്തിൽ പുസ്തകമെടുത്ത് വയറിനു മുകളിൽ വച്ച് ബട്ടൺസിട്ടിട്ട് ഒറ്റ നടപ്പാണ്. കമുകിൻ തലപ്പുകൾ ഭ്രാന്തിയെപ്പോലെ മുടിയഴിച്ചാടി മഴയ്ക്കൊപ്പം താളം തുള്ളുമ്പോൾ ഞങ്ങൾ കൈ കെട്ടിയുള്ള നടത്തം ഒഴിവാക്കിയില്ല. തല നനഞ്ഞാലും പുസ്തകം നനയരുത്. ഋതുഭേദങ്ങൾക്കൊപ്പം ഞങ്ങളുടെ ജീവിതത്തിന്റെ താല്പര്യങ്ങളും മാറിവന്നിരുന്നു.

ഉപ്പേരി നിറവുമായി വെയിൽ പരക്കുമ്പോൾ കൊഴിഞ്ഞു വീഴുന്ന കമുകിൻ പാളത്തലപ്പുകൾ ഞങ്ങൾക്കു വാഹനമാകും. കുഞ്ഞാപ്പുവിനെ പാളയിലിരുത്തി ഇത്തിരി ദൂരം പാളത്തലപ്പു വലിച്ചുകൊണ്ടു ഞാൻ വരും. ഒത്തിരി ദൂരം കുഞ്ഞാപ്പു എന്നെയും വലിച്ചുകൊണ്ടു പോകും. ഈ അദ്ധ്വാനത്തിനു പിന്നിൽ ഒരു പ്രേരക ശക്തിയുണ്ട്. വല്ല്യപ്പച്ചൻ തന്നിരുന്ന പണം കൊണ്ട് മിഠായി വാങ്ങിക്കുമ്പോൾ ഒരു കേന്ദ്രവിഹിതം ഞാൻ കുഞ്ഞാപ്പുവിന് കൊടുത്തിരുന്നു. മിഠായി കൊടുത്ത് കുഞ്ഞാപ്പുവിനെ വിലയ്ക്കെടുത്തിരുന്നു! കുഞ്ഞാപ്പു, താറാവിനെ തീറ്റുന്നവർ കൂട്ടമായി നാട്ടിലെത്തുമ്പോൾ വയലിൽ അവർക്കു പിന്നാലെ അലഞ്ഞു തിരിഞ്ഞു നടക്കുമായിരുന്നു. എന്തിനെന്നു ചോദിച്ചാൽ മുട്ടപെറുക്കാനാണെന്നായിരുന്നു മറുപടി. നാട്ടിൽ മുളയ്ക്കാത്ത പുളുവും കുഞ്ഞാപ്പു പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം നൂറു മുട്ട ഞാൻ പുഴുങ്ങിത്തിന്നു.

അങ്ങനെയങ്ങനെ പലതും! കുഞ്ഞാപ്പു അന്നു തോട്ടിലേക്കു വിളിച്ച് ഒരു അത്ഭുതം കാട്ടി. വെള്ളം കോരി മുകളിലേക്കൊഴിക്കും. എന്നിട്ടത് വായിൽ പിടിച്ചു കുടിക്കും. **എന്താ കുഞ്ഞാപ്പു ഇങ്ങനെ കാട്ടണത്?** *പള്ളിക്കൂടത്തിന്റെ മുമ്പിൽ കാശുകൊടുത്ത് നിങ്ങൾ ഐസു വാങ്ങിക്കത്തില്ലേ?* **ആ ഐസ് കാശുകൊടുക്കാതെ ഞാനുണ്ടാക്കിയതാ...** *കുഞ്ഞാപ്പൂ... നീയാണെടാ... ശാസ്ത്രജ്ഞൻ!* ഞങ്ങളും വെള്ളം മുകളിലേക്കു ചെപ്പി വായിൽ പിടിച്ച് ഐസെന്നു പറഞ്ഞ് കലക്കവെള്ളം കുടിച്ചു. വർഷങ്ങൾക്കുശേഷം ഏണിയും വെട്ടുകത്തിയുമായി പോകുന്ന കുഞ്ഞാപ്പു എന്നെ കണ്ടു. കാറു നിർത്തിയപ്പോൾ കുഞ്ഞാപ്പു ചീത്ത വിളിച്ചു. ഞാനും വിളിച്ചു. ഒടുവിൽ പൊട്ടിച്ചിരിയോടെ കുഞ്ഞാപ്പു പറഞ്ഞു. **നീ മാറില്ല.... ചീത്തവിളിച്ചപ്പം തിരിച്ചുവിളിച്ചല്ലോ.... എന്നോടു സ്നേഹമുണ്ട്. കുഞ്ഞാപ്പൂനെ മറന്നില്ല.** അന്നുച്ചയ്ക്ക് കുഞ്ഞാപ്പൂവിനൊപ്പം കപ്പയും ചാളയും കഴിക്കുമ്പോൾ പറഞ്ഞു. **കുഞ്ഞാപ്പൂ....നമ്മളെയൊക്കെ കൂട്ടിക്കെട്ടുന്ന എന്തൊക്കയോ നൂലുകൾ തമ്പുരാൻ എല്ലാ കാലങ്ങളിലും കൊരുത്തിട്ടിട്ടുണ്ട്.** കുഞ്ഞാപ്പു പൊട്ടിച്ചിരിച്ചിട്ട് ചീത്ത വിളിച്ചു. ഞാൻ മറുപടി പറഞ്ഞില്ല. അങ്ങനെ ഞങ്ങൾ പിരിഞ്ഞു. ഇപ്പോൾ ഞാനവനെ മഴനൂലിൽ കെട്ടിയിട്ടിരിക്കുന്നു. നാളെയോ?

malalankaralibrary.com



സൈക്കിൾ യജ്ഞം

ചന്തയോടു ചേർന്നുള്ള പറമ്പിലാണ് സൈക്കിൾ യജ്ഞം. ഞങ്ങളുടെ ഗ്രാമത്തിലുള്ളവരുടെയെല്ലാം ആശ്രയമാണ് ഈ അന്തിച്ചന്ത. വീട്ടിലേക്ക് കപ്പയും മണ്ണെണ്ണയും വാങ്ങുവാനായിട്ട് പണവും തന്ന് അമ്മ അയച്ചു. പതിവിലും ഉത്സാഹത്തോടെയാണ് വട്ടിയും മണ്ണെണ്ണക്കുപ്പിയുമായി ഇറങ്ങിയത്. സിനിമാപ്പാട്ടിനൊപ്പമുള്ള നൃത്തവും സൈക്കിളും വളയവും ഉപയോഗിച്ചുള്ള അഭ്യാസങ്ങളും തമാശനാടകങ്ങളും എല്ലാം കൂടിച്ചേരുന്ന നാട്ടിൻപുറത്തെ റിയാലിറ്റിഷോയായിരുന്നു സൈക്കിൾ യജ്ഞം. അക്കാലത്ത് ടി.വി. നമ്മുടെ നാട്ടിൽ വന്നിട്ടില്ല.

കുട്ടികളൊക്കെ വലിയ ആരാധനയോടെയാണ് സൈക്കിൾ യജ്ഞക്കാരെ കണ്ടിരുന്നത്. ഉച്ചഭാഷിണിയിലൂടെ ഒഴുകി വരുന്ന പാട്ട് അക്കാലത്തൊരു ശല്യ്യമായിരുന്നില്ല. ആനന്ദം നിറഞ്ഞ അനുഭവമായിരുന്നു. വട്ടത്തിൽ കെട്ടിയിട്ടുള്ള കയറിനിപ്പുറം വട്ടിയും മണ്ണെണ്ണക്കുപ്പിയും വച്ച് എല്ലാം മറന്ന് ഞാനിരുന്നു. ഇടയ്ക്കൊരു പ്രഖ്യാപനമെത്തി. ചുറുചുറുക്കുള്ള രണ്ടു കുട്ടികൾ ഗ്രൗണ്ടിലേക്ക് വരണം. മണ്ണെണ്ണക്കുപ്പിയും വട്ടിയും കളഞ്ഞിട്ട് ഞാൻ ഗ്രൗണ്ടിലേക്കു ചാടി. എന്നോടൊപ്പം വേറൊരുത്തനും. ഞങ്ങളെ അവിടെ പിടിച്ചിരുത്തിയിട്ട് സൂപ്പർ കൃഷ്ണൻകുട്ടിയെന്ന യജ്ഞത്തിലെ താരം കഥാപ്രസംഗം അവതരിപ്പിക്കാൻ തുടങ്ങി. സിനിമാപ്പാട്ട് പാടുമ്പോൾ ഞങ്ങളുടെ തലയിൽ താളം പിടിക്കും. ഞങ്ങളിപ്പോൾ തബലകളാണ്. തലയിൽ താളം പിടിക്കുമ്പോൾ ആളുകൾ ചിരിച്ച് കൊണ്ടിരിക്കയാണ്. എന്റെയുള്ളിൽ പെട്ടെന്ന് മണ്ണെണ്ണക്കുപ്പിയുടെയും അത്താഴത്തിനു കൊണ്ടു ചെല്ലേണ്ട കപ്പയുടെയും കാര്യം മിന്നലായി ഓളം വെട്ടി. ഒരു തബലയ്ക്ക് അങ്ങനെ എഴുന്നേറ്റുപോരാൻ പറ്റുമോ?

സൂപ്പർ കൃഷ്ണൻകുട്ടി കഥാപ്രസംഗം തകർക്കുകയാണ്.ഗ്രൗണ്ടിൽ വീഴുന്ന നാണയങ്ങളൊക്കെ മറ്റുള്ള യജ്ഞ താരങ്ങൾ പെറുക്കിയെടുക്കുകയാണ്.കഥാപ്രസംഗം കഴിഞ്ഞപ്പോൾ ഇപ്പുറം ചാടി മണ്ണെണ്ണക്കുപ്പിയും വട്ടിയുമെടുത്ത് ചന്തയിലേക്കോടി. ഇരുട്ടു പരക്കുന്ന അന്തിച്ചന്തയിൽ കച്ചവടക്കാരെല്ലാവരും മടങ്ങിയിരിക്കുന്നു. വീട്ടിൽ ചെന്നിട്ടെന്തു പറയും? വീട്ടിലേക്കല്ലാതെ എങ്ങോട്ടുപോകാൻ. വീട്ടിലെത്തിയപ്പോൾ മുറ്റത്ത് അമ്മ നിൽപ്പുണ്ട്. ഇരുട്ടിലും വ്യക്തമായി ഞാൻ കണ്ടു. അമ്മയുടെ കയ്യിൽ എന്നെ സ്ഥിരം തല്ലാനുപയോഗിക്കുന്ന ചൂരൽ. അപ്പോൾ ഉച്ചഭാഷിണിയിലൂടെ ഒഴുകിവന്നിരുന്ന സിനിമാഗാനം ഇതാണെന്നാണോർമ്മ.

നക്ഷത്രദീപങ്ങൾ തിളങ്ങി

നവരാത്രി മണ്ഡപമൊരുങ്ങി.....

ലക്ഷ്യം മറക്കുമ്പോൾ ആരെങ്കിലും നന്മയിലേക്ക് തിരിക്കുന്നുവെങ്കിൽ അവർക്കെല്ലാം അമ്മയുടെ സ്ഥാനം നൽകാം

malalankaralibrary.com



നാടകമേ ഉലകം

ഓടയുടെ അരുകിലെ കൂരയിൽ രാജ്ഞിയാണ് നാടക നടി ശാരദ. പട്ടിണി, പട്ടയം കിട്ടിയ നാലുവയറുകൾക്ക് അന്നദാതാവാകുന്ന ഹാസ്യനടി. ആടിനു തൂപ്പൊടിക്കുവാൻ പ്ലാവിൽ ഒരു പെരുമഴക്കാലത്ത് കയറിയ അവളുടെ ഭർത്താവ് വീണത് അയാളുടെയും കുടുംബത്തിന്റെയും നട്ടെല്ല് തകർത്തുകൊണ്ടാണ്. ചോദ്യചിഹ്നമായി കട്ടിലിൽ കിടക്കുന്ന ഭർത്താവിന് പകരമായി ശാരദ കുടുംബഭാരം ഏറ്റെടുത്തു. നാടക നടിയുടെ ജീവിതവേഷമെന്ന ഭാവം. പറക്കമുറ്റാത്ത കുഞ്ഞുങ്ങളെ ഭർത്താവിനെ കാവലേൽപ്പിച്ച്, ഭർത്താവിന് കുഞ്ഞുങ്ങളെ കാവലേൽപ്പിച്ച് നാടകവണ്ടിയിൽ കയറി യാത്രയാകുമ്പോൾ ഹാസ്യനടിയുടെ മനസ്സ് മുഖം മൂടിയണിയാതെ വിതുമ്പും.

ശാരദ അഭിനയിക്കുന്ന നാടകത്തിന്റെ ടിക്കറ്റുമായിട്ടാണ് അവർ വന്നിരിക്കുന്നത്. *ഞാൻ നാടകം കാണാറില്ല. ടിക്കറ്റുവേണ്ട.* **പക്ഷേ മഹത്തായ ഒരു ലക്ഷ്യം ഈ ടിക്കറ്റിനു പിന്നിലുണ്ട്. ജീവകാരുണ്യ പ്രവർത്തനം പാവങ്ങളുടെ കണ്ണീരു തുടയ്ക്കാൻ ഒരു ടിക്കറ്റ്.** പേഴ്സെടുത്തു. നൂറുരൂപായുടെ ഒരു നോട്ടു മാത്രമുണ്ട്. **കൂട്ടത്തിലെ ഏറ്റവും ചെറിയ ഒരു ടിക്കറ്റുതാ.....** അമ്പതുരൂപായുടെ ഒരു ടിക്കറ്റും അമ്പതുരൂപായുടെ ഒരു രസീതും മിഴിച്ചു നിൽക്കുന്ന എന്റെ കയ്യിൽ തന്നിട്ടവർ ഇറങ്ങി. കൂട്ടത്തിലാരോ പറഞ്ഞു. സീസറിനുള്ളതും ദൈവത്തിനുള്ളതും കൂടിയാ ചേട്ടൻ തന്നത്. പൊട്ടിച്ചിരിച്ചുകൊണ്ടവർ ഇറങ്ങിയപ്പോൾ ചിരിക്കണോ കരയണോയെന്നറിയാത്ത സ്ഥിതിയിലായിരുന്നു ഞാൻ.

പടി കടന്നവൾ വരുന്നു. ഹാസ്യനടി ശാരദ. **നിങ്ങളുടെ നാടകത്തിന്റെ ടിക്കറ്റ് ഞാനെടുത്തിട്ടുണ്ട്** നിറം മങ്ങിയ ചിരിയോടവൾ പറഞ്ഞു. **ചേട്ടന് തീരെ വയ്യ. ഇത്തിരി കാശു കിട്ടിയിരുന്നെങ്കിൽ.** ശൂന്യമായ പേഴ്സെടുത്തുകാട്ടി. അവളുടെ കണ്ണുകളിലെ പ്രതീക്ഷയുടെ നാളങ്ങൾ കരിന്തിരിയായി. പടികടന്നവൾ പോകുന്നു. ദാരിദ്ര്യം വിതച്ച ജീവിതവയലിൽ ഞാറുനടുന്നവൾ.

നാട്ടുവഴിയിലൂടെ ചെമ്മണ്ണു പറപ്പിച്ച് അന്നൊരു ജീപ്പ് വന്നു. ജീപ്പിന്റെ തലയിലിരുന്ന പെട്ടികൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞതു കേട്ടു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നടത്തപ്പെടുന്ന നാടകം. മദ്യഷാപ്പിന്റെ അരുകിൽ ശബ്ദം നിലച്ചു. വീണ്ടും മദ്യഷാപ്പിന്റെ അരുകിൽ നിന്ന് യാത്രയാകുമ്പോൾ പെട്ടി

malalankaralibrary.com

കൾ കൂട്ടക്ഷരങ്ങളെ തിരിച്ചറിയാൻ വളരെ ക്ലേശിച്ചു. സ്ഥാനത്തും അസ്ഥാനത്തും ഴ എന്ന അക്ഷരം ആധിപത്യം പുലർത്തി.

വീട്ടിൽ ചായയുണ്ടാക്കിയാലും നാട്ടിൻപുറത്തെ ചായക്കടയിൽ നിന്നൊരു ചായകുടിക്കുന്ന ശീലമുണ്ട്. മധുരമിടാത്ത ചായയുടെ മുമ്പിലിരിക്കുമ്പോൾ ചായയടിക്കുന്ന ചേട്ടൻ പറഞ്ഞു. **ഒന്നോർത്താൽ കിടന്നിട്ടും വിശേഷമില്ല.** *എന്തുപറ്റി ചേട്ടാ?* **നാടകനടി ശാരദേടെ കെട്ടിയോൻ ചത്തു. എത്ര കാലമായിട്ടു കിടക്ക്വാ? പോയതു നന്നായി.**

പുറമ്പോക്കിലെ കൂരയിൽ **എത്തി** പഞ്ചായത്തു മെമ്പർ കാതിൽ പറഞ്ഞു. **ആരോരുമില്ലാത്തവരാ.... നാട്ടുകാരെല്ലാം കൂടൊന്നു സംഘടിച്ചെങ്കിലേ ശവം അടക്കാൻ പറ്റൂ. ചേട്ടനും എന്റെ കൂടെ വാ** പൊതു ശ്മശാനത്തിലേക്കുള്ള യാത്രയ്ക്കിടയിൽ ഹാസ്യനടി ശാരദയ്ക്കൊപ്പം പറക്കമുറ്റാത്ത രണ്ടു കുഞ്ഞുങ്ങളും നടന്നു. കരയണോ ചിരിക്കണോയെന്നറിയാത്ത നിർവ്വികാര ഭാവവുമായി പുറമ്പോക്കിന്റെ രാജകുമാരി കുരയിലെത്തിയപ്പോൾ അവരുണ്ടായിരുന്നു.

മദ്യ ഷോപ്പിൽ നിന്നു വന്ന ജീപ്പ് ശബ്ദമുണ്ടാക്കാതെ വഴിയോരത്ത് ഒരു മൃഗത്തെപ്പോലെ കിടന്നു. **നാട്ടുകാരുടെ കാശു പിരിച്ച് നാടകം നടത്താനിറങ്ങിയവരാ ഞങ്ങൾ. ഇന്നു നാടകം നടന്നില്ലെങ്കിൽ നാട്ടുകാർ ഞങ്ങളെ വച്ചേക്കില്ല. മരണവും ജനനവുമൊക്കെ ജീവിതത്തിന്റെ ഭാഗമാ. ഭർത്താവ് മരിച്ച നിന്നോട് അഭിനയിക്കാൻ പറയാൻ നാടക മുതലാളിക്ക് പ്രയാസം. ഞങ്ങൾക്ക് പ്രയാസപ്പെടാൻ പറ്റില്ല. നാടകം നടന്നേ പറ്റൂ.**

കാളക്കൂറ്റനെപ്പോലെ മുക്രയിട്ട് ജീപ്പ് ചലിച്ചു. ജീപ്പിനുമുകളിലെ പെട്ടി മുറിവേറ്റ മൃഗത്തെപ്പോലെ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. നാടകസ്ഥലത്ത് അന്ന് ശാരദയെന്ന ഹാസ്യനടിയെത്തിയത് ഏങ്ങലടിച്ചു കരയുന്ന രണ്ടു മക്കളെയും ചേർത്തു പിടിച്ചാണ്. അരങ്ങിൽ ഹാസ്യനടിയുടെ നാവിന്റെ തുമ്പിൽ നിന്ന് തീ തുപ്പി. പൊട്ടിച്ചിരികളുടെ വെടിക്കെട്ടുയർന്നു. അവളുടെ മനസ്സു ചോദിച്ചു. കരയണോ? ചിരിക്കണോ? ചിരിയോടുചിരിയുമായിരിക്കുന്ന സമൂഹത്തിനു മുമ്പിൽ തിരശ്ശീല വീഴാത്ത നാടകത്തിലെ നടിയുടെ മനസ്സ് സംസാരിച്ചുകൊണ്ടേയിരിക്കുന്നു. സമൂഹം ചിരിച്ചു കൊണ്ടേയിരുന്നു.

●

malalankaralibrary.com

കറുപ്പിലും വെളുപ്പിലും
അവൻ വരച്ച ജീവിതങ്ങൾക്ക്
ഇത്തിരി നിറം ചാലിച്ചാൽ
അതല്ലേ സുഹൃത്തേ
നമ്മുടെ ജീവിതലക്ഷ്യം
കുറെ ശിഥിലചിന്തകൾ
കുറേ നർമങ്ങൾ
കുറേ ജീവിതങ്ങൾ



ഫാ. വർഗീസ് സാമുവൽ

malalankaralibrary.com